എന്തായിരിക്കും അതിന്റെ റിയൽ ഇംപാക്ട് എന്നു പറയാൻ കഴിയുകയില്ല. പിന്നെഇവിടത്തെ വില വർദ്ധനവിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയല്ല. 45% തന്നെയാണ് ഉണ്ടായിട്ടുള്ളത്. അത് കണക്കുദ്ധരിച്ചാണ് ഞാനിവിടെ പറഞ്ഞിട്ടുള്ളത്. വിലക്കയറ്റം ഉണ്ടാകാതിരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെൻറ് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യും, അക്കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ സഹായത്തിനുവേണ്ടി ആവശ്യപ്പെടുകയും ചെയ്യും.

IV റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ കേരള മോട്ടോർ വാഹനനികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഞാൻ പിന്താങ്ങുന്നു.

കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VI നിയമനിർമ്മാണ കാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, സബ ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരള ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Shri K.G.R. Kartha: Sir, I move that the Kerala Preservation of Trees Bill, 1984 as reported by the Subject Committee be recommitted to the same Subject Committee. കേരള പ്രിസർവേഷൻ ഓഫ് ട്രീസ്സ് ബില്ലിലെ കാര്യങ്ങൾ വീണ്ടും പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. 4-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പരിശോധിക്കുവാൻ ആതറായിസ്ഡ് അതോറിറ്റീസ് ആരാണ്. ഇതിൽ 10 ഇനം വൃക്ഷങ്ങൾ മുറിക്കുന്നതിന് അതോറിറ്റിയുടെ അനുവാദം ആവശ്യമാണെന്ന് പറയുന്നു. അതിൽ പറഞ്ഞിരിക്കുന്നത് 'not below the rank of a Ranger' എന്നാണ്. ഇത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. റെയിഞ്ചർ ഓഫീസിന്റെ വളരെ ദൂരെയുള്ള സ്ഥലങ്ങളിലെ തടികൾ മുറിക്കണമെങ്കിൽ സാധാരണക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാകും. 50-ഉം 60-ഉം കിലോമീറ്റർ ദൂരെ പോയി റെയിഞ്ചറെ സ്ഥലത്ത് കൊണ്ടുവന്ന് കാണിച്ച ശേഷമാണ് തടികൾ മുറിക്കാൻ. ചില ജില്ലയിൽ ഈ റെയിഞ്ചർ ഓഫീസ് പോലുമില്ല. ഉദാഹരണമായി ആലപ്പുഴ ജില്ലയിൽ എന്റെ അറിവിൽ വളരെ ദൂരെയാണ് ഓഫീസ്. അവർക്ക് ഒരു തേക്കുംതടി മുറിച്ചെടുക്കണമെങ്കിൽ അനേകം മൈൽദൂരം സഞ്ചരിച്ച് റെയിഞ്ചറെ കൊണ്ടുവന്ന് കാണിച്ച് അപേക്ഷ കൊടുത്തിട്ടുവേണം ചെയ്യാൻ. ഇത് ഭേദഗതി ചെയ്തുകൊണ്ട് 'not below the rauk of a Ranger' എന്നതിനു പകരം 'not below the rank of a Tahsildar' എന്നാക്കിയാൽ ജനങ്ങൾക്ക് വളരെയധികം പ്രയോജനം ലഭിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

[10 a.m.] അതുപോലെ അപ്പീൽ അതോറിറ്റികൾ ആരായിരിക്കണമെന്നുള്ളതിനെപ്പറ്റിയും എനിക്ക് അഭിപ്രായ വ്യത്യാസമുണ്ട്. ഒരു ഡിപ്പാർട്ടുമെന്റ് പരിശോധിക്കുന്ന കാര്യങ്ങളെപ്പറ്റി അവസാന അപ്പീൽ പരിഗണിക്കേണ്ടത് കോടതികളാണ്. ഗവൺമെന്റിനു വരാവുന്ന പാളിച്ചകളും, വീഴ്ചകളും തിരുത്തുന്നതിന് കോടതികൾ സഹായകരമാണ്. ഈ നിയമത്തിലെ 20-ാം വകുപ്പിൽ പറഞ്ഞിട്ടുണ്ട്. സിവിൽ കോടതിക്ക് യാതൊരു അധികാരവുമില്ലെന്ന്. അത് ദയവുചെയ്ത് പരിശോധിക്കണം. ഒരു തടി മുറിക്കുകയെന്നുള്ളതും, തൈ വയ്ക്കുകയെന്നുള്ളതും എതിനും, തൈ പിടിപ്പിക്കണമെന്നുള്ളതുമൊക്കെ മനുഷ്യന്റെ അവകാശമാണ്. സിവിൽ റൈറ്റിനെ ഛോദ്യം ചെയ്യാൻ കോടതിക്ക് അധികാരമില്ലെന്ന് പറയുന്ന ഈ വകുപ്പും ഒന്ന് പുനർ ആലോചിക്കേണ്ടതല്ലേ എന്ന് സഭ ചിന്തിക്കേണ്ടതായിട്ടുണ്ടെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇതിൽ അതിപ്രധാനമായ രണ്ടു മൂന്നു കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. മറൊരു കാര്യം 4-ാം വകുപ്പ് പാടേ പുനഃപരിശോധിക്കണമെന്നുള്ളതാണ്. അത് പരിശോധിക്കുമ്പോൾ അർത്ഥ ശൂന്യതയുള്ള പലതും അതിൽ കാണുന്നുണ്ട്. എന്റെ പുരയിടത്തിൽ അപകടകരമായി നിൽക്കുന്ന ഒരു വൃക്ഷം ഞാൻ മുറിച്ചു മാറ്റിയാൽ തൽസ്ഥാനത്ത് വീണ്ടും ഒരു വൃക്ഷം വയ്ക്കണം. അതായിരിക്കണം കണ്ടീഷൻ. സർ, ഈ അപകടം ഒഴിവാക്കാനല്ലേ ഈ മരം മുറിച്ച് മാറ്റുന്നത് ? വീണ്ടും ഒരു അപകടം ക്ഷണിച്ചു വരുത്തുന്നതിനുവേണ്ടിയുള്ള നിയമം ആരു കൊണ്ടുവന്നാലും അത് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. സർ, ഞാൻ അത് വായിക്കുകയാണ്.

Restriction regarding cutting etc. of trees :—(1) No person shall, without the previous permission in writing of the authorised officer, cut, uproot or burn any tree.

LIBRARY ARCHIVES Kerala Legislative Assembly

2. The permission under sub-section (i) shall not be refused if—

(a) the tree constitutes a danger to life or property; or (b) the tree is dead diseased or windfallen :

Provided that where permission to cut a tree is granted on the ground specified in clause (a) or clause (b), the authorised officer shall impose as a condition for the grant of such permission the effective regeneration of an equal number of the same or other suitable species or trees. ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. എന്റെ സ്നേഹിതൻമാർ പറഞ്ഞതുപോലെ ഇത് നാലാം വകുപ്പിൽ പറയുന്നുണ്ട്. ഇത് വീട്ടുമുറ്റത്തിനോ, ഒരു ഫെക്ടർ സ്ഥലത്തിനോ ബാധകമല്ലെന്ന് പറയുന്നുണ്ട്. എന്റെ വലിയ പുരയിടത്തിൽ റോഡിന്റെ അരികിൽ നിൽക്കുന്ന ഒരു അപകടകരമായ വൃക്ഷം ഞാൻ മുറിച്ച് മാറ്റുമ്പോൾ തൽസ്ഥാനത്ത് അതുപോലെ ഒരു അപകടകരമായ ഒരു വൃക്ഷം പത്ത് കൊല്ലത്തിനകം വളർത്തണമെന്ന്, പറഞ്ഞാൽ അത് നീതീകരിക്കാവുന്നതല്ല. അതുകൊണ്ട് അതുകൂടി ഒന്ന് പുനഃപരിശോധിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. മറ്റൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഈ തടി മുറിച്ചുകൊണ്ടുപോയാൽ വഴിയിൽവച്ച് പിടിച്ചെടുക്കുന്നതിന് അതോറൈസ്ഡ് ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ടെന്ന് പറയുന്നു. സാധാരണ അതു ചെയ്യുന്നത് ശരിയാണ്. പക്ഷേ തെറ്റായി, നിയമവിരുദ്ധമായി മുറിക്കുന്ന തടികൾ ബന്ധവസ് ചെയ്തത് കോടതിയിൽ ഹാജരാക്കേണ്ട ചുമതല, അതിന് നീതി തേടാനുള്ള ചുമതല എടുക്കുന്നവനും, തടി കൊണ്ടു പോകുന്നവനും ഒരേ നിലയിൽ കോടതിയിൽ ചെന്ന് എത്തിക്കേണ്ടതുണ്ട് എന്നുള്ളതിന് യാതൊരു തർക്കവുമില്ല. 13-ാം വകുപ്പിൽ മൂന്നാം ഉപവകുപ്പ് 'എ' യിൽ ഇപ്രകാരം കണ്ടുപിടിക്കുന്ന ആർട്ടിക്കിൾസ് കോടതിയിൽ എത്തിക്കണമെന്ന് അനുശാസിക്കുന്ന ആ ഭാഗം വളരെ ശരിയാണ്. അപ്പോൾ എത്തിക്കണമെന്ന് പറയുന്നില്ല. സർ, ക്രിമിനൽ നടപടി നിയമങ്ങൾ നമുക്ക് ധാരാളം അറിയാം. ക്രിമിനൽ നടപടി നിയമമനുസരിച്ച് ഒരു പൗരനെ അറസ്റ്റ് ചെയ്താൽ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്ന് നിയമം അനുശാസിക്കുന്നു. അതുപോലെ തന്നെ ഒരു വ്യാജ സാധനം കണ്ടെടുത്താൽ ഉടനെതന്നെ തൊട്ടടുത്ത കോടതിയിൽ ഹാജരാക്കുന്നതിനും ടൈം ലിമിറ്റ് പറഞ്ഞിട്ടുണ്ട്. ലോറിയിൽവച്ച് കയറ്റി കൊണ്ടുപോകുന്ന തടികൾ വഴിയിൽവച്ച് പിടിച്ചാൽ അത് ഉടനെ കോടതിയിൽ ഹാജരാക്കണം. ഒരു വർഷം കഴിഞ്ഞ് ഹാജരാക്കിയ കേസുകൾ ഈ രാജ്യത്തുണ്ട്. ഓർഡിനൻസ് പാസാക്കിയതിനുശേഷം വണ്ടിവിട്ടുകിട്ടാതെ എന്തെല്ലാം ബുദ്ധിമുട്ടുകൾ ഹൈക്കോടതിയിൽ പോകുന്നതായിട്ടുള്ള കേസുകൾ നമ്മുടെ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ മൂന്നാം വകുപ്പിലെ 'എ' ക്ലാസിൽ 24 മണിക്കൂറിനകം ഒരു പൗരന്റെ വസ്തുവക കണ്ടുകെട്ടിയാൽ അത് കോടതിയിൽ ഹാജരാക്കുന്ന നിയമം കർക്കശമായും ഉണ്ടായിരിക്കണമെന്നും പുനഃപരിശോധിച്ച് തീരുമാനിക്കണമെന്നുമാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ നാല് കാര്യങ്ങളെപ്പറ്റിയേ എനിക്ക് പറയാനുള്ളൂ. മൂന്നാം വകുപ്പും, നാലാം വകുപ്പും, 13-ാം വകുപ്പും, 20-ാം വകുപ്പും ഇത് സബ്ജക്ട് കമ്മിറ്റി ഒന്നുകൂടി പുനരാലോചിച്ച് വീണ്ടും ഭേദഗതി ചെയ്യണമെന്ന് പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

Shri K. Chandrasekharan : Sir, on behalf of Shri K. J. George.

I move that the Kerala Preservation of Trees Bill, 1984 as reported by the Subject Committee be circulated for obtaining public opinion.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ നിയമത്തിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇതിന്റെ പ്രയോജനം എത്രയുണ്ടാകുമെന്നുള്ളതിനെക്കുറിച്ച് ഞാൻ വളരെയധികം സംശയിക്കുന്നുണ്ട്. അതുകൊണ്ട് കുറെ നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടായെന്നുവരും. സർക്കാരിന് കൂടുതൽ ചിലവ് ഉണ്ടായെന്നുവരും. അതിനെല്ലാം പുറമേ, ഇത് പ്രോത്സാഹിപ്പിക്കുന്നതായിട്ടുള്ള, നമ്മൾ ഇല്ലാതാക്കേണ്ടതായിട്ടുള്ള മറെറാരു സംഗതി ഇത് പ്രോത്സാഹിപ്പിക്കും, അത് അഴിമതി കൈക്കൂലിയാണ്. സർ, ഇന്നത്തെ നിയമങ്ങളുടേയും, റൂളുകളുടേയും ഒരു പ്രത്യേകത പലപ്പോഴും അഴിമതിയും, കൈക്കൂലിയും ഒക്കെ വർദ്ധിപ്പിക്കുന്നുയെന്നുള്ളതാണ്, ഈ ഒരു ഗവൺമെന്റ് പരിശോധിക്കുന്നില്ല. ഞാൻ ഇതു വിട്ടിട്ട് എല്ലാവരുടേയും മുമ്പിലുള്ളതായിട്ടുള്ള ഒരു ഉദാഹരണം പറയാം. സർ, ഇന്ന് മോട്ടോർ വെഹിക്കിൾസ് നിയമപ്രകാരം 15 കൊല്ലത്തിൽ കൂടുതൽ പഴക്കം ഉള്ളതായിട്ടുള്ള വാഹനങ്ങളെല്ലാം റീ രജിസ്റ്റർ ചെയ്യണമെന്നുള്ളതാണ്. ഒരു കണക്ക് നോക്കിയാൽ അത് നല്ലതാണ്, തെറാണെന്ന് പറയാൻ സാധിക്കുകയില്ല. ഈ സംസ്ഥാനത്തിലെ റോഡപകടങ്ങളെല്ലാം ഉപയോഗ ശൂന്യമായിരിക്കുന്ന, വേണ്ടത്ര റിപ്പയർ ചെയ്യാത്ത കാറുകളും, ബസ്സുകളും കൊണ്ട് ആണെന്നുള്ളതിനോട് ഞാൻ യോജിക്കുന്നില്ല. ഇവിടെ നടക്കുന്നതായിട്ടുള്ള മുഴുവൻ റോഡപകടങ്ങളും തെറായവിധം ഡ്രൈവ് ചെയ്തിട്ടും, ഓവർ സ്പീഡിൽ ഡ്രൈവ് ചെയ്തിട്ടും. റെക്ക്ലസ് ആയിട്ട് ഡ്രൈവ് ചെയ്തിട്ടും കൊണ്ട് ഉണ്ടാകുന്നതാണ്. എന്നാൽ ഇപ്പോഴും രജിസ്ട്രേഷനു മൂന്നു പ്രാവശ്യം സമയം നീട്ടിക്കൊടുത്തു. മൂന്നു പ്രാവശ്യം സമയം നീട്ടിക്കൊടുത്തത് രജിസ്ട്രേഷനായിട്ടുള്ള സമയമാണ്. സമയം നീട്ടിക്കൊടുത്തിട്ട് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി വേലായുധൻ പറഞ്ഞിരിക്കുകയാണ് ഇനി സമയം നീട്ടിക്കൊടുക്കുന്നതിനോടുകൂടി ഇതിനുവേണ്ട രജിസ്ട്രേഷൻ ക്ലിനിക്കുകൾ ഉണ്ടാക്കാൻ പോകുന്നുവെന്ന്. ഇപ്പോഴും എല്ലായിടത്തും ക്ലിനിക്കുകളാണുള്ളത്; ആദ്യം ലീഗൽ എയിഡ് ക്ലിനിക്കെന്ന് തുടങ്ങിയതാണ്. ഇപ്പോഴും ബഹുമാനപ്പെട്ട വേലായുധൻ ക്ലിനിക്കിടാൻ പോവുകയാണ്, കൂടാതെ ഇന്നാണെങ്കിൽ ഒരു വെഹിക്കിൾ റീ രജിസ്റ്റർ ചെയ്യണമെന്നുണ്ടെങ്കിൽ സാധാരണ ഗതിയിൽ സാധാരണക്കാരൻ ചുരുങ്ങിയത് 100 രൂപ കൊടുക്കണം. ആ 100 രൂപ കൊടുത്താൽ പിന്നെ ടെസ്റ്റിംഗ് ഒന്നുമില്ല. ആ നിയമം കൊണ്ട് വ്യാപകമായ അഴിമതിയല്ലേ ഇവിടെ നടക്കുന്നത് ? അതുപോലെ ബഹുമാനപ്പെട്ട നൂറുദ്ദീൻ സാഹിബ്ബിന്റെ മരങ്ങളം—അദ്ദേഹം ഉദ്ദേശിക്കുന്നതായിട്ടുള്ള മുറിക്കൽ തടയേണ്ടതായിട്ടുള്ള മരങ്ങളം ഇഷ്ടം പോലെ വെട്ടിപ്പോകും. ഒരൊറെറ മരം വെട്ടിയതിന് കേസ് എടുക്കേണ്ടതായിട്ടുള്ള ബുദ്ധിമുട്ടുണ്ടാവില്ല. സർ, ആ നിലയിൽ മരങ്ങളെല്ലാം വെട്ടിപ്പോകും. അതിനെപ്പററി യാതൊരു നടപടിയുമെടുക്കാൻ സാധിക്കുകയില്ല. കാരണം 25-ഓ, 50-ഓ കൈയിൽ വച്ചിട്ടുണ്ടായിരുന്നുവെങ്കിൽ പിന്നെ അതിനെപ്പററി യാതൊരു നടപടിയും ഉണ്ടാകുകയില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ അഴിമതി ഇവിടെയുണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. കാരണം, ഒറെറപ്പെട്ട മരങ്ങളും, നാട്ടിലുള്ള മരങ്ങളുമാണ് വെട്ടുന്നത്. കാട്ടിലുള്ള മരങ്ങളം സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ട് എന്തിനാണ് ഈ നാട്ടിലെ മരങ്ങളം സംരക്ഷിക്കാൻ വരുന്നത് ? അവനോൻ ചെയ്യേണ്ടതായിട്ടുള്ള പണി കഴിഞ്ഞിട്ട് നാട്ടിലേക്ക് വന്നാൽ പോരെ. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായിട്ട് ഇന്ന് എല്ലാദിക്കിലും മരം വയ്ക്കുന്നുണ്ട്. ആ മരം വച്ചതിൽ അഴിമതിയില്ലേ ? ഞാൻ രണ്ടു ദിവസം മുമ്പാണ് 1983-84, 1984-85 വർഷങ്ങളിലെ കൃപ്ട്രോളർ ആൻറ് ആഡിറെറർ ജനറലിന്റെ റിപ്പോർട്ട് കണക്കിലെടുത്തുകൊണ്ട് വസ്തുതകൾ അവതരിപ്പിച്ചത്. എട്ടു കോടിയിൽ ചില്വാനം രൂപ വേംഡ് ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ വൽക്കരണത്തിന് സഹായമായി തന്നു, എന്നാൽ 1 കോടി ചില്വാനം രൂപയല്ലേ ചെലവാക്കിയുള്ളു. അതുപോലെ കോട്ടയം ജില്ലയിലെ മൂന്നോ നാലോ ലക്ഷം തടികയ പ്ലാൻറ് ചെയ്തിട്ടുള്ള കണക്ക് അവിടെ എണ്ണി നോക്കിയപ്പോഴം ആകപ്പാടെ കാണാൻ സാധിക്കുന്നത് 25,000-ഓ 30,000-ഓ മാത്രമാണ്. ഇത്തരത്തിലല്ലേ സാമൂഹ്യ വനവൽക്കരണ സമയത്ത് സ്കൂളിൽ വരുന്നതായിട്ടുള്ള എല്ലാ കുട്ടികളുടെ കൈയിലും ഓരോ ബാഗ് മാത്രമല്ല, പിടിക്കാൻ സാധിക്കുന്നത്ര ചെടികളുമുണ്ടാകും. എന്നാൽ ഈ കുട്ടികയ താമസിക്കുന്നതോ രണ്ടോ, മൂന്നോ സെൻറ് സ്ഥലത്താണ്. ഈ രണ്ടോ, മൂന്നോ സെൻറ് സ്ഥലത്ത് ഇത് എങ്ങനെയാണ് വയ്ക്കാൻ സാധിക്കുന്നത്? അപ്പോഴം ഈ ചെടി അവിടെ കൊണ്ടുപോയി വാഴ വച്ചിട്ടുണ്ടെങ്കിൽ വാഴയുടെ അടിയിൽ വളമായിട്ട് ഇടുകയാണ് ചെയ്യുന്നത്. സ്കൂളം കുട്ടികയം ഈ ചെടികയം കൊണ്ടുപോകുന്നതും നിക്ഷേപിക്കുന്നതും ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. ഇങ്ങനെ ചെടികയം ഇഷ്ടം പോലെ സ്കൂളിലെ കുട്ടികയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. പല നല്ല കാര്യങ്ങളും നിങ്ങയം ചെയ്യാൻ ഉദ്ദേശിക്കുന്നു പക്ഷേ ഫലത്തിൽ വളരെ മോശമായിട്ടുള്ള ഫലങ്ങളാണ് വന്നുകൂടുന്നത്. ഈ നിയമത്തിൻെറ സമീപനം തന്നെ തെറ്റാണ്. ഇത് കൂടിയേ കഴിയൂവെന്ന് വയ്ക്കുകയാണെങ്കിൽ ഇതിൻെറ സമീപനം പ്രിവൻറീവ് ആയിരിക്കണം, എന്താണ് തടയേണ്ടതുണ്ടെങ്കിൽ അത് തടയാനാവശ്യമായ ഫലപ്രദമായ വകുപ്പുകളുണ്ടാക്കണം. അത് തടയുന്നതിനുപകരം കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കാനായിട്ടുള്ള ഒരു ഏർപ്പാടാണുള്ളത്. അതിന് നമ്മയം ഇതിനേക്കായം നല്ല ഒരു വിഭാഗത്തിൽ വേണ്ടതായിട്ടുള്ള ഓരു വിഭാഗത്തിൽ അത് നടപ്പിലാക്കാനായിട്ട് പരിശ്രമങ്ങയം നടത്തിയിട്ട് അതിനു പരാജയമല്ലേ? "പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ആക്ട്" ഈ സംസ്ഥാനത്തിൽ ഈ രാജ്യത്തിൽ വ്യാപകമായി നടപ്പിലാക്കുന്നുണ്ട്. എന്താണ് ഇതിൻെറ ഫലം? ഒന്നാമത്, ഇന്ന് ഏതെങ്കിലും ഒരു ഭക്ഷണ സാധനം അഡൽട്രേഷൻ ചെയ്യാത്തതുണ്ടോ? സർ, ലോകത്തിൽ ഒരു രാജ്യവുമില്ല ഇത് ഇല്ലാത്തത്. ലോക രാജ്യങ്ങളിൽ പോയിട്ടുണ്ടെങ്കിൽ അവനവൻെറ ആരോഗ്യം പ്രിസർവ് ചെയ്യാൻ സാധിക്കും. ഇന്ന് ഇവിടെ കാണുന്നതായിട്ടുള്ള പലവിധ സുഖക്കേടുകളും, പലവിധ വേദനകളും എല്ലാം തന്നെ ഈ ഫുഡ് അഡയ്ട്രേഷൻ കൊണ്ട് ഉണ്ടായിട്ടുള്ളതാണ്. ഫുഡ് അഡയ്ട്രേഷൻ ആക്ടിൻെറ പ്രത്യേകതയെന്താണ്? അതിൽ പ്രിവൻറീവായിട്ട് യാതൊന്നുമല്ല. ശിക്ഷ, കനത്ത ശിക്ഷ, ജയിൽ ശിക്ഷ, വർദ്ധിപ്പിച്ചതായിട്ടുള്ള ജയിൽ ശിക്ഷ ഇതെല്ലാം കൊടുത്തതുകൊണ്ട് ഇവിടെ ഫുഡ് അഡയ്ട്രേഷൻ ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ടോ? ഫുഡ് അഡയ്ട്രേഷൻ നേരിയ തോതിലെങ്കിലും കുറയ്ക്കാനായിട്ട് സാധിച്ചിട്ടുണ്ടോ? അത് ഫുഡ് അഡയ്ട്രേഷൻെറ കാര്യത്തിൽ സാധിച്ചിട്ടില്ലെന്നുണ്ടെങ്കിൽ നിങ്ങയം ഒറ്റക്ക് ഒറ്റക്ക് ഓരോ പറമ്പിൽ നിൽക്കുന്നതായിട്ടുള്ള മരങ്ങളുടെ കാര്യത്തിൽ ഇത് നടപ്പിലാക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്നത് വ്യാമോഹമല്ലേ? അതുകൊണ്ടാണ് ഇത് തടയാനായിട്ടുള്ള നടപടികയം വേണമെന്ന് പറഞ്ഞത്. അതിനു സൂചന കൊടുക്കുന്ന ഒരു വകുപ്പുപോലും ഇതിലില്ലെന്നുള്ളത് വളരെ ഖേദകരമാണ്. ആ നിലയിൽ ഇതിൻെറ ഉദ്ദേശം നടപ്പിലാക്കുമെന്നുള്ള കാര്യത്തിൽ സംശയമാണ്. 9-ാം ക്ലാസ് എടുത്തു പരിശോധിച്ചാൽ ഇതിൻെറ ദർശനം ഏതു നിലയിലാണെന്ന് മനസ്സിലാക്കാൻ കഴിയും. ആദ്യംതന്നെ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ കുറ്റത്തിന് ചുരുങ്ങിയതോതിൽ നിശ്ചയിച്ചിട്ടുള്ള തടവു ശിക്ഷയും ഫൈനും. രണ്ടോ കുറ്റത്തിന് കൂടുതൽ തടവു ശിക്ഷയും കൂടുതൽ ഫൈനും. ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുന്നത് ശരിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഒരാൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ആദ്യം തന്നെ കുറ്റം ചെയ്യുമ്പോൾ തന്നെ നിർബന്ധിത തടവുശിക്ഷ കൊടുക്കുകയെന്നുള്ളത് ബുദ്ധിമുട്ടായിരിക്കും. ഓരാൾ അറിയാതെ അല്ലെങ്കിൽ തെറ്റിദ്ധരിച്ച് മരത്തിന്റെ തരമെന്താണെന്നു മനസ്സിലാക്കാതെ കുറ്റം ചെയ്തുവെന്ന് വന്നേക്കാം. എന്തായാലും, ആദ്യത്തെ കുറ്റത്തിൽത്തന്നെ തടവുശിക്ഷ കൊടുക്കുകയെന്നുള്ള സമീപനം വൃക്ഷസംരക്ഷണ നിയമത്തിൽ (പറമ്പുകളിലെ മരങ്ങളിൽ) കൊണ്ടുവരുന്നത് ശരിയാണെന്ന അഭിപ്രായമെനിക്കില്ല. അതിൽ വേദനിക്കുകയാണ് ഞാൻ.

ശ്രീ. പി. സീതിഹാജി : സർക്കാരിന്റെ റിസർവ്വ് ഫോറസ്റ്റിൽ തടിവെട്ടിയാൽ അല്ലെങ്കിൽ അരെങ്കിലും കയ്യേറി മുറിച്ചുകൊണ്ടു പോയാൽ 500 രൂപയാണ് മാക്സിമം ഫൈൻ. അതേസമയം ഒരു സ്വകാര്യ വ്യക്തിയുടെ വീട്ടിൽനിന്നെന്നിരിക്കട്ടെ, ബഹുമാനപ്പെട്ട മെമ്പറുടെ വീട്ടിൽനിന്നെന്നിരിക്കട്ടെ, ഒരാൾ അനുമതികൂടാതെ ഒരു മരം മുറിച്ചാൽ ഒരു കൊല്ലം ജയിൽ ശിക്ഷയും, ആയിരം രൂപ പിഴയും ഈടാക്കുന്നുണ്ടെന്നുള്ളത് മനസിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ചന്ദ്രശേഖരൻ : അത് മനസിലാക്കിയിട്ടുണ്ട്. അതിന്റെ തന്ത്രവും മനസിലാക്കിയിട്ടുണ്ട്. തന്ത്രമെന്താണെന്നു പറയാം, അങ്ങേക്ക് മരം വളരെ ഇഷ്ടമാണല്ലോ ? വനത്തിലെ വൃക്ഷങ്ങളെ അങ്ങ് മുറിച്ചിട്ടുണ്ടെങ്കിൽ (അങ്ങ് മുറിക്കുന്നുവെന്നല്ല പറയുന്നത്) അങ്ങേക്ക് 500 രൂപയേ വേണ്ടൂ. പക്ഷേ ഞാൻ താമസിക്കുന്ന തൃക്കാക്കരയെയുള്ള 25 സെന്റു സ്ഥലത്തിലുള്ള ഒരു മരം പാവപ്പെട്ടവനായിട്ടുള്ള ആരെങ്കിലും വന്നു മുറിച്ചിട്ടുണ്ടെങ്കിൽ ആറു മാസം തടവിലേക്ക് പോകണം. ഇതാണ് ഇതിന്റെ സ്ഥിതിവിശേഷം. ബഹുമാനപ്പെട്ട സീതിഹാജി സൂചിപ്പിച്ചതുപോലെ വനസംരക്ഷണത്തെ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ നിയമം കൊണ്ടു വന്നിട്ടുള്ളത്. നഗരപ്രദേശങ്ങളിലും, നഗരാതിർത്തിപ്രദേശങ്ങളിലും വനപ്രദേശങ്ങളല്ലാത്തിടത്തുമൊക്കെ നിൽക്കുന്നതായിട്ടുള്ള ഒറ്റപ്പെട്ട മരങ്ങളും മുറിച്ചിട്ടുണ്ടെങ്കിൽ ജയിലിൽ പോകണമെന്ന ഒരു സ്ഥിതിവിശേഷമാണ് ഈ നിയമത്തിലുള്ളത്. ശ്രീ. സീതിഹാജി സൂചിപ്പിച്ചതുപോലെ കാട്ടിൽനിന്ന് ഇഷ്ടംപോലെ തെറ്റായ രീതിയിൽ മരം മുറിച്ചിട്ടുണ്ടെങ്കിൽ 500 രൂപ കൊടുത്താൽ മതി വിട്ടുപോരാം. ശ്രീ. സീതിഹാജി അതിന്റെ തിയമാണിവിടെ ചൂണ്ടിക്കാണിച്ചത്. അത് നടക്കുന്നതായിട്ടുള്ള സംഗതിയല്ല. നടക്കുന്നതെന്താണെന്നുവച്ചാൽ അയ്യായിരം രൂപ ഈ ഫോറസ്റ്റുദ്യോഗസ്ഥൻമാർക്കെല്ലാവർക്കുമായി വീതിച്ചു കൊടുക്കാമെന്നുണ്ടെങ്കിൽ ഒന്നോ രണ്ടോ ലക്ഷം രൂപയുടെ മരം മൂന്നു നാലു ദിവസത്തിനകം ആനയും ലോറിയുമെല്ലാം കൊണ്ടുവന്ന് അവിടെനിന്ന് ട്രാൻസ്പോർട്ട് ചെയ്യാൻ സാധിക്കുമെന്നുള്ളതാണ് ഇന്നു നമ്മുടെ സംസ്ഥാനത്തെ സ്ഥിതി. ആ നിലയിൽ നോക്കുമ്പോൾ അടിസ്ഥാനപരമായ സമീപനങ്ങൾ തന്നെ തെറ്റാണെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെയാണ് ഈ നിയമത്തിലെ നാല്പാം വകുപ്പ്. നാലാം വകുപ്പ് വാസ്തവത്തിൽ പരിഹാസ്യമാണ്. വായിച്ചു നോക്കിയാൽ ചിരി വരും. എന്തെല്ലാമാണതിൽ പറയുന്നത്. ഏതെങ്കിലും മരം ജീവനും സ്വത്തിനുമുള്ള രക്ഷക്ക് എതിരായിട്ട് നിൽക്കുന്നുവെങ്കിൽ അത് ഏതെങ്കിലും തരത്തിൽ മുറിച്ചു മാറ്റേണ്ടതാണെങ്കിൽ അതെല്ലാം പബ്ലിക് ഇൻസ്ട്രക്ഷന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അത് ഈ നിയമത്തിന്റെ അധീനതയിൽ വരുന്നതല്ല. അത് കൊടുത്തുവെന്നുണ്ടെങ്കിൽ എല്ലാ മരങ്ങളെയും അതിൽ കൊണ്ടുവരാൻ സാധിക്കും. മരം മുറിച്ചുകഴിഞ്ഞാതിനു ശേഷം ആ മരം ഡിസീഡ് ആണോ, വിൻഡ്ഫാളൻ ആണോ, danger to life

LIBRARY ARCHIVES Kerala Legislative Assembly

or property ആണോ എന്നൊക്കെ മനസിലാക്കാൻ സാധിക്കുമോ ? മരം മുറിക്കുന്നതിനുമുമ്പ് അതിന് ലൈസൻസ് വേണമെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. കരണം ആരാണ് ഈ റെയ്ഞ്ചർമാരെന്നു മനസീലാക്കിയാൽ ഒരു നൂറു രൂപയോ ഇരുനൂറു രൂപയോ (ഇന്ന് മോട്ടോർ വെഹിക്കിളസിൽ റീ-രജിസ്ട്രേഷന്റെ കാര്യത്തിൽ ചെയ്യുന്നതുപോലെ) വച്ചുകൊടുത്താൽ ഇത് ഒപ്പിട്ടുകൊടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ റെയ്ഞ്ചർമാരെ അപമാനിക്കാൻവേണ്ടി പറയുന്നതല്ല. റെയ്ഞ്ചർമാരെ ഞാൻ വളരെയധികം ബഹുമാനിക്കുന്നുണ്ട്. അവരോടുള്ള ബന്ധം പുലർത്തണമെന്നുള്ള ആഗ്രഹമാണുള്ളത്. അവർതന്നെ ഈ കാര്യം പറഞ്ഞിട്ടുണ്ട്. ഇതാണ് അവിടെ നടക്കുന്നതെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. ആ നിലയിലാണ് ഈ പ്രൊവിഷൻ. അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമത്തിനെതിരായി പ്രവർത്തിക്കുകയില്ലെന്നാണ് പറയുന്നത്. അതുകൊണ്ട് എന്താണ് ഗുണം കിട്ടുന്നത്. ഈ നിയമത്തെതന്നെ ഇറോഡ് ചെയ്യുകയാണ്. ഈ നിയമത്തിന്റെ അടിത്തറയില്ലാതാക്കുകയെന്നുള്ള ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. തോമസ് കല്ലംപള്ളി : - മനുഷ്യനുള്ളതുപോലെ ആയുസ് മരത്തിനുമുണ്ടെന്നകാര്യം കണക്കിലെടുത്ത് ഒരു നിശ്ചിത വയസായ മരങ്ങളെ വെട്ടാൻ ജന്മിന്റെ ഉടമസ്ഥൻമാരെ അനുവദിക്കത്തക്ക വിധത്തിൽ ഒരു ക്ലാസ്കൂടി ഇനിമേൽ ചേർക്കുന്നതിനോട് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. ചന്ദ്രശേഖരൻ : ആ അഭിപ്രായം പറഞ്ഞതിൽ ഞാൻ അദ്ദേഹത്തോട് നന്ദിയുള്ളവനാണ്. ഇപ്പോഴ് കാട്ടിൽ എന്താണ് ? ക്ലിയർ ഫെല്ലിംഗ് പോയിട്ട് സെലക്ഷൻ ഫെല്ലിംഗ് അല്ലേ ? ആ സെലക്ഷൻ ഫെല്ലിംഗ് നടത്തണമെന്നുണ്ടെങ്കിൽ വേറെ മരം വയ്ക്കണം. കാട്ടിൽ മരം മുറിച്ചിട്ട് വേറെ മരം നടുന്നതുപോലെ വയസ്സായ ഒരു മരമുണ്ടെങ്കിൽ, അല്ലെങ്കിൽ മുറിക്കാവുന്ന ഒരു മരമുണ്ടെങ്കിൽ അത് മുറിച്ചിട്ട് മറ്റൊരു മരം വയ്ക്കാൻ തയ്യാറാകണം. ആ മരം നിന്നതുകൊണ്ട് എന്താണ് പ്രയോജനം ? മരത്തിനാണെങ്കിൽ ഇന്ന് നല്ല വിലയുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരി അത് അനുവദിക്കേണ്ടതല്ലേ ? ആ വിധത്തിൽ ചട്ടമുണ്ടാകേണ്ടതല്ലേ ? നാലാം വകുപ്പിൽ പറയുന്നത് No person shall cut or otherwise damage, or cause to be cut or otherwise damaged, the branch of any tree : ഒരു മരത്തിന്റെ ഇല തൊട്ടാൽ അപകടമായി. ഒന്നും തൊടാൻ പാടില്ലെന്നാണ് പറയുന്നത്. വൃക്ഷത്തിന്റെ കൊമ്പ് മുറിക്കാനായിട്ടുള്ള പ്രൊവിഷൻ ഇല്ല. ഇതു മുറിക്കാനായിട്ടുള്ള പ്രൊവിഷൻ ഉണ്ട്.

(a) the tree constitutes a danger to life or property

or

(b) the tree is dead, diseased or windfallen ; അങ്ങനെയാണെങ്കിൽ ആർക്കെങ്കിലും പെർമിഷൻ വാങ്ങിച്ചിട്ട് മരം മുറിക്കാം. പക്ഷേ കൊമ്പിന്റെ കാര്യത്തിൽ അതില്ല. വളരെ വലുതായിട്ടുള്ള വൃക്ഷങ്ങളുടെ കൊമ്പ് അത് പ്രയോജനരഹിതമാണെങ്കിൽ മുറിക്കേണ്ടതല്ലേ ? അത് മുറിക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ വയ്ക്കേണ്ടതല്ലേ ? മരം മുറിക്കുന്നതിനായിട്ടുള്ള പ്രൊവിഷൻ ഉണ്ടെങ്കിൽ കൊമ്പു മുറിക്കാനായിട്ടുള്ള ഒരു പ്രൊവിഷനും ഇതിൽ ഉണ്ടാകേണ്ടതാണ്. കൊമ്പ് മുറിക്കാനായിട്ടുള്ള ഒരു പ്രൊവിഷൻ ഇതിൽ കാണുന്നില്ലെന്നുള്ളതാണ് ഒരു സ്ഥിതിവിശേഷം.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പിൽ പറയുന്നത് to preserve the tree growth in private forests or in the Cardamom Hills Reserve or in any other areas cultivated with cardamom.....എന്നാണ്. In any other areas cultivated with cardamom എന്നുദ്ദേശിക്കുന്നത് ഹിൽ ഏരിയാസ് ആയിരിക്കണം. പറമ്പിൽ തണൽ കിട്ടുന്നതിനുവേണ്ടി കുറച്ച് കാർഡമം നട്ടിട്ടുണ്ടെങ്കിൽ (നഗര പ്രദേശങ്ങളിൽപ്പോലും ഇപ്പോൾ കാപ്പിയും മറ്റുമൊക്കെ നടുന്നുണ്ട്) അതിനെക്കൂടി ബാധകമാക്കുകയെന്നുള്ള ഒരു സ്ഥിതി വിശേഷം ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് അദർ ഏരിയാസ് എന്നു ഉദ്ദേശിക്കുന്നത് അദർ ഹിൽ ഏരിയാസ് എന്നുമാത്രമായിരിക്കണം. ആ നിലയിൽ മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളു. ഞാൻ ഈ ബില്ലിനോട് വളരെയധികം യോജിപ്പ് പ്രകടിപ്പിക്കുന്നില്ല.

ശ്രീ. കെ. ശങ്കരനാരായണപിള്ള: കാട് ചുരുങ്ങുകയും കാടിനുവേണ്ടിയുള്ള നിയമങ്ങൾ വിസ്തൃതമാകുകയും ചെയ്യുന്ന അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. വനസംരക്ഷണത്തെ സംബന്ധിച്ചിടത്തോളവും മരങ്ങളെ സംബന്ധിച്ചിടത്തോളവും നാമെല്ലാപേരും ഉൽകണ്ഠാകുലരാണ്. ശക്തമായ നിയമനടപടികളും മറ്റും വനസംരക്ഷണത്തിനും, മരം സംരക്ഷണത്തിനും ആവശ്യമാണ്. അതുകൊണ്ടാണ് വനം ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ വനത്തിനുവേണ്ടിയുള്ള നിയമങ്ങൾ കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുന്നത്. വനം ചുരുങ്ങുന്നതിന് എതിരായ ഫലപ്രദമായ പ്രവർത്തനങ്ങളായിരുന്നു നടത്തേണ്ടിയിരുന്നത്. അത് നടത്താൻ കഴിഞ്ഞിട്ടില്ല, ഇന്നും നടത്താൻ കഴിയുന്നില്ല. ഈ ബില്ലിന്റെ സ്പിരിറ്റിനോട് എനിക്ക് യോജിപ്പുണ്ട്. ഞാൻ ഈ ബില്ലിന്റെ സ്പിരിറ്റ് എന്നു പറയുന്നത് മരങ്ങൾ സംരക്ഷിക്കണം, പരിസരസമതുലിതാവസ്ഥ നിലനിർത്തണം ആദിയായ ഉദ്ദേശങ്ങളാണ്. പക്ഷേ നാം ഏത് നിയമവും പാസ്സാക്കുമ്പോൾ ആ നിയമം ദുർവ്യാഖ്യാനങ്ങൾക്കിട നൽകാൻ പാടില്ല. നിയമങ്ങളുടെ കുഴപ്പംകൊണ്ടല്ല ഉദ്ദേശിച്ച കാര്യങ്ങൾ നടക്കാത്തതും, ഉദ്ദേശിക്കാത്ത കാര്യങ്ങൾ നടക്കുന്നതും. മറിച്ച് ദുർവ്യാഖ്യാനങ്ങൾകൊണ്ടും അതുപോലെ നിയമങ്ങളുടെ വ്യവസ്ഥകൾ അകാരണമായും അനാവശ്യമായും തൽപരകക്ഷികൾ പ്രയോജനപ്പെടുത്തുന്നതുകൊണ്ടുമാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ ഇതിലെ പല വ്യവസ്ഥകളും ഭാവിയിൽ തല്പരകക്ഷികൾക്ക് ദുരുപയോഗപ്പെടുത്താൻ കഴിയുകയില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഉദ്ദേശിക്കാത്ത ഒരു പ്രാധാന്യം ഈ ബില്ലിന് ഭാവിയിൽ ഉണ്ടാകും, കാരണം ഇതിൽ പറഞ്ഞിരിക്കുന്ന 10 മരങ്ങൾ സാധാരണയായി വനങ്ങളിൽ മാത്രം കാണാവുന്ന മരങ്ങളാണ്. തെറ്റിയും തെറ്റിച്ചും നമ്മുടെ സംസ്ഥാനത്തെവിടെയെങ്കിലുമൊക്കെ കാണും. അതിന്റെ അടിസ്ഥാനത്തിലാണ് പണ്ടുകാലംമുതൽ തേക്ക്, ഈട്ടി തുടങ്ങിയ മരങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങളുണ്ടായിരുന്നത്. പക്ഷേ ഇന്ന് വന്നിരിക്കുന്ന ബുദ്ധിമുട്ടുകൾ, ഇന്ന് സോഷ്യൽഫോറസ്ട്രി എന്നൊരു സംവിധാനം വന്നിട്ടുണ്ട്. അതിലിപ്പോൾ സോഷ്യലുമില്ല, ഫോറസ്ട്രിയുമില്ല എന്നുള്ള അവസ്ഥയാണെങ്കിലും വനമെന്താണെന്നും, മരമെന്താണെന്നും, കാടെന്താണെന്നും, പച്ചയെന്താണെന്നും അറിയാവുന്ന നമ്മെ ഇതൊന്നുമറിഞ്ഞുകൂടാത്ത സായിപ്പൻമാർ പഠിപ്പിക്കുന്ന രീതിയിൽ സോഷ്യൽഫോറസ്ട്രി നടത്തണമെന്ന ഒരു ഭ്രാന്തിലാണു നാം നിൽക്കുന്നത്. സോഷ്യൽഫോറസ്ട്രിയുടെ ഈ മരങ്ങളെല്ലാം വച്ച് പിടിപ്പിക്കുന്നത് വനം സംരക്ഷിക്കാനാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, സോഷ്യൽഫോറസ്ട്രിക്കുവേണ്ടി ലക്ഷങ്ങളും, കോടികളും മുടക്കുന്ന സ്ഥലങ്ങളിൽ പോയാൽ അവിടെ ഈ

LIBRARY ARCHIVES Kerala Legislative Assembly

മരങ്ങളൊന്നും കാണാനില്ല. യൂക്കാലിപ്റ്റസും, വാകയുമൊക്കെയാണ് കാണാൻ സാധിക്കുന്നത്. കുറേ സോഫ്റ്റ്വുഡ് ട്രീസ് മാത്രമാണ് ഉള്ളത്. മരം നമ്മെ സംരക്ഷിക്കുമ്പോഴും അതിൽ പല ഉദ്ദേശങ്ങളുമുണ്ട്. പരിസരസമതുലിതാവസ്ഥ ഉദ്ദേശിക്കുന്നു, ഭാവിയിൽ ടിമ്പർ ഉദ്ദേശിക്കുന്നു. തടിക്ക് വേണ്ടിയാണ് ഈ മരങ്ങളെ വെട്ടിനശിപ്പിക്കപ്പെടുന്നത്; അല്ലാതെ വിനോദത്തിനുവേണ്ടിയല്ല; അപ്പോഴും അതിന് പകരം നാം തടി ലഭ്യമാകുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കിയിച്ചെങ്കിൽ ഇങ്ങനെ മുടക്കുന്ന പണം മുഴുവൻ വ്യർത്ഥമാണ്. ഈ നിയമം കൊണ്ടുവന്നാലും നാളെ ആളുകൾക്ക് ഫർണിച്ചർ വേണമെങ്കിലും മറ്റ്തരത്തിലുള്ള തടിസാധനങ്ങളും വേണമെങ്കിലും വീണ്ടും വനത്തിൽ കയറി മരം മുറിക്കുക എന്നുള്ള അവസ്ഥ വരും. ഇന്ന് നമ്മുടെ നാട്ടിൽ മാവും പ്ലാവുമില്ല. വീട് വയ്ക്കാൻ നേരത്ത് നമുക്ക് കതകും, കട്ടളയും ഉണ്ടാക്കണമെങ്കിൽ നാം ആഗ്രഹിക്കുന്ന മാവും പ്ലാവുമില്ല. എന്നാൽ സോഷ്യൽഫോറസ്ട്രി തുടങ്ങുമ്പോഴും ഗവൺമെൻറ് അവിടെ ഈ താൽപര്യം കാണിക്കുന്നില്ല.

സാധാരണക്കാരന്റെ പുരയിടങ്ങളിൽ ഈ ബില്ലിൽ പ്രതിപാദിക്കുന്ന മരങ്ങളുണ്ട്. ഉണ്ടെന്നു പറയുമ്പോഴും പണ്ട് ഉണ്ടായതുപോലല്ല, ഇന്നിപ്പോഴും ബോധപൂർവ്വമായ പ്രവർത്തനം നമ്മുടെ ഭാഗത്തുനിന്നുണ്ട്; ഈ വനവൽക്കരണത്തിനുവേണ്ടി. സോഷ്യൽഫോറസ്ട്രിയുടെ സന്ദേശം വ്യാപകമാക്കിയതിനെത്തുടർന്ന് ഈമാതിരി മരങ്ങളും പണ്ടുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വ്യാപകമായി നമ്മുടെ പുരയിടങ്ങളിൽ വരുന്നു. നിങ്ങൾ സ്കൂളുകളിൽ തൈകൾ കൊണ്ടുപോയി കൊടുക്കുന്നു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ഇതൊരു 'പൊങ്കാല'യാണ്. നാം കോടിക്കണക്കിന് രൂപയ്ക്ക് തൈകൾ ഉണ്ടാക്കുന്നു. അത് എവിടെയെങ്കിലും മറവ് ചെയ്യണം. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഈ ചെടികളും കൊണ്ട് നടക്കുന്നു. ഏതെങ്കിലും പള്ളിക്കൂടങ്ങളിൽകൊണ്ടുപോയി ലോറിക്കണക്കിന് അവിടെ തള്ളും. കുട്ടികൾ വാങ്ങിക്കൊണ്ടുപോയി വഴിയിൽവച്ചുതന്നെ പിച്ചിച്ചീന്തിക്കളയും. രണ്ടും മൂന്നും നാലും സെൻറ് പുരയിടങ്ങളുള്ള വിദ്യാർത്ഥികൾക്ക് ഇത്തരം തൈകൾ കൊണ്ടുപോയി കൊടുത്താൽ അവരുടെ പുരയിടങ്ങളിൽ അത് വയ്ക്കാറൊക്കില്ല. എന്നാലും ഇങ്ങനെയൊരു നിയമം വരുന്നുയെന്ന കാര്യം സ്വപ്നത്തിൽപ്പോലും കാണാത്ത ആളുകൾ കിട്ടുന്ന തൈകൾ തേക്കാണോ, ഈട്ടിയാണോ എന്ന് നോക്കാതെ കൊണ്ടുപോയി നട്ടു പിടിപ്പിക്കും. ചിലപ്പോൾ കുട്ടികൾതന്നെ രക്ഷകർത്താക്കളുടെ അനുവാദമില്ലാതെ തന്നെ വീടിന്റെ വേലിയിലോ, മൂലയിലോ നട്ടുപിടിപ്പിക്കും. വളർന്നുവരുമ്പോഴാണറിയുക ഇത് തേക്കാണ്, അല്ലെങ്കിൽ ഈട്ടിയാണ് എന്ന്. അങ്ങനെയാകുമ്പോൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു.

ഇവിടെ 4-ാം വകുപ്പിൽ ഇത് മുറിക്കുന്നതിനുവേണ്ടി ചില നിബന്ധനകൾ വയ്ക്കുകയുണ്ടായി. അക്കാര്യത്തിൽ ശ്രീ. കല്ലംപള്ളി പറഞ്ഞതിനോട് ഞാനും യോജിക്കുകയാണ്; കാരണം അദ്ദേഹം മരത്തിന്റെ ആയുസ്സിനെക്കുറിച്ച് ചോദിച്ചു, അത് ന്യായമാണ്. ഖജനാവിൽനിന്ന് കോടിക്കണക്കിന് രൂപ മുടക്കിയ, സംരക്ഷണത്തിനുവേണ്ടി വ്യവസ്ഥ ചെയ്തിരിക്കുന്ന വനത്തിലെ തടി സംരക്ഷിക്കാൻ കഴിയാതിരിക്കുമ്പോൾ പാവപ്പെട്ട ആളുകൾ പണം മുടക്കി വാങ്ങി ദേഹണ്ഡം ചെയ്തിരിക്കുന്ന വസ്തുവിലെ മരങ്ങൾ അവർക്ക് ഒരു ശിക്ഷയായി മാറരുത്. ഇവിടെ രണ്ട് നിബന്ധനകൾ ആണ് അത് മുറിക്കുന്നതിനുവേണ്ടി പറഞ്ഞിട്ടുള്ളത്. അതിൽ മൂന്നാമതൊരു നിബന്ധനകൂടി ശ്രീ. കല്ലംപള്ളി നേരത്തേ നിർദ്ദേശിച്ചിരുന്നതുപോലെ ആവശ്യമാണെന്ന് എനിക്ക് തോന്നുന്നു. മരത്തിന് ഒരു ആയുസ്സുണ്ട്. ഈ ബിൽ നോക്കിയാൽ ഇതിൽ പറയുന്ന 10 ഇനം

LIBRARY ARCHIVES Kerala Legislative Assembly

മരങ്ങളും മുറിക്കുന്നതിന്റെ ഉദ്ദേശം രണ്ടാണ്. (1) ജീവന് ഹാനിയുണ്ടാകുന്നതുകൊണ്ട് (2) അല്ലെങ്കിൽ മരം ഉണങ്ങി മുറിഞ്ഞ് വീഴണം. സോഷ്യൽഫോറസ്ട്രിയുടേയും, വനവൽക്കരണത്തിന്റേയും ഉദ്ദേശം ഈ മരം ആരോഗ്യത്തോടെ നിൽക്കുകയും, അതിന്റെ തടി നാളെ നമുക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുകയെന്നുള്ളതാണ്. നേരെമറിച്ച് ഇത് മുറിച്ചുകിട്ടാൻവേണ്ടി ഈ അവസ്ഥയിൽ നിൽക്കുക; അവസാനം ഉദ്യോഗസ്ഥൻമാരുടെ പിറകേ നടന്ന് ഒന്നും നടന്നില്ലെങ്കിൽ ഈ മരത്തിന്റെ ചുവട്ടിൽ അല്പം രസം കുത്തിവച്ചെങ്കിലും ഇതിനെ ഉണക്കി മുറിച്ചുമാറ്റും.

ശാസ്ത്രീയമായ രീതിയിൽ മരങ്ങളുടെ ആയുസ്സിനെക്കുറിച്ച് പഠിച്ച് ഇത് മുറിക്കാൻ പാകമാകുന്ന ഒരു സമയം നിശ്ചയിച്ച്, ആ സമയമായി എന്ന് ബോദ്ധ്യമായാൽ ഈ രണ്ട് വ്യവസ്ഥയിലും അല്ലാതെ തന്നെ ഭൂവുടമയ്ക്ക് അത് മുറിക്കുന്നതിനുള്ള അനുവാദം വ്യവസ്ഥ ചെയ്തില്ലെങ്കിൽ അത് വളരെയേറെ ബുദ്ധിമുട്ട കരം ഈ കാര്യത്തിലുണ്ടാകും. അതിൽ തന്നെ ഒരു എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. ഒരു ഹെക്ടറിന് പുറത്ത് ഉണ്ടെങ്കിൽ മതിയെന്നാണ്. പക്ഷേ അവിടെ റസിഡൻഷ്യൽ ബിൽഡിംഗ് ഉള്ള ഒരു കോമ്പൗണ്ട് എന്നാണ്. നമുക്കറിയാം, ഇവിടെ ഭൂപരിഷ്ക്കരണനിയമം കൊണ്ടുവന്നതിനുശേഷം പണ്ടത്തെപ്പോലെ പത്തും, പതിനഞ്ചും ഏക്കറുള്ള ആളുകളും ഇല്ല. വല്ല എസ്റ്റേറ്റുകളുമല്ലാതെ ഇത്മാതിരി മരം നിൽക്കുന്ന ഭൂമികളൊന്നുംതന്നെ ഇപ്പോൾ ഏക്കർകണക്കിനില്ല. ഭൂരിപക്ഷം ആളുകളുടെ കൈയിലും പത്തും പതിനഞ്ചും, ഇരുപതും സെന്റ് മാത്രമാണുള്ളത്. ഒരു പത്ത് സെന്റ് ഭൂമിയിൽ താമസിക്കുകയും അപ്പുറത്ത് മറ്റൊരു പത്ത് സെന്റ് ഭൂമിയിൽ കപ്പ നട്ടിരിക്കുകയും ചെയ്യുമ്പോൾ അവിടെ ഒരു റസിഡൻഷ്യൽ ബിൽഡിംഗ് ഇല്ലായെന്നുള്ളതുകൊണ്ട് അത് റസിഡൻഷ്യൽ കോമ്പൗണ്ട് അല്ല, അതുകൊണ്ട് അവിടെ നിൽക്കുന്ന മരം മുറിക്കാൻ ഒക്കുകയില്ല എന്ന വ്യവസ്ഥയുണ്ടായാൽ കഷ്ടമാണ്. നല്ല പ്രായപൂർത്തിയായ ഒരു മരം ഒരു വസ്തുവിൽ നിന്നാൽ അത് ചോലയുണ്ടാക്കുകയും അവിടെ ഒന്നും കൃഷി ചെയ്യാൻ കഴിയാത്ത ഒരവസ്ഥയുണ്ടാക്കുകയും ചെയ്യും. അതുകൊണ്ട് റസിഡൻഷ്യൽ ബിൽഡിംഗിന് മാത്രം ബാധകമാകുന്നു എന്നുള്ളത് അതൊഴിവാക്കിക്കൊണ്ട് ചെറിയ ഹോൾഡിംഗ് ഉള്ളവർക്കും തീർച്ചയായും അത് ഒഴിവാക്കിക്കൊടുക്കേണ്ടതാണ്.

ഈ നിയമങ്ങൾ നടപ്പിലാക്കുക എന്നു പറയുമ്പോൾ ഇവിടെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥയുണ്ട്. ഇവിടെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തിയ സാമഗ്രികൾ കണ്ടുകെട്ടുക. കയർ, വണ്ടി 'കാറിന്' എന്നുള്ളത് മാറ്റി ഇപ്പോൾ 'അനിമൽസ്' എന്നുള്ള ഭേദഗതി സബ്ജക്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അനിമൽസ് എന്നുപറയുമ്പോൾ നമുക്കറിയാം, ആനയെയാണ് ഉദ്ദേശിക്കുന്നത്. ഇതിലെ ബുദ്ധിമുട്ട് ഇതാണ്, ഒരുപക്ഷേ അനുവാദമില്ലാതെ മുറിച്ചു വിൽക്കാൻ ഒരു ഭൂവുടമ തീരുമാനിച്ചാലും അനുവാദമില്ലാതെ ഇത് വാങ്ങിച്ചുകൊണ്ടുപോകാൻ സാധാരണക്കാരന് കഴിയുകയില്ല. അത് ചിലപ്പോൾ മുടുക്കൻമാരായ കള്ളൻമാരായിരിക്കും ചെയ്യുന്നത്. അവർ ലോറിക്കാരനേയും, ആനക്കാരനേയും പിടിച്ച് പാവപ്പെട്ട ഒരാളിന്റെ വീട്ടിൽനിന്ന് ഈ തടിയും കൊണ്ടുപോയാൽ സ്വാഭാവികമായി പലപ്പോഴും നാം കണ്ടിട്ടുള്ള സ്ഥിതി, സ്പിരിറ്റ് കള്ളക്കടത്തായാലും, അല്ലെങ്കിൽ മറ്റ് കള്ളക്കടത്തായാലും പലപ്പോഴും ഇവർ മുങ്ങുകയാണ് ചെയ്യുന്നത്; കാരണം പലപ്പോഴും കൊള്ള നടത്തി ലക്ഷങ്ങൾ സമ്പാദിക്കുന്നവർക്ക് ചിലപ്പോൾ കുറച്ച് പോയി എന്നുമിരിക്കും. അവസാനം വിഷമിക്കുന്നത് ലോറി വാടകയ്ക്ക് കൊടുത്തവനും, ആനക്കാരനുമാണ്. പക്ഷേ നമുക്ക് ബുദ്ധിമുട്ടുണ്ട്, എന്നാലും ഈ രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ വ്യവസ്ഥകൾ വച്ചാൽ മാത്രമേ സ്വാഭാവികമായും സംരക്ഷണമാകുകയുള്ളൂ. സർ, ഒരു കാര്യം അനുഭവത്തിൽനിന്നും പറയാനുള്ളത് പല മജിസ്ട്രേറ്റ് കോടതികളുടേയും വരാന്തയിൽ ചെന്നാൽ അല്ലെങ്കിൽ പല എക്സിക്യൂട്ടീവ് അധികാരമുള്ള ഡിപ്പാർട്ടുമെന്റുകളുടെ ഓഫീസർമാരുടെ മുൻപിൽ ചെന്നാൽ തുരുമ്പെടുത്തു കിടക്കുന്ന വാഹനങ്ങളും മറ്റ് സാധനങ്ങളും കാണാൻ കഴിയും. ഫോറസ്റ്റ് ഓഫീസിൽ ചെന്നാൽത്തന്നെ അറിയാം എന്തുമാത്രം തടി കിടക്കുന്നുണ്ട് എന്ന്.

എന്നാൽ അനിമൽസ് എന്നു പറയുമ്പോൾ, നമ്മൾ പരിസരസന്തുലിതാവസ്ഥ കാണുന്നതുപോലെതന്നെ മൃഗങ്ങളേയും കാണണം. ഉദാഹരണത്തിന് ഒരു ആനയെയാണ് പിടിക്കേണ്ടിവന്നാൽ അത് ബോണ്ട് വച്ച് കൊണ്ടുപോകാൻ ആരും ധൈര്യപ്പെടില്ല. പലപ്പോഴും അങ്ങനെയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തുന്ന പ്രതികൾ മുങ്ങിപ്പോയി എന്നുള്ളതുകൊണ്ട് അവിടെ ആന പട്ടിണികിടന്നു രോഗംപിടിച്ചു കിടക്കാനുള്ള അവസ്ഥ ഉണ്ടാക്കരുത്. അതുകൊണ്ട് ഇതിൽ ജീവനുള്ളവയേയും ജീവനില്ലാത്ത വസ്തുക്കളേയും കൈകാര്യം ചെയ്യുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ തീർച്ചയായും അതിന്റെ വ്യത്യാസം കാണണം. അതുകൊണ്ട് അത് സെയ്ഫ് കസ്റ്റഡിയിൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നമുക്കറിയാം ഇത് ഉദ്യോഗസ്ഥൻമാരാണ് ചെയ്യുന്നതെന്നും ഉദ്യോഗസ്ഥൻമാരിൽക്കൂടിയില്ലാതെ ഇത് ചെയ്യാൻ കഴിയുകയില്ലായെന്നും. പക്ഷേ എക്സിക്യൂട്ടീവ് അധികാരമുള്ള ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം ഇന്നു കാണുന്ന ഒരു പ്രവണത ഗവൺമെൻറ് നിശ്ചയിക്കുന്ന ഒരു ടാക്സിനപ്പുറം ജനങ്ങൾക്ക് റഗുലർ ആയിത്തന്നെ ടാക്സ് ഏർപ്പെടുത്തി, അതുപോലെ ഗവൺമെൻറ് ഏർപ്പെടുത്തുന്ന ഫീസുകൾക്കതീതമായി വേറെയും ഫീസുകൾ ഏർപ്പെടുത്തി സമാന്തരമായി ഭരണം നടത്തിക്കൊണ്ടിരിക്കുകയെന്നുള്ള അവസ്ഥയാണുള്ളത്. അതുകൊണ്ട്, ഇത് വിജയിക്കണമെന്നുണ്ടെങ്കിൽ ഏറ്റവും അത്യാവശ്യമായി വരുന്നത് സത്യസന്ധതയാണ്. ആ സത്യസന്ധത ഉറപ്പുവരുത്തിയില്ലെങ്കിൽ ഒരുപക്ഷേ ഗുണത്തേക്കാളേറെ ഈ നിയമങ്ങൾ എല്ലാംതന്നെ ദോഷമായിത്തീരും. നമ്മുടെ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം ഇന്ന് വ്യാപകമായുണ്ടാകുന്ന പരാതി ഞാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ ഒറ്റപ്പെടുത്തിക്കൊണ്ട് പറയുന്നതല്ല ഈ മാതിരി അധികാരമുള്ള എല്ലാ വകുപ്പുകളിലും ഉണ്ടാകുന്ന പരാതി ഉദ്യോഗസ്ഥൻമാർ വ്യാപകമായി കൈക്കൂലിക്കാരാകുന്നുവെന്നുള്ളതാണ്. ഉദ്യോഗസ്ഥൻമാരുടെ കൈക്കുലിയെ ചോദ്യം ചെയ്യുമ്പോൾ അവർ പറയുന്നത് ഞങ്ങൾ ഇവിടെ സ്ഥലമാറ്റംകിട്ടാൻ ഇത്രകൊടുത്തിരിക്കുന്നു അതുകൊണ്ട് അതെങ്കിലും മുതലാക്കണ്ടേയെന്നാണ്. അപ്പോൾ തീർച്ചയായും ഈ ബ്യൂറോക്രസിയിൽസത്യസന്ധത നിലനിർത്തണമെന്നുണ്ടെങ്കിൽ അവർക്ക് ഒരു സുരക്ഷിതത്വം വേണം. അതുപോലെതന്നെ ആത്മാർത്ഥമായി ധൈര്യപൂർവ്വം ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് സംരക്ഷണം ആവശ്യമാണ്. വനവൽക്കരണത്തെസംബന്ധിച്ച് നമുക്കറിയാം. അമേരിക്കൻ മാഫിയമോഡലിലാണ് നമ്മുടെ സംസ്ഥാനത്തു വനത്തിനകത്തായിരുന്നാലും പുറത്തായിരുന്നാലും കള്ളത്തടിയും, അതുപോലെ നിയമവിരുദ്ധമായ തടിയും കൊണ്ടുപോകുന്നത്. അവരുടെ കൈയിൽ വാഹനങ്ങളും, ആയുധങ്ങളും മറ്റ് സംവിധാനങ്ങളുമുണ്ട്. അവരെ നേരിടാൻ പാവപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കരുത്തുണ്ട്. അല്ലെങ്കിൽ അതിനുവേണ്ടുന്ന സന്നാഹമുണ്ട് എന്ന അഭിപ്രായമില്ല. ഇതു രണ്ടും ഗവൺമെൻറു ഉറപ്പുപരുത്തിയാൽ മാത്രമേ തീർച്ചയായും നിയമം പ്രാവർത്തികമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. അതുകൊണ്ട് സ്ഥലമാറ്റത്തിലുള്ള അഴിമതി, അതിനുള്ള കൈക്കൂലി അതെങ്കിലും ഒഴിവാക്കാനുള്ള ധൈര്യം നമ്മുടെ മന്ത്രിമാർ കാണിക്കുകയും ഉദ്യോഗസ്ഥൻമാർക്ക് സത്യസന്ധമായി ജോലി ചെയ്യുന്നതിനുള്ള സന്നാഹം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, നമ്മുടെ നാട്ടിൽ തടി കിട്ടാൻ ദുർലഭമായതോടുകൂടിയാണ് മന്ത്രി ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കാട്ടിൽ ഉണ്ടായിരുന്ന തടികൊ മുഴുവനും വെട്ടി തീർത്തു. പ്രൈവറ്റ് ഫോറസ്റ്റിലായാലും ഗവൺമെന്റ് ഫോറസ്റ്റിലായാലും കാർഡമം ഹിൽസിലായാലും മിക്കവാറുമുണ്ടായിരുന്ന തടികളൊക്കെ തീർന്നു. മരണക്കാരുടെ മിടുക്കുകൊണ്ട് വെട്ടി ബാക്കിയുണ്ടായിരുന്ന പാഴ് തടികൊ പോലും വെട്ടുകയും ചെയ്യുന്നു. ഈ വിധത്തിൽ തടികൊ എല്ലാം തീർന്നുകഴിഞ്ഞപ്പോഴാണ് എങ്ങനെ ഇനി ജനങ്ങളെ ഉപദ്രവിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഈ നിയമം ഇപ്പോൊ കൊണ്ടുവന്നിരിക്കുന്നത്.

ഇതിൽ സാൻഡൽവുഡ്, റോഡ്വുഡ്, ഇരുൊ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചീനി എന്നിവ ഉൾപ്പെടെ പത്തു വൃക്ഷങ്ങളുടെ മുറിക്കലിലാണ് നിയന്ത്രണം ഏൽപ്പിച്ചത്. 'ചീനി' എന്നു പറയുന്നത് എന്താണ്? ചീനി മരച്ചീനിയാണോ? മന്ത്രിയുടെ മറുപടി പ്രസംഗത്തിലെങ്കിലും 'ചീനി' എന്താണെന്ന് വ്യക്തമാക്കണം, തിരുവിതാംകൂർ പ്രദേശത്ത് 'ചീനി' എന്നു പറയുന്ന ഒരു മരത്തെപ്പറ്റി ഞാൻ കേട്ടിട്ടില്ല. 'ചടച്ചി' സാധാരണ നമ്മൊ ഫർണിച്ചർ ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന അധികം കട്ടിയില്ലാത്ത ഒരു മരം ആണെന്നു പറയുന്നുണ്ട്. ഈ പൂവരശ് മരങ്ങൊ വെട്ടുന്നത് നിയന്ത്രിക്കുന്നു എന്നുള്ള വിധത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ നിയമം ഗുണത്തെക്കാളേറെ ദോഷം ചെയ്യും. ഡിപ്പാർട്ടുമെന്റിനെയും നാട്ടുകാരേയും മറ്റ് എല്ലാവരേയും ദ്രോഹിക്കാൻ പോകുന്ന ഒന്നാണ് ഈ നിയമം.

സർ, ഇന്ന് നമ്മുടെ നാട്ടിൽ തടിയൊക്കെ തീർന്നു. പണ്ട് വടക്കേ മലബാറിൽ ചെല്ലുമ്പോൊ വീടുകളിലെല്ലാം തേക്കു വൃക്ഷങ്ങൊ വെച്ചുപിടിപ്പിച്ചിരിക്കുന്നത് കാണാമായിരുന്നു. തേക്ക് പല വീടുകളിലും കാണും. ഈട്ടി മിക്കവാറും ഒരു വീട്ടിലും കാണുകയില്ല. പിന്നെ പൂവ് ഉണ്ടാകുന്ന വൃക്ഷമായതുകൊണ്ട് സ്ത്രീകൊ ചെമ്പകം വച്ചുപിടിപ്പിച്ചെന്നിരിക്കും. അതിൽ തന്നെ ഭാര്യാഭർത്താക്കൻമാർ തമ്മിൽ കലഹമുണ്ടാകുമെന്ന് പറഞ്ഞ് പഴയ കാലത്ത് ഒരു അന്ധവിശ്വാസമുള്ളതുകൊണ്ട് ചെമ്പകം പൂക്കുന്നതിനു മുമ്പ് ചില വീട്ടിൽ വെട്ടിക്കളയാറുമുണ്ട്. നിങ്ങളുടെ ഈ നിയമം മൂലം വരാൻ പോകുന്നത് ആരും ഇനി ഇതൊന്നും വച്ചുപിടിപ്പിക്കില്ല എന്നുള്ളതാണ്. ശ്രീ. കർത്താ സംസാരിച്ചപ്പോൊ പറയുകയുണ്ടായി തിരുവല്ലാഭാഗത്ത് ഒരു കാട് ഉണ്ടായിരുന്നത് പതിച്ചു കൊടുത്തതിന്റെ ഫലമായി ഇപ്പോൊ കേസും മറ്റുമായി കിടക്കുകയാണെന്ന്. ചെറിയ കാട് ഉണ്ടായിരുന്നാൽ ഗവൺമെന്റ് പതിച്ചുകൊടുക്കും. ആരും കേറാത്ത കാടായിരുന്നു ഇത്, തിരുവല്ല ആലപ്പുഴയായിരുന്നപ്പോൊ ആകെ ആ ജില്ലയിലുണ്ടായിരുന്ന ചെറിയ കാടായിരുന്നു അത്. അതിപ്പോഴില്ല. അത് പതിച്ചുകൊടുത്തു ഇപ്പോൊ അവിടെ കാടില്ലാതെ വന്നിരിക്കുകയാണ്. ആലപ്പുഴ റെയിഞ്ചുമില്ല. Range Office മില്ല. ഞങ്ങളുടെ നാട്ടിൽ നിന്നും ഒരാൊ ചീഫ് കൺസർവേറായി പോയിട്ടുണ്ട്. അയാൊ വരുന്നതും കാത്തിരിക്കണം. ഒരു അപേക്ഷ എഴുതി കൊടുത്തു നാട്ടിൽ ഒരു മരത്തിനെ കണ്ടിടാൻ മരം വച്ച് പിടിപ്പിക്കേണ്ടതിന്റെ ബോധം സാധാരണക്കാരനില്ലാതെ വന്നതിന്റെ ഫലമായാണ് തടിയില്ലാതെ വന്നത്. ഗവൺമെന്റിന്റെ തടി കച്ചവടവും, അഴിമതിയും അതിനു പ്രോൽസാഹനം കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മൾ ഇപ്പോൾ ഫർണിച്ചറെല്ലാം ഡെൽഹിയിൽ നിന്നാണ് കൊണ്ടുവരുന്നത്. അവിടെ നിന്നും കൊണ്ടുവന്നാണ് കേരളത്തിൽ ചില കമ്പനിക്കാർ ഫർണിച്ചർ വിൽക്കുന്നത്. തൃശ്ശൂരുള്ള ഒരു വലിയ കച്ചവടക്കാരൻ ശ്രീ. യൂക്കോള അവിടെ നിന്നും ഫർണിച്ചർ കൊണ്ടുവരുന്നുണ്ട്. എറണാകുളത്തും മറ്റ് പല സ്ഥലത്തും ഇതുപോലെ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നുണ്ട്. ആൻഡ്രൂസെന്ന ആളും പിന്നെ മറ്റൊരാളും ഈ രീതിയിൽ കൊണ്ടുവന്ന് വിൽപ്പന നടത്തുന്നുണ്ട്. തേക്കിനും, ഈട്ടിക്കും മറ്റ് ഒന്നാന്തരം തടികൾക്കും പേരുകേട്ട കേരളത്തിൽ ഇന്ന് Furniture പോലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങണം. കാട്ടിൽ തടിയില്ല, സ്ഥലവുമില്ല. പിന്നെ നാട്ടിൽ നമ്മുടെ നാട്ടിലെ തടിയുടെ സ്ഥിതിയിതാണ്. ഒരൊറ്റ മനുഷ്യനും മരങ്ങൾ വച്ചുപിടിപ്പിക്കരുത് എന്നുള്ള വിധത്തിൽ മനപൂർവ്വം കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണിത്. കാട്ടിൽ നിന്നൊന്നും തടി കിട്ടുകയില്ല. വേറെയൊരിടത്തുനിന്നും വാങ്ങാനും കിട്ടുകയില്ല. എങ്കിൽ ഒരെണ്ണം വച്ച് കളയാം എന്നു വിചാരിച്ചാൽ അത് വയ്ക്കരുത് എന്നുള്ള ഒരു നിയമനിർമ്മാണമാണിത്. കാട്ടിൽ നിന്നും ഇഷ്ടംപോലെ തടി വെട്ടിക്കൊള്ളാനാണ് ഇതിൽ പറയുന്നത്. ഇന്ന് പ്രൈവറ്റ് ഫോറസ്റ്റിനെ സംബന്ധിച്ചിടത്തോളം പ്രൈവറ്റ് ഫോറസ്റ്റ് പ്രിസർവേഷൻ ആക്ടുണ്ട്. ആ ആക്ടിൽ അടങ്ങിയ ഏതു തടിയും കളക്ടറുടെ അനുമതിയോടെ അല്ലാതെ വെട്ടാൻ പാടില്ലായെന്ന് നിയമമുണ്ട്. ആ ആക്ട് ഭേഗതി ചെയ്തിട്ടുമില്ല. ആ നിയമം നിലനിൽക്കുന്നു. ഒരു കളക്ടറേയും ഒരു റെയിഞ്ചറേയും കൂടി താരതമ്യപ്പെടുത്തിനോക്കിയാൽ ആരായിരിക്കും ആദ്യം തടിവെട്ടാൻ അനുവാദം കൊടുക്കുന്നത്. പ്രൈവറ്റ് ഫോറസ്റ്റ് പ്രിസർവേഷൻ ആക്ടിൽ കളക്ടർക്ക് മാത്രമേ തടിവെട്ടാൻ അനുവാദം കൊടുക്കാൻ അവകാശമുള്ളു. അത് എല്ലാ തടികൾക്കും ബാധകമാണ്. മറ്റ് തടികൾക്കു കൂടി ബാധിക്കുന്നു എന്നു പറയത്തക്ക വിധത്തിൽ എഴുതിച്ചേർത്തിരിക്കുന്നത്. എന്താണെന്നോ ടീയുടെ ഡെഫനിഷനിൽ പറയുന്നത് ഇങ്ങനെയാണ്.

> "....."tree" means any of the following species of trees, namely:—...."

എന്നു പറഞ്ഞിട്ട് ഈ 10 മരങ്ങളുടെ പേര് പറഞ്ഞിരിക്കുകയാണ്. എന്നിട്ട് എക്സ്പ്ലനേഷനിൽ പറയുന്നത്.....

> "For the purpose of this section, the term "tree" shall include any species of tree."

എന്നാണ്. കാർഡമം ഹിൽസിൽ, പ്രൈവറ്റ് ഫോറസ്റ്റിൽ അല്ലെങ്കിൽ പ്രൈവറ്റ് ഫോറസ്റ്റിൽ നിന്നും വിട്ട സ്ഥലത്ത്, മറ്റ് പ്രദേശങ്ങളിൽ—അതാണ് സെക്ഷൻ (5)—ൽ പറയുന്നത്, ആ സ്ഥലങ്ങളിൽ ഈ പത്തു തടി മുറിക്കുന്നതിനനുമതി Forest Officer റെ Sanctuee prive forest preservation Act പ്രകാരം ഏതു തടി വെട്ടണമെങ്കിലും Collector റുടെ അനുവാദം വേണം. Cardomum Hills Cardomom വളർത്തുന്ന സ്ഥലത്തു നിൽക്കുന്ന ഒരു തടിയും Forest Officer മാരുടെ അംഗീകാരമില്ലാതെ വെട്ടാൻ പാടില്ല എന്നു Cardomom lease ലായാലും latea യിലായാലും വ്യവസ്ഥയുണ്ട്, പിന്നെ ഈ നിയമം എന്തിനാണ്.

ശ്രീമതി കെ. ആർ. ഗൗരി :—നിയമസഭ കൂടാതിരുന്നപ്പോൾ കാർഡമം ഹിൽസിൽ നിന്ന് തടി കൊടുക്കുവാൻ റവന്യൂവിലെ തഹസീൽദാർ അനുമതി കൊടുത്തു. ഇതിൽ കൈവശം വച്ചിരിക്കുന്ന മോർട്ഗേജ്വരും, ലെസിവരും

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ എല്ലാ കൈവശക്കാരും ആഡഫനിഷൻ വരും. ആരുടെ കൈവശം ഭൂമി ഇരിക്കുന്നുവോ അവർക്ക് ആണ് ഇതെല്ലാം ബാധകമാകുന്നത്. കഴിഞ്ഞ ദിവസം ഈ ഭൂമികളിൽ തടി വെട്ടുന്നതിനെക്കുറിച്ച് റവന്യൂമന്ത്രി ഒരു വശത്തും മറുവശത്ത് ഫോറസ്റ്റ് മന്ത്രിയും തമ്മിൽ ഒരു വലിയ ലഹള ഉണ്ടായതായി പത്രത്തിൽ കണ്ടു. മാതൃഭൂമി പത്രം മുതൽ ദേശാഭിമാനി പത്രം വരെ ഇതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്യുകയുണ്ടായി. കാർഡമം ഹിൽസിലെ തടി തഹസീൽദാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ Contractor വെട്ടി. കാർഡമം ഹിൽസിന് ഭൂമി കൊടുക്കുമ്പോഴുള്ള വ്യവസ്ഥയെന്താണെന്നു വെച്ചാൽ, തടി ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനും ഭൂമി മാത്രം റവന്യൂ ഡിപ്പാർട്ടുമെൻറിനുമാണ്. പഴയ കാലത്തെ ആളുകൾ ആലോചിച്ച് എഴുതി വച്ച ഒരു നിയമമാണിത്. തടി വെട്ടാതിരിക്കാൻ വേണ്ടിയാണ് അങ്ങനെ എഴുതിവച്ചത്. തടി വെട്ടാതിരിക്കാൻവേണ്ടി ഫോറസ്റ്റുകാരുടെ കൈവശമെന്നുപറഞ്ഞ് അതിന്റെ ഓർഡിനൻസ് പ്രസിദ്ധീകരിച്ച് പത്രത്തിൽ വന്നപ്പോൾ കാർഡമം ഫീൽഡിലെ തടി വെട്ടി. ഒടുവിൽ ആ തടി കൊണ്ടു പോയിയെന്നാണ് പറയുന്നത്. ആ തടി എന്തു ചെയ്തുവെന്ന് അറിയില്ല. അതിന് മന്ത്രി മറുപടി പറയണം. ഞങ്ങളൊക്കെ സംഭവം കഴിഞ്ഞതിനുശേഷം പത്രങ്ങളിൽക്കൂടിയൊക്കെയാണ് അറിയുന്നത്. അതുപോലെ ശ്രീ. പി. സീതിഹാജിയുടെ ഒരു തടിക്കേസ് സുണ്ടായിരുന്നു. ആ കേസ് സിനും എന്തു സംഭവിച്ചുവെന്നറിയില്ല. കോടതിയിൽപോയി, എത്രയോ രൂപ വയ്ക്കാൻ പറഞ്ഞുവെന്നൊക്കെ പത്രങ്ങളിൽ കണ്ടതല്ലാതെ അതിലെത്ര തടി ഉണ്ടായിരുന്നു, എങ്ങനെയാണ് കാര്യങ്ങൾ എന്നുള്ളതിനെക്കുറിച്ചൊന്നും ഞങ്ങൾക്ക് അറിയില്ല. ഇപ്പോൾ അങ്ങനെയാണ് നടക്കുന്നത്. കാർഡമം ഹിൽസിലുള്ളതും പ്രൈവറ്റ് ഫോറസ്റ്റിലുള്ളതുമായ പത്തു വൃക്ഷങ്ങളൊഴിച്ച്, ബാക്കിയെല്ലാ വൃക്ഷങ്ങളും ഈ നിയമപ്രകാരം വെട്ടാം. നിങ്ങളുടെ ഈ ഡഫനിഷനിലും എക്സംപ്ഷനിലും നിൽക്കുകയില്ല എന്നു ഞാൻ പറയുകയാണ്. ട്രീയുടെ ഡഫനിഷനിൽ പറയുന്നത്, "tree" means any of the following species of trees, namely:—", എന്നു പറഞ്ഞിട്ട്, "For the purpose of this section, the term "tree" shall include any species of tree", എന്നാണ് പറഞ്ഞിരിക്കുന്നത്. "shall include any species", എന്നു പറഞ്ഞിട്ട് എല്ലാ സ്പീഷീസും ട്രീയുടെ ഡഫിനിഷനിൽ വരുമെന്നുള്ളത് വലുതായിട്ട് കൊടുക്കുവാനുള്ളതായിരുന്നു. അല്ലെങ്കിൽ ട്രീ എന്താണെന്ന് പറഞ്ഞിട്ട് "shall include this also" എന്ന് പറയുമായിരുന്നു. അങ്ങനെയൊരു ഡഫിനിഷൻ ഇവിടെ എഴുതിച്ചേർക്കണമായിരുന്നു. ഇത് വെറും സൂത്രമാണ്. ഞാൻ ശ്രീ. നൂറുദ്ദീനെ രക്ഷപ്പെടുത്താൻ പോകുന്നില്ല. ശ്രീ. നൂറുദ്ദീൻ മന്ത്രിയാകുന്നതിന് മുമ്പ് അദ്ദേഹത്തെക്കുറിച്ചുണ്ടായിരുന്ന അഭിപ്രായം ഇന്ന് ജനങ്ങൾക്കുണ്ടോ, നിങ്ങളുടെ പാർട്ടിയിലുണ്ടോ? ഇല്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. നിങ്ങളുടെ പാർട്ടിയിലെ ചില ആളുകൾ എന്നോട് പറഞ്ഞത് വേണമെങ്കിൽ ഞാൻ പറയാം. ഞാനും ശ്രീ. ബന്നിബഹനാനും നിന്നപ്പോൾ അദ്ദേഹത്തെക്കുറിച്ച് അങ്ങനെ സംസാരിച്ച ആളുകളുണ്ട്. ഞാൻ പറഞ്ഞുവരുന്നത്, ഈ നാട്ടിൽ ഫോറസ്റ്റില്ലാതെ വരുന്നു, തടിയില്ലാതെ വരുന്നു അത് രണ്ടു വിധത്തിലാണ്. നാട്ടിൻപുറങ്ങളിൽ പുതുതായി തടിവച്ച് അവരവരുടെ ആവശ്യങ്ങൾ എങ്കിലും നടക്കാൻ, ഒരു പുര വയ്ക്കാൻ മറ്റുവിധത്തിലുള്ള എന്തെങ്കിലും നടപടിയെടുത്താൽ, അത് തടുക്കുവാനുള്ള നിയമമാണിത്. ഗവൺമെൻറിന്റെ ബാക്കിയുള്ള കാർഡമം ഭൂമിയിലും അതുപോലെ പ്രൈവറ്റ് ഫോറസ്റ്റിലുമുള്ള പത്തു വൃക്ഷങ്ങളൊഴിച്ച് ബാക്കിയുള്ള തടി വെട്ടുന്നതിനുള്ള ലൈസൻസ് വേണ്ട എന്ന നിയമമാണിത്. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ഇലക്ട്രിസിറ്റി ലൈൻ വരുന്ന ഭാഗത്തുള്ള തടികളും

LIBRARY ARCHIVES Kerala Legislative Assembly

വെട്ടാൻ പാടില്ലെന്നാണ്. അവർ വന്നു വെട്ടുകയാണെങ്കിൽ, അവരുടെ പേരിൽ കേസ് സെടുക്കുന്നു. നമ്മൾ വൃക്ഷങ്ങൾ വയ്ക്കുന്നു. നമ്മുടെ നാട്ടിലെ പാടങ്ങളിൽ ഇന്നും പഴയ മണ്ണിന്റെ പശിമ നിൽക്കാൻ നമ്മൾ പച്ചില വളമാണ് ഉപയോഗിക്കുന്നത്. നിങ്ങളുടെ ഈ നിയമപ്രകാരം പച്ചിലവളമു പയോഗിക്കണമെങ്കിൽ തൂഴനം കൊമ്പറുക്കണമെങ്കിൽ റെയിഞ്ചറുടെ അനുവാദം വേണം. കൃഷിക്കാവശ്യമായ പച്ചിലവളം പോലും എടുക്കുവാൻ സമ്മതിക്കാത്തവിധത്തിലുള്ള ഒരു നിയമമാണിത്. പച്ചിലവളത്തിനുവേണ്ടി യുള്ള വൃക്ഷങ്ങളിൽ നിന്നും, ഇവിടെ എക് സംപ് റ് ചെയ്തിരിക്കുന്നത്; "Provided that the provisions of this sub-section shall not be deemed to prevent the pruning of any tree....." എന്നാണ് പറയുന്നത്. പച്ചിലവളം എടുക്കുന്നത് pruning അല്ല. Planing aylerceteeced practices ആണ്. പ്രത്യേകം ചില വൃക്ഷങ്ങൾക്ക് കാലാകാലങ്ങളിൽ pruning വേണം. പച്ചിലവളം എടുക്കലുമായി ഇതിനു യാതൊരു ബന്ധവുമില്ല. വൃക്ഷങ്ങളുടെ നിലനിൽപ്പിനുവേണ്ടി പ്രൂണിംഗ് നടത്തുമെന്ന് പറഞ്ഞിരിക്കുന്നു. ഈ വൃക്ഷങ്ങൾക്കുമൊക്കെ പ്രൂണിംഗ് നടത്താമോയെന്ന് ഞങ്ങൾക്കറിയില്ല. തേക്ക്, സാൻഡൽവുഡ് എന്നിവയ്ക്കൊക്കെ പ്രൂണിംഗ് നടത്താമോയെന്ന് എനിക്ക് അറിയില്ല. കൃഷിക്കാർക്ക് ആവശ്യമായിട്ടുള്ള പച്ചിലവളം എടുക്കുന്നതിനുപോലും സമ്മതിക്കാത്ത വിധത്തിലുള്ള നിയമനിർമ്മാണമാണിത്. ശ്രീ. കെ. ജി. ആർ. കർത്താ ചോദിച്ചതുപോലെ (അദ്ദേഹം ഇപ്പോൾ പ്രാക്ടീസ് തുടങ്ങി. അതുകൊണ്ടാണോ പറയുന്നത് എന്ന് എനിക്ക് അറിയില്ല) ഈ നിയമം എന്തിനാണ് സിവിൽ കോടതിയിൽ ബാർ വരുത്തുന്നത്? ഇത് സ്റ്റേറ്റിനു മുഴുവൻ ബാധകമാകുന്നതാണ് എനിക്കെന്റെ ആവശ്യത്തിനൊരു തടിവെട്ടണമെങ്കിൽ ആ തടി വെട്ടി സമയത്തെടുക്കണമെങ്കിൽ ഈ നിയമംകൊണ്ട് സാധിക്കുകയില്ല. അതിന് ഈ നിയമത്തിൽ എടുക്കുന്ന നടപടിക്കെതിരായി civil കോടതിയിൽ പോകാൻ പാടില്ല. അതിന് നമ്മൾ ഹൈക്കോടതിയിൽ പോകണം. നമ്മുടെ നാട്ടിൽ എത്രപേർക്ക് ഇങ്ങനെ റിട്ടുമായി ഹൈക്കോടതിയിൽ പോകാൻ കഴിയും? പാവപ്പെട്ടവർക്കും സാധാരണക്കാരനും പോകാൻ കഴിയുമോ? ഇത് സിവിൽ കോടതിയിൽ ബാർ ചെയ്തിരിക്കുന്നതെന്തിനാണ്? സാധാരണനിലയിൽ ഇത് ബാർചെയ്യേണ്ട ഒരു കാര്യവുമില്ല. ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെയോ, മുൻസിഫിനെയോ നിശ്ചയിച്ചു കൊള്ളണം. ഞാനൊരു മുൻസിഫ് കോടതിയിൽ പോകുന്നതിന് നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? എനിക്ക് തടി കൊണ്ടുപോകുന്നതിന് തടുക്കുന്നതിനെതിരെ ഞാനൊരു ഇൻജംക്ഷൻ കൊടുക്കുന്നതിന് നിങ്ങൾ ബാർ ചെയ്യുന്നതെന്തിനാണ്?

ചടച്ചിയെന്നു പറയുന്നത് വല്ല പൂവരശോ മറ്റോ ആണോ? തടിയെല്ലാം വെട്ടിനശിപ്പിച്ചതിന്റെ ഫലമായിട്ട് ഇന്ന് ഫർണിച്ചറിനുപോലും പൂവരശ് ആണ് ഉപയോഗിക്കുന്നത്. അതുപോലെ ചടച്ചി, ചീനി എന്നൊക്കെ പറയുന്നതെന്തുതരം വൃക്ഷങ്ങളാണ്?

ശ്രീ. ടി. എസ്. ജോൺ:—പൂവരശ് എന്നു പറയുന്നത് ഒന്നാംതരം തടിയാണ്.

ശ്രീമതി കെ. ആർ. ഗൗരി:—ഇപ്പോൾ പൂവരശാണ് ഫർണിച്ചറിന് ഉപയോഗിക്കുന്നത്. റോസുവുഡ് ചീത്തയാണോ? ശ്രീ. ടി. എസ്. ജോണിന്റെ നാട്ടിൽ ഒരു വെറിയ കാടുള്ളതാണ്. അതിപ്പോൾ പതിച്ചുകൊടുത്തുകാണും. പതിച്ചുകൊടുക്കുവാനുള്ള നടപടികൾക്ക് സ്റ്റേറ്റെയൊക്കെ വന്നിരിക്കുന്നു. കാടെല്ലാം നശിപ്പിച്ചതിനുശേഷം. ജനങ്ങളെ ദ്രോഹിക്കത്തക്ക വിധത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടിയിലേക്കാണ് പോകുന്നത്. ഇതിനകത്ത് ഒരു ഡഫിനിഷനുണ്ട്, "The terms, "boat" and "vehicle" in the section, section 14 and section 15 shall include all the articles and machinery kept in the boat or vehicle, as the case may be, whether fixed to the same or not." ഫിക്സഡ് അല്ലാത്തതും കൂടി ഇതിൽ ഇൻക്ലൂഡ് ചെയ്യണം. ഇങ്ങനെ നിയമം എഴുതി കൊണ്ടുവന്നാൽ എന്തു പറയും? ഈ വകുപ്പിനെക്കുറിച്ച് പറയേണ്ടേ? ഈ നിയമത്തിൽ അനാവശ്യമായിട്ടാണ് എഴുതിവച്ചിരിക്കുന്നത്. അതിനുമുമ്പ് പറയുന്നുണ്ട്; ".....in contravention of section 4 or sub-section (2) of section 5 or a direction contained in a notification under sub-section (1) of section 5, he may seize the timber of such tree together with all tools, ropes, chains and other articles used in the commission of such offence and all boats, vehicles and *animals* used for carrying such timber." ഇങ്ങനെ പറഞ്ഞതിനുശേഷം പറയുകയാണ്, "all the articles in it" എന്ന് ഇതിന് എന്താണ് കാരണം? ഏതു വിധത്തിലാണ് ഇത് പറയുന്നത്? ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നതു തന്നെ സാധാരണക്കാരന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിലാണ്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു കാരണവശാലും നമ്മുടെ നാട്ടിൽ വൃക്ഷങ്ങളും സംരക്ഷിക്കുന്നതിന് ഉതകത്തക്ക വിധത്തിലുള്ള നടപടിക്രമമല്ല ഇത്. നാട്ടുംപുറങ്ങളിലെ സാധാരണക്കാരൻ ഒരു വൃക്ഷം വെട്ടി ഒരു വീടു പണിയുന്നതിനോ ഉപകരണം ഉണ്ടാക്കുന്നതിനോ ഉപയോഗിച്ചാൽ അത് നടക്കാൻ സാധിക്കാത്ത വിധത്തിൽ അവനെ ബുദ്ധിമുട്ടിക്കുകയാണ്. ഫോറസ്റ്റ്, എക്സൈസ് ഇങ്ങനെയുള്ള വകുപ്പുകളൊക്കെ കൈക്കൂലി വാങ്ങിക്കാൻ വേണ്ടിയുള്ളവർക്കു മാത്രമുള്ളവയാണ്. ആ നിലയിൽ ഈ നിയമം എതിർക്കേണ്ടതാണ്. പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ നിയമം ആവശ്യമില്ലാത്തതാണ്. ഇന്ന് ഫോറസ്റ്റ് ഗവൺമെന്റ് ഭൂമിയായാലും പ്രൈവറ്റ് ഫോറസ്റ്റായാലും തടി സംരക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള നിയമനിർമ്മാണമുണ്ട്. ആ നിയമ നിർമ്മാണം നടത്തുന്നതിന് അവിടെയുള്ള ഉദ്യോഗസ്ഥൻമാർ പൊളിറ്റിക്കൽ ഇടപെടലുകൾ കാരണം നിഷ്ക്രിയരാകുന്നതുകൊണ്ടാണ് ആ നിയമം തകരാറിലാകുന്നത്. മറ്റു വിധത്തിൽ ഇത് ജനങ്ങളെ ദ്രോഹിക്കത്തക്ക വിധത്തിലുള്ള നിയമമാണ്. അതുകൊണ്ട് ഈ നിയമം ആവശ്യമില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, ഏതു നിയമം നമ്മുടെ രാജ്യത്ത് വന്നാലും അത് മുഴുവൻ സ്വന്തം താല്പര്യങ്ങൾക്കു ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗസ്ഥ സമൂഹത്തിനുമുമ്പിൽ ഒരു പുതിയ വഴി തുറന്നു കൊടുക്കാനല്ലാതെ ഈ നിയമം കൊണ്ട് പ്രത്യേകമായി യാതൊന്നും നേടാൻ പോകുന്നില്ലെന്നതാണ് സത്യം. നമ്മുടെ രാജ്യത്തെ വൃക്ഷങ്ങൾ സംരക്ഷിക്കാനുള്ള ഈ നിയമത്തിൽ ഒരു വൃക്ഷം നഷ്ടപ്പെട്ടാൽ വേറൊരു വൃക്ഷം വയ്ക്കണം അതൊരു അപരാധമാണെന്ന് ഞാൻ കരുതുന്നില്ല. അതിന് ആളുകളെ ബോധവാൻമാരാക്കാനുള്ള നടപടികളെടുക്കുന്നത് നല്ലതാണ്. പക്ഷേ സ്വന്തം പുരയിടത്തിൽ വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷം ഒരു ഉദ്യോഗസ്ഥന്റെ അടുത്തുപോയി അനുവാദം കൊണ്ടുവന്നേ മുറിക്കാൻ പാടുള്ളൂ എന്ന തരത്തിലുള്ള നിയമം കൊണ്ടുവരുന്നത് നന്നല്ല. പണക്കാരായ ആളുകൾക്ക് അതിനു ബുദ്ധിമുട്ടില്ല. ഈ നിയമം കൊണ്ടുവന്നാൽ, മന്ത്രി പ്രതിനിധാനം ചെയ്യുന്ന വർഗ്ഗത്തിനു, വിഭാഗത്തിനു ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥൻമാരെ സ്വാധീനമുള്ളതുകൊണ്ട് ബുദ്ധിമുട്ടുവരില്ല. എങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവൻ ഇതിനു വേണ്ടി ചെന്നാൽ ഇവിടത്തെ അവസ്ഥ എന്താണ്? നമ്മുടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനിൽ ചെന്നാൽ, വില്ലേജ് ആഫീസിൽ ചെന്നാൽ, ഓരോ ഗവൺമെൻറ് ആഫീസുകളിലും ചെന്നാലുള്ള അവസ്ഥ എന്താണ്? ഒരു ഹരിജൻ കർഷകത്തൊഴിലാളി ഒരു പോലീസ് സ്റ്റേഷനിൽ ഒരു അപേക്ഷയുമായി ചെന്നാൽ അവനോട് നിങ്ങൾ മാന്യമായി പെരുമാറുമോ ? എൻെറ പ്രദേശത്ത് ഒരു അനുഭവമുണ്ടായി. കഴിഞ്ഞ ദിവസം പരസ്യമായി ഒരു സ്ത്രീയെ ഒരു കാപ്പിക്കടയിൽ കയറി ആക്രമിച്ച റൗഡിയുടെ പേരിൽ കേസെടുക്കുകയോ നടപടി സ്വീകരിക്കുകയോ ഒന്നും ഇന്നും ചെയ്തിട്ടില്ല. കാരണം എന്താണെന്നുവച്ചാൽ അയാൾക്ക് സ്വാധീനമുണ്ട്. സ്വാധീനമുള്ള ആളുകൾക്ക് ഒരുപക്ഷെ നിയമപരമായി ഇതിൻെറ അനുവാദം വാങ്ങാൻ ബുദ്ധിമുട്ട് വരില്ല. ഈ ആശയം എവിടെനിന്ന് ഉണ്ടായിയെന്നതിനെപ്പറ്റി ആലോചിക്കണം. നമ്മുടെ നാട്ടിൽ വൃക്ഷങ്ങൾ വയ്ക്കുന്നത് നല്ലതാണ്. കാലാവസ്ഥയിലുണ്ടാകുന്ന കുഴപ്പങ്ങൾക്കു കാരണം വൃക്ഷങ്ങളുടെ അഭാവമാണെന്ന ധാരണയിൽ ഇത് എവിടെ നിന്നാണ് തുടങ്ങിയതെന്നുള്ളതിനെപ്പറ്റി ആലോചിക്കണം. നമ്മുടെ രാജ്യം നാല്പത് സംവൽസരങ്ങൾക്കു മുമ്പ്, സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ കാലഘട്ടത്തിൽ, നടന്നിട്ടുള്ള വനത്തിലെ കൊള്ളയെപ്പറ്റി പ്രായമായവർക്കു അറിയാം. 'കേരള കൗമുദി' പത്രത്തിൽ വന്ന ഒരു റിപ്പോർട്ട്, ശ്രീ. കെ. ജി. അടിയോടി മന്ത്രിയായിരുന്ന കാലമാണ് അത്. അതിനെത്തുടർന്നുണ്ടായ വിവാദങ്ങളും, മന്ത്രി അടിയോടി കൊടുത്ത കേസ്, അതിനെത്തുടർന്ന് ഉണ്ടായ വിവാദങ്ങളൊക്കെ എന്തായിരുന്നു ? അതിൻെറ ഒരു പുസ്തകം തന്നെയുണ്ട്. ആ പുസ്തകമെടുത്തു വായിച്ചാൽ വനസംരക്ഷണത്തിനും നാട്ടിൽ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും ആത്മാർത്ഥത കാട്ടിക്കൊണ്ട് രംഗത്തു വരുന്ന ആളുകളോട് എടുത്തിട്ടുള്ള സമീപനം എന്താണെന്ന് വ്യക്തമാകും ഇതിൽ നിന്നും നിങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാൻ യാതൊരു സംശയവും ആവശ്യമില്ല. വാസ്തവത്തിൽ ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ഉദ്യോഗസ്ഥൻമാർക്ക് കൈക്കൂലി വാങ്ങാൻ വേണ്ടി മാത്രമാണ്. ഇത് യാതൊരു കാരണവശാലും സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതല്ല. നിങ്ങൾ ആദ്യം ചെയ്യേണ്ടത് കാട് രക്ഷിക്കുകയാണ്. കാട്ടിൽ നിന്നും കോടിക്കണക്കിന് രൂപയുടെ സമ്പത്ത് നഷ്ടപ്പെടുന്നു. പുനലൂർ ടൗണിൽ ഒരു വലിയ ഈട്ടിത്തടിയുടെ കുറ്റി കിടക്കുന്നു. ഈട്ടിത്തടിയുടെ കുറ്റി ഒരു എം.എൽ. എ.യുടെ വീടിനു മുമ്പിൽ കിടക്കുകയാണ്, അത് എങ്ങനെ അവിടെ വന്നു? ആ ഈട്ടി ആര് കൊടുത്തതാണ്? ഏതാണ്ട് അൻപതു ലക്ഷം രൂപ വില മതിക്കാവുന്ന ഒരു വലിയ ഈട്ടിത്തടി പുനലൂർ ഫോറസ്റ്റിനിൽ നിന്ന് ആരോ മുറിച്ചതിൻെറ കുറ്റി ഒരു ഭരണകക്ഷി എം. എൽ. എ. യുടെ വീടിനു മുമ്പിൽ ഇപ്പോഴും കിടക്കുന്നു. ഇത് എടുത്തുകൊണ്ടുപോകാൻ ഫോറസ്റ്റുകാർ ഇല്ല. അതിനു കേസെടുക്കാൻ ആളില്ല. നടപടിയെടുക്കാൻ തന്നേടമില്ല. നിങ്ങൾ നാടു നന്നാക്കാൻ പാവപ്പെട്ടവൻെറ വീട്ടിൽ ഒരു മരം നിന്നാൽ അത് മുറിക്കാൻ നിയന്ത്രണം കൊണ്ടുവരികയാണ്. അതിൻെറ ഒരു ഇല മുറിക്കണമെങ്കിൽ അതിന് അനുവാദം വേണം. എവിടെയെങ്കിലും ഒരു തേക്ക് തടിയോ ഈട്ടിത്തടിയോ ഒരു ചന്ദനത്തടിയോ വച്ചുപിടിപ്പിച്ച്, അത് ബോധപൂർവ്വം ആദായം ലഭിക്കുമെന്ന പ്രതീക്ഷയല്ല, നമ്മുടെ രാജ്യത്ത് അതുപോലെയുള്ള വൃക്ഷങ്ങളൊക്കെ വച്ചുപിടിപ്പിച്ച് അപൂർവ്വമായി നമ്മുടെ സ്വന്തം ആവശ്യത്തിന് എടുക്കാമെന്നുള്ള പ്രതീക്ഷയിൽ വളർത്തിക്കൊണ്ടുവരുന്നതിന് ഒരു പിഴ എന്നവണ്ണം ഇപ്പോൾ ഒരു ഭൂതോദയം ഉണ്ടായിരിക്കുകയാണ്. കാട് വെട്ടിത്തെളിച്ച് കൊള്ളയടിച്ച് സമാന്തര സമ്പദ്ഘടന കെട്ടിപ്പടുത്ത കാട്ടുകള്ളൻമാരെ തീറ്റിപ്പോറ്റി വളർത്തിയശേഷം ഇപ്പോൾ ഒരു മാനസാന്തരം വന്നിരിക്കുന്നു. പാവ

LIBRARY ARCHIVES Kerala Legislative Assembly

ട്ടെപ്പവന്റെ മുതുകിൽ കയറി രാജ്യത്ത് വൃക്ഷങ്ങളം ഉണ്ടാക്കണം. കാടാകെ വെട്ടിവെളിപ്പിച്ചിട്ട് നാടാകെ കാടാക്കാൻ എന്ന വ്യാഖ്യാനം പോലെയാണ് വന്നിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുള്ള ഒരു നിയമ നിർമ്മാണമാണ് ഇത്. ഇതിനെ സംബന്ധിച്ച് യാതൊരു കാരണവശാലും അനുകൂലിക്കാൻ പറ്റുകയില്ല. കള്ളത്തടി മോഷ്ടിക്കുന്നവർ, തടി മോഷ്ടിപ്പ് ഒരു തൊഴിലായി സ്വീകരിച്ച് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്നവർക്ക് 500 രൂപ ശിക്ഷ വിധിക്കുമ്പോഴം ഇതിൻകത്ത് സ്വന്തം പുരയിടത്തിലുള്ള ഒരു വൃക്ഷം മുറിച്ചാൽ അതിന്റെ ഒരു ഇല മുറിച്ചാൽ അതിനുള്ള ശിക്ഷ ജയിലും പിഴയുമാണ്. ഈ തരത്തിലുള്ള നിയമനിർമ്മാണം നമ്മുടെ നാട്ടിൽ യാതൊരാവശ്യവുമില്ലാത്തതാണ്. സാമൂഹ്യ വനവൽക്കരണം എത്ര നടത്തിയാലും അതിന് യാതൊരു വിരോധവുമില്ല. അതുകൊണ്ട് ആളുകൾക്ക് പ്രത്യേകിച്ച് ഉപദ്രവമൊന്നും ഉണ്ടാവുകയില്ല. പക്ഷെ ഇത്തരം നിയന്ത്രണങ്ങളം സത്യത്തിന് നിരക്കാത്തതാണ്. യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. നമ്മുടെ നാട്ടിൽ യാഥാർത്ഥ്യത്തിന് നേരെ മുഖം തിരിച്ചുകൊണ്ട് ഈ സാമൂഹ്യ വനവല്ക്കരണത്തിന്റെ പേരിൽ നാട്ടിൻപുറത്തെ പാവപ്പെട്ട ആളുകളുടെ സ്വന്തം തടി മുറിച്ചെടുക്കാൻ നിയന്ത്രണം ഏർപ്പെടുത്തുന്നു. ഇത് എന്തു ന്യായമാണെന്ന് മനസ്സിലാകുന്നില്ല. പണ്ട് ചിലർക്ക് അവകാശപ്പെട്ട ചില കാര്യങ്ങളുണ്ടായിരുന്നു. രാജാവിന്റെ ഒപ്പം ആരും സഞ്ചരിച്ചുകൂടാ. രാജാവ് ഭക്ഷിക്കുന്നത് അമൃത്തേ്, പാവപ്പെട്ടവൻ കഴിക്കുന്നത് കരിങ്കാടി. അതായിരുന്നു ഈ രാജ്യത്തെ സ്ഥിതി. രാജാവിന് തിരുവുള്ളം, പാവപ്പെട്ടവന് അടിമ മനസ്. ഇങ്ങനെ എല്ലാ തരത്തിലും വ്യത്യസ്തമായ ഒരു ചിന്താഗതി വച്ചിരുന്നു. അന്നുണ്ടായിരുന്ന അ സങ്കല്പം ഇന്ന് വീണ്ടും. ഈ രാജ്യത്ത് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇത്തരത്തിലുള്ള നിയമ നിർമ്മാണത്തിലൂടെ ചെയ്യുന്നത്. ഇതിന് യാതൊരു പ്രസക്തിയുമില്ല. ഇത് നാട്ടിൽ വ്യാപകമായി അഴിമതി നടത്താൻ സഹായിക്കുന്നു. ഒരു വില്ലേജ് ആഫീസിൽ ഹരിജനാണെന്നു കാണിക്കാൻവേണ്ടി ഒരു ചെറിയ സർട്ടിഫിക്കറിനു വേണ്ടി ചെന്നാൽ, റേഷൻ കാർഡിൽ വരുമാനം ഇന്നതാണെന്നു തെളിയിക്കാനുള്ള സർട്ടിഫിക്കറിനുവേണ്ടി ചെന്നാൽ .....(ബഹളം) .....

ശ്രീ. എം. എം. ഹസ്സൻ : സർ, ഇവിടെ വിഷയം... .....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, ശ്രീ. ഹസ്സനു എല്ലാ ദിവസവും പ്രധാന കഥാപാത്രമാണെന്ന് പത്രത്തിൽ വരണമെന്ന് താല്പര്യമുണ്ട്. ഇത് സ്പീക്കർ അനുവദിക്കുമെങ്കിൽ എനിക്കു വിരോധമില്ല.

Shri A. V. Thamarakshan :—Sir, I raise a point of order. (286). When for the purposes of explanation during discussion or for any other sufficient reason, any member has occasion to ask a question 11 a. m.] of another member on any matter then under the consideration of the Assembly, he shall ask the question through the Speaker.

സർ, ഈ നിയമസഭയിൽ ഒരു ബില്ലിന്റെ ചർച്ച നടക്കുമ്പോഴം,ബഹുമാനപ്പെട്ട ഒരു മെമ്പർ ആ ബില്ലിന്റെ വസ്തുതയെപ്പറ്റി ചർച്ച ചെയ്യുന്ന അവസരത്തിൽ ഈ സഭയിൽ കൂടുതൽ കാര്യങ്ങളം അറിയാൻവേണ്ടി ഏതു മെമ്പർക്കും സ്പീക്കർ മുഖേന ചോദ്യം ചോദിക്കാവുന്നതാണ്. ഇവിടെ ഈ നിയമനിർമ്മാണ സഭയിൽ നടക്കുന്ന ചർച്ച ഡിബേറാണ്. പുറത്തുള്ള ഏതെങ്കിലും പത്രമോ ഈ ബില്ലിൽ നടക്കുന്ന നിസർച്ചിനെ സംബന്ധിച്ചുള്ള കാര്യങ്ങളംപോലും ഉപകരിക്കുന്നത് ഡിബേറിൽനിന്നാണ്. ആ ഡിബേറ്

LIBRARY ARCHIVES Kerala Legislative Assembly

ഇഫക്റ്റീവാക്കുന്നതിനുവേണ്ടിയാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. അങ്ങ ചോദ്യങ്ങൾ ചോദിക്കുന്നത് തടഞ്ഞാൽ അത് ഭാവിയിൽ ദോഷംചെയ്യും. അത്തരം കർശനമായ നടപടി സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : അങ്ങ് ഇത് ഉന്നയിച്ചത് വളരെ നന്നായി. കാരണം ഏത് രംഗത്തും ഏത് സന്ദർഭത്തിലും ഈ സഭയിൽ കൂടുതൽ കൂടുതൽ ക്ലാരിഫിക്കേഷനുവേണ്ടി ചോദ്യങ്ങൾ ചോദിക്കാൻ അവകാശമുണ്ട്. മെമ്പർമാരുടെ അവകാശം സംരക്ഷിക്കാൻ ചെയർ എപ്പോഴും സന്നദ്ധനാണ്. ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതുപോലെതന്നെ അവകാശങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിക്കാനുള്ള ബാദ്ധ്യതകൂടി ചെയറിനുണ്ട്. ഇതിനകത്ത് ഒരൊറ്റ കാസ്റ്റിയേയുള്ളൂ. സമയപരിധി വളരെ ചുരുക്കമാണ്. ധാരാളം മെമ്പർമാർ സംസാരിക്കാനുണ്ട്. കൂടുതൽ മെമ്പർമാർക്ക് ചാൻസ് കൊടുക്കുകയെന്നുള്ളതാണ് നയം. അതുകൊണ്ട് ഇവിടെ പലപ്പോഴും കണ്ടിട്ടുള്ളത്, നിർഭാഗ്യകരമായ പല അവസരങ്ങളിലും ചൂണ്ടികാണിക്കേണ്ട കാര്യമായിരുന്നു. സംസാരിക്കാൻ മെമ്പർമാർ കാത്തിരിക്കുമ്പോൾ ഇടയ്ക്ക് കയറി ചോദ്യങ്ങളും ഉത്തരങ്ങളും, ചോദ്യങ്ങളും ഉത്തരങ്ങളും, അത് ഒരു വഴക്കായി സ്വീകരിച്ചിട്ടുള്ള ആ നയം അനുവദിക്കുന്ന പ്രശ്നമില്ല. ചിലർ ബില്ലിനെക്കുറിച്ച് സംസാരിക്കാനല്ല, ചോദ്യങ്ങൾ മാത്രം ചോദിക്കുന്നത് ഒരു ലൈൻ ആയി വച്ചിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, ശ്രീ. ഹസ്സനെപ്പറ്റി അത്രയും വലിയ ഒരു കമൻറ് വേണമായിരുന്നോ ?

മി. സ്പീക്കർ : ശ്രീ. ഹസ്സനെക്കുറിച്ച് , മാത്രമല്ല എല്ലാവരേയും ബാധിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ ഡിബേറ്റിൽ ചോദ്യങ്ങൾ ചോദിക്കുന്നത് ഒരു മെമ്പറുടെ അയോഗ്യതയാകുന്നതെങ്ങനെയാണെന്ന് എനിക്ക മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : അയോഗ്യതയല്ല. അത് എല്ലായ്പ്പോഴും യോഗ്യതയായി കൊള്ളണമെന്നില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, എനിക്ക് പറയാനുള്ളത് ഈ നിയമത്തിൽ വ്യക്തമായും വൃക്ഷങ്ങൾ മുറിച്ചു മാറ്റാൻ റെയിഞ്ചറുടെ അടുത്തേക്ക് പോകണമെന്നുള്ള വകുപ്പ് എന്തിനു വേണ്ടിയാണ്. അത് ദ്രോഹകരമാണ്.

സർ, ആലപ്പുഴ ജില്ലയിൽ ഒരു റെയിഞ്ചറെ കാണേണ്ടതാണെങ്കിൽ അവിടെയുള്ള ഒരു ഫോറസ്റ്റ് ഓഫീസർ ഒരു മരം മുറിക്കണമെങ്കിൽ കോന്നിയിലോ റാന്നിയിലോ പോകണം. ആലപ്പുഴ വനം ഇല്ലാത്ത ഒരു ജില്ലയാണ്. അവിടെ ഭൂമിയുണ്ട്, വൃക്ഷങ്ങളുമുണ്ട്. ഈ പറയുന്ന വൃക്ഷങ്ങൾ ഏതെങ്കിലുമൊക്കെയുണ്ടുതാനും. അവിടെ നിന്ന് ഞങ്ങൾ ഒരു മരം മുറിക്കാൻ ഇരുപത്തിയഞ്ചോ മുപ്പതോ രൂപ കൊടുത്തുപോയാൽ ഒരു ദിവസം ചെല്ലുമ്പോൾ റെയിഞ്ചർ അവധി, അടുത്ത ദിവസം ചെല്ലുമ്പോൾ അദ്ദേഹം ഹോസ്പിറ്റലിൽ, മൂന്നാമത്തെ ദിവസം ചെല്ലുമ്പോൾ അദ്ദേഹം കോൺഫറൻസിൽ, നാലാമത്തെ ദിവസം ചെല്ലുമ്പോൾ അദ്ദേഹം ടൂർ അഞ്ചാമത്തെ ദിവസം ചെല്ലുമ്പോൾ അദ്ദേഹത്തിന് അസുഖം. അങ്ങനെ അഞ്ച് ദിവസം കഴിഞ്ഞ് ആറാമത്തെ ദിവസവും ഈ 30 രൂപ ചെലവാക്കി വീണ്ടും ചെല്ലണം. അങ്ങനെ ചെല്ലുമ്പോൾ ഓഫീസിൽ ഫാൻ കറങ്ങും കസേരയ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകും, ആരും കാണുകയില്ല. ആരോടെങ്കിലും ചോദിച്ചാൽ പറയും വെളിയിലോട്ടിറങ്ങി ഇപ്പോഴും വരുമെന്ന്. അങ്ങനെ ഒരു അഞ്ചാറ് മണിക്കൂർ നമ്മളും കാത്തിരുന്നാലും ആളിനെ കാണുകയില്ല. അത് ഈ സെക്രട്ടേറിയറിലുമൊക്കെ നമ്മളും ചെല്ലുമ്പോഴും കാണുന്ന ഒരു സർവ്വസാധാരണമായ സ്വഭാവം പോലെ അവിടേയും കണ്ടെന്നുവരും. അതുകൊണ്ട് ഇത്തരത്തിൽ അങ്ങനെ സാർവ്വത്രികമായി ഏറ്റവും കുറഞ്ഞത് ഒരു അപേക്ഷ കൊടുക്കണമെങ്കിൽ രണ്ടാഴ്ച നടക്കണം. അപേക്ഷ കിട്ടിയതിനുശേഷം ഒരന്വേഷണം ആവശ്യമായി വരും. ഈ അന്വേഷണത്തിനുവേണ്ടി ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുന്നു. അവർ വന്നിട്ട് അതിന് ഒരന്വേഷണമുണ്ട്. ഈ അന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു മാസമെടുക്കും. ഇതിനിടയ്ക്ക് ആ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ പിന്നെ അതിന്റെ അനുവാദത്തിന് പിന്നേയും ഒരു രണ്ടാഴ്ചയെടുക്കും. ഏതാണ്ടൊരു ആറ് മാസക്കാലം ഈ വൃക്ഷത്തിന്റെ കാര്യത്തിന് കയറിയിറങ്ങിക്കയറിയിറങ്ങി ആയിരക്കണക്കിന് രൂപ ചെലവഴിച്ചാലും ആലപ്പുഴ ജില്ലയിലുള്ള ഒരാൾക്ക് ഒരു റെയിഞ്ചറെ കണ്ട് ഈ സാംഗ്ഷൻ വാങ്ങാൻ ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് എല്ലാ വില്ലേജിലും ഇതുപോലെ റെയിഞ്ചർമാരെ നിയമിക്കാൻ ഉദ്ദേശിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെങ്കിൽ തരക്കേടില്ല. ഒരു വില്ലേജിൽ ഒരു റേഞ്ചർ. അങ്ങനെ ഒരു പോസ്റ്റ് ക്രിയേറ്റ് ചെയ്ത് എല്ലായിടത്തും ആളുകളെ നിയമിക്കുമെങ്കിൽ അത് സഹായകരമായിരിക്കും. അതല്ലെങ്കിൽ ഇത് ഒരു കാരണവശാലും സ്വീകാര്യമല്ല. അത് സാർവ്വത്രികമായി ഉപദ്രവം ഉണ്ടാക്കാൻ കഴിയുന്നതുമാണ്. അതിൽ ഒരു കാര്യം ഞാൻ കാണുന്നത് ഒരു വൃക്ഷം നശിപ്പിക്കുമ്പോഴും ഒരു വൃക്ഷം വച്ചുപിടിപ്പിക്കണമെന്ന തത്വം വളരെയേറെ സ്വാഗതാർഹമാണ്. അതൊഴിച്ചാൽ ബാക്കിയെല്ലാ കാര്യങ്ങളും അസ്വീകാര്യമാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഈ ബില്ലിന്റെ അടിസ്ഥാനാശയം വളരെ സ്വാഗതാർഹമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. എന്റെ പരാതി ഇത് വളരെ നേരത്തേ വേണ്ടിയിരുന്നു എന്നാണ്. ഇത്തരത്തിലുള്ള നിയമനിർമ്മാണം ഇപ്പോഴും കൊണ്ടുവന്നപ്പോഴും അതിനു പല്ല് വേണ്ടത്രയില്ല. പല്ല് കിളിപ്പിക്കണം. നല്ല മൂർച്ചയുള്ള പല്ല് ഇതിനുണ്ടാകണം. അതില്ലെന്നുള്ളതാണ് എന്റെ പരാതി. ഇതിന്റെ പരിധി വളരെ ചുരുക്കിയാണ് വച്ചിരിക്കുന്നത്. പത്ത് സ്പീഷീസിന്റെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ പഴയ കണക്ക് എടുത്തിട്ടുള്ള ആളുകൾ പറയുന്നത് അറിയപ്പെടുന്ന മൂവായിരം സ്പീഷീസുണ്ടെന്നാണ്. ഈ മൂവായിരം സ്പീഷീസ് ഉള്ളതിൽ പത്തെണ്ണത്തിന്റെ കാര്യമാണ് പറയുന്നത്. പിന്നെ എല്ലാ വൃക്ഷങ്ങളും ഏത് ജാതിയിൽപ്പെട്ട വൃക്ഷങ്ങളും എന്നു, പറഞ്ഞിരിക്കുന്നത് വളരെ ചുരുങ്ങിയ ഒരു ഏരിയായിൽ Vested Forest Cardamom Hills എന്നീ രണ്ട് സ്ഥലങ്ങളിൽ മാത്രമാണ്. ഇത് ഒരു തരത്തിൽ ഗുണവും ആണ് ഒരു തരത്തിൽ ദോഷവുമാണ്. അപ്പോഴും വളരെ ലിമിറ്റഡ് സ്കോപ്പ് മാത്രമേ ഈ ബില്ലിൽ ഉള്ളൂ. അല്ലാതെ ഇവിടെ കിളിച്ചുവരുന്നതിനെല്ലാം പുതിയ പെർമിറ്റ് വാങ്ങിക്കണമെന്ന് ഈ ബില്ലിൽ പറഞ്ഞിരുന്നെങ്കിൽ ഞാനും വളരെ ശക്തിയായി ഇതിനെ എതിർക്കുമായിരുന്നു. ഞാൻ എതിർക്കുന്നത് എന്റേതായ കാര്യങ്ങൾകൊണ്ടാണ്. നമ്മൾ ഒരു വലിയ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമ്പോഴും ആ പ്രശ്നം പരിഹരിക്കുന്നതിന്റെ വകയിൽ പുതിയ ഒരു ബ്യൂറോക്രാറ്റിക് സ്ട്രക്ച്ചർ ഉണ്ടാക്കുന്നതിനാണ് ഞാൻ എതിരാണ്. അങ്ങനെയുണ്ടാക്കുമ്പോഴും അതിന് പിന്നെ ഒരാഫീസ്, ഒരു ഗസറ്റഡ് ഓഫീസർ, പിന്നെ അദ്ദേഹത്തിന് ഒരു സൂപ്രണ്ട്, ആ സൂപ്രണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ വേറെ രണ്ട് ഉദ്യോഗസ്ഥൻമാർ, പിന്നെ ടൈപ്പിസ്റ്റ് ക്ലാർക്ക്, പ്യൂൺ, ചായ വാങ്ങാൻ പ്യൂൺ, ബീഡി വാങ്ങാൻ പ്യൂൺ, കാർ, ജിപ്പ് ഇതൊക്കെയാണ്. ബ്യൂറോക്രാറ്റിക് സ്ട്രക്ച്ചർ എന്നു പറയുമ്പോൾ അതിന്റെ ഭാരം മാത്രമല്ല, അതിൽ വരുത്തുന്ന കാലതാമസം വളരെ ശരിയായ രീതിയിൽ ശ്രീ. കുറുപ്പ് പറഞ്ഞതുപോലെയാണ്. അതുകൊണ്ട് ഒരു പുതിയ ബ്യൂറോക്രാറ്റിക് സ്ട്രക്ച്ചർ വൃക്ഷം സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കണമെന്നല്ല ഞാൻ വാദിക്കുന്നത്. അത് ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കുകയും വേണം. ഫോറസ്റ്റിലെ വനങ്ങൾ സംരക്ഷിക്കാൻ ഫോറസ്റ്റ് ആക്ട് ഉണ്ട്. ഫോറസ്റ്റ് ആക്ട് ഉണ്ടായിട്ടുകൂടി നമ്മുടെ കൊമ്പൻ സ്രാവുകൾ അവിടെ കടന്ന് മുച്ചിക്കുണ്ടിലും, മുക്കൂട്ടുതറയിലും, നമ്മുടെ പൊൻമുടിയിൽപോലും, ഞങ്ങളുടെ പാണ്ടിത്തടത്തിന് പുല്ലിനുപോലും രക്ഷയില്ലാത്തവിധത്തിൽ, നമ്മുടെ അഗസ്ത്യകൂടത്തിന്റെ അപ്പുറത്ത് ഇന്ന് പുല്ലിനുപോലും രക്ഷയില്ലാത്ത വിധത്തിൽ, നിയമമൊക്കെ ഉണ്ടായിട്ടുകൂടി കേന്ദ്രത്തിന്റെ പെർമിഷൻ വേണം. കേന്ദ്ര ഗവൺമെന്റിൽനിന്ന് പറഞ്ഞാലേ സാധിക്കുകയുള്ളു എന്നൊക്കെ നിബന്ധന വച്ചിട്ടും കാര്യങ്ങൾ നടന്നു പോകുന്നുണ്ട്. അപ്പോൾ അതൊക്കെ നിരോധിക്കുകയെന്നുവച്ചാൽ സാദ്ധ്യമായ കാര്യമല്ല, അത് നിരോധിച്ചില്ലെങ്കിൽ വലിയ ആപത്തുമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

സർ, ഈ ബില്ലിന്റെ പ്രിയാബിളിൽ രണ്ടു കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ടിംബർ എന്നാണ് അത് ഒരു കച്ചവട മനോഭാവമാണ്. ഒരു കച്ചവട ബാക്ക്ഗ്രൗണ്ടുള്ള ആളാണ് വനംവകുപ്പ് മന്ത്രി നൂറുദ്ദീൻ സാഹിബ് എന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ കച്ചവട മനോഭാവം വച്ചിട്ടാണോ ഈ ബില്ല് എഴുതിയിരിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. വാല്യൂബിൾ ടിംബർ മാത്രമല്ല ഇതിൽ പ്രശ്നം; ഈ രാജ്യത്തിന്റെ ഇക്കോളജിയാണ് പ്രശ്നം. മണ്ണൊക്കെ ഒലിച്ചുപോകുന്നു, തടങ്ങളും ജലസംഭരണികളും സിൽറ്റപ്പ് ചെയ്തിട്ട് പൊങ്ങിവരുന്നു, സോയിലിന്റെ ഫെർട്ടിലിറ്റി പോകുന്നു, സോയിൽ ഇമിഗ്രേറ്റ് ചെയ്യുന്നു, വെതർ മാറുന്നു. ഇങ്ങനെയൊക്കെയുള്ള വളരെയധികം അടിസ്ഥാനപരമായി നമ്മുടെ കേരളം, കേരളം എന്നുള്ള പേര് അർഹിക്കത്തക്കവണ്ണം നിലനിൽക്കുന്നതിന്റെ പ്രശ്നമാണ്. വെറും കൊമേഴ്സിയൽ അല്ല. വെറും കൊമേഴ്സിയലായിട്ടുള്ള സമീപനരീതിയാണെങ്കിൽ ഞാൻ അതിനെ ശക്തിയുക്തം എതിർക്കും. അത് പ്രിയാംബിളിൽ മാറ്റം വരുത്തണം.

രണ്ടാമത്തെ കാര്യം ഇവിടെ പലരും പറഞ്ഞതാണ്. നമുക്ക് ഒരു പാരമ്പര്യമുണ്ട്. ഇവിടെ പറഞ്ഞതുപോലെ 'തിരുമനസ്സിലെ അമൃതേത്തും അടിയന്റെ കരി കാടി'യുമെന്നൊക്കെ പറഞ്ഞല്ലോ. ആ കാലവും അതായത് പണ്ടുപണ്ടു കാലത്ത് കൗടില്യന്റെ 'അർത്ഥശാസ്ത്രം' എഴുതിയകാലം മുതൽ തന്നെ ഒരു ഭാഗം വൃക്ഷങ്ങളും രാജകീയ വൃക്ഷങ്ങളായി കണ്ടിരുന്നു. ഈയടുത്ത കാലത്ത് അതായത് 1947-വരെ ഈട്ടിയും തേക്കും നടാനോ മുറിക്കാനോ ആർക്കും അധികാരമുണ്ടായിരുന്നില്ല. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം പ്രായപൂർത്തിയായ മരങ്ങൾ മുറിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തു. അങ്ങനെ മുറിച്ചുമുറിച്ച് ഇപ്പോൾ മരുഭൂമിയായി. അതിന് ഒരു വലിയ നിയന്ത്രണം അന്നു പറഞ്ഞതുപോലെ അബ്സൊല്യൂട്ടായിട്ട് ഒരു ബ്ലാങ്കറ്റ് ഇടാൻ ഒരു പ്രൊവിഷൻ ഉണ്ട്. തേക്കു മുറിച്ചുകൂടാ, ഈട്ടി മുറിച്ചുകൂടാ, കരിങ്കതളി മുറിച്ചുകൂടാ. അങ്ങനെ യാതൊരു കാരണവശാലും അയവില്ലാത്ത ഒരു പ്രൊഹിബിഷന്റെ സ്ഥാനത്ത് ഇപ്പോൾ ബഹുമാനപ്പെട്ട നൂറുദ്ദീൻ പറയുന്നത് മരം മുറിക്കുന്നതിന് പെർമിഷൻ വാങ്ങിക്കണമെന്നുമാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുള്ളു. എനിക്ക് അതിനെപ്പറ്റിയുള്ള പരാതിയെന്താണെന്നുവച്ചാൽ ഇത് നടപ്പാക്കാത്തതിലാണ്. ഇതു നടപ്പാക്കാനുള്ള സംവിധാനം വന്നിട്ടില്ല. ഇത് ഇപ്പോഴെ നടപ്പാക്കാനുള്ള സംവിധാനമെങ്കിലുമുണ്ടാക്കാൻ തീരുമാനിച്ചാൽ തന്നെ അതിനുണ്ടാകുന്ന സംവിധാനം എന്തായിരിക്കുമെന്ന് നമുക്കറിയാം. ശ്രീമതി ഗൗരിയമ്മയും മറ്റാളുകളുമൊക്കെ ഇത് ഇവിടെ പറഞ്ഞു. കൈക്കൂലിയുടേയും അഴിമതിയുടേയും കാലതാമസത്തിന്റേയും ശല്യപ്പെടുത്തലിന്റേതുമായ ഒരു സംവിധാനമായിരിക്കും വരിക. അപ്പോഴെ ചെകുത്താനും ചെങ്കടലിനും നടുവിൽ പെട്ടതുപോലെയാണ്. അതു വേണംതാനും എന്നാൽ വേണ്ടതാനും. അങ്ങനെയാണ് ഇത് അധഃപതിക്കുന്നത്. നമ്മുടെ നാട്ടിലാണെങ്കിൽ പണ്ട് ചിലയിനം വൃക്ഷങ്ങളെമാത്രം രാജകീയ വൃക്ഷങ്ങളായതുകൊണ്ട് അത് മുറിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിരുന്നു. സത്യത്തിൽ ഇന്നത്തെ സ്ഥിതിഗതികളെ ആവശ്യപ്പെടുന്നത് എല്ലാ വൃക്ഷങ്ങളെ സംബന്ധിച്ചും നിയന്ത്രണമേർപ്പെടുത്തണമെന്നുള്ളതാണ് ; കാരണം അത്രയും ഗുരുതരമായി കാര്യങ്ങളെ മാറിയിരിക്കുന്നു. പക്ഷേ നിയന്ത്രണം ഇങ്ങനെ നിയമനിർമ്മാണത്തിൽക്കൂടി പോലീസുകാരെ വച്ചോ, റെയിഞ്ചർമാരെ വച്ചോ, ഫോറസ്റ്ററെ വച്ചോ നടപ്പാക്കാൻ പറ്റുമോ ? വാസ്തവത്തിൽ ആളുകളെ മരം മുറിക്കുന്നത് ഒരു രസത്തിനുവേണ്ടിയല്ല. തെക്കൻ തിരുവിതാംകൂറിൽ ഒരു ചൊല്ലുണ്ട്. സർ, 'ഒരു പെൺകുഞ്ഞു ജനിച്ചാൽ ഉടനെ ഒരു പെരുമരം നടണം' എന്ന്. ആ പെണ്ണിനെ കെട്ടിയയ്ക്കാൻനേരത്ത് ഈ മരം മുറിച്ചുവിറ്റാൽ 15,000 രൂപ കിട്ടും. ഇന്ന് 15,000 രൂപ അല്ല, 50,000 രൂപ വരെ കിട്ടും. അങ്ങനെയാണ് ചെയ്യുന്നത്. അല്ലാതെ ഇത് ആരും മനഃപൂർവ്വമായിട്ടു ചെയ്യുന്നതല്ല. വീടുവയ്ക്കാൻ വേണ്ടിയും വിറകെരിക്കാൻവേണ്ടിയും മരങ്ങൾ മുറിക്കുന്നു. സർ, പരമ്പരാഗതമായി നമ്മുടെ എനർജിയുടെ സോഴ്സ് എന്നു പറയുന്നത് പ്രധാനമായിട്ട് വനങ്ങളാണ്. നമ്മുടെ കൺസ്ട്രക്ഷൻ മെറ്റീരിയൽസിന് അതായത് വീടു പണിയാനും ഫർണിച്ചർ ഉണ്ടാക്കാനും മരം വേണം. വീട്ടിൽ തീ എരിക്കാൻ മരം വേണം. കരി അല്ലെങ്കിൽ കാർബൺ എന്നു പറയുന്നതും മരമാണ്. അതിനു വേറെ ആൾട്ടർനേറ്റ് ഫ്യൂവൽ കാണിച്ചുകൊടുക്കുകയും പോപ്പുലറൈസ് ചെയ്യുകയും ആളുകളെകൊണ്ട് അത് അക്സപ്റ്റ് ചെയ്യിപ്പിക്കുകയും അങ്ങനെ മറ്റൊന്നിലേക്ക് തിരിച്ചുവിടുന്നതിലേക്കുള്ള പ്ലാൻ ചെയ്തത് അസൂത്രിതമായ ഒരു വലിയ പരിശ്രമത്തിലൂടെ മാത്രമേ ഈ മരത്തിനു രക്ഷയുള്ളൂ. മരത്തിനു രക്ഷയില്ലെങ്കിൽപിന്നെ മനുഷ്യനു രക്ഷയില്ല, മൃഗത്തിനു രക്ഷയില്ല, പക്ഷികൾക്കും രക്ഷയില്ല, ആർക്കും രക്ഷയില്ല. അങ്ങനെ ആർക്കും രക്ഷയില്ലാതായിത്തീരുന്ന ഒരു സ്ഥിതി വരുന്നതിനുമുമ്പ് ഒരു വലിയ മൂവ്മെന്റ് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഇവിടെയിരുന്ന് ആലോചിക്കുകയായിരുന്നു, റെയിഞ്ചറെ വച്ചാൽ ശ്രീ. ഗോവിന്ദക്കുറുപ്പു പറഞ്ഞതുപോലെ അഴിമതിയും കൈക്കൂലിയും കാലതാമസവുമുണ്ടാകും. അപ്പോഴെ റെയിഞ്ചറെ ഏൽപ്പിക്കാൻ പാടില്ല. പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ എന്തെന്നും ഞാൻ ആലോചിച്ചു നോക്കി. പഞ്ചായത്തുകളുടെ കാര്യം ഞാനിപ്പോഴെ പറയുന്നില്ല. പഞ്ചായത്ത് എന്തായാലും സുന്ദരം സ്വാമിക്ക് വേണ്ടെന്നുവച്ചിരിക്കുന്ന സ്ഥിതിക്ക്, ഞാനുംകൂടി പറഞ്ഞ് അതിനെ നശമാക്കുന്നില്ല. അപ്പോഴെ എങ്ങോട്ടു തിരിഞ്ഞാലും ബുദ്ധിമുട്ടാണ്. എന്താണ് ഇതിനു പരിഹാരമെന്ന് ഒന്നുകൂടി ഞാൻ ആലോചിച്ചുനോക്കി. വടക്കെ ഇൻഡ്യയിൽ 'ചിപ്കോ' മൂവ്മെന്റ് ഉള്ളതുപോലെ വലിയ ഒരു മൂവ്മെന്റ് ഉണ്ടാക്കുകയും അതിൽക്കൂടി അഴിമതി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ പിടിച്ചുകെട്ടാൻ കയറെടുക്കുകയും വേണം. അതുകൊണ്ട് അങ്ങനെ ഒരു മൂവ്മെന്റിന്റെ ഭാഗമായി മാത്രമേ ഈ ആതറൈസ്ഡ് ഓഫീസേഴ്സിന്റെ നിയന്ത്രണം കുറെച്ചെങ്കിലും ഫലപ്രദമാകൂ

LIBRARY ARCHIVES Kerala Legislative Assembly

കയുള്ളു എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. വേറെ ഒരു ബ്യൂറോ ക്രാറ്റിക് സ്ട്രക്ച്ചർ ആവാതിരിക്കാൻ ശ്രദ്ധിക്കണം. ഇന്ന് എനിക്കു കിട്ടിയ കണക്കനുസരിച്ചാണെങ്കിൽ 227 റെയിഞ്ചർമാർ ഉണ്ട്. നമുക്ക് 61 താലൂക്ക് ഉള്ളതിൽ 227 റെയിഞ്ചർമാരും 86 റെയിഞ്ച് ഓഫീസുകളും ഉണ്ട്. ഈ 86 റെയിഞ്ച് ഓഫീസുകളും എല്ലാഭാഗത്തുമായി യൂണിഫാമായിട്ട് വീതിച്ച് കൊടുത്തിരിക്കുന്നതല്ല. അതുകൊണ്ട്, ഇവിടെ പറഞ്ഞതുപോലെയുള്ള ബുദ്ധിമുട്ടാകും. തീരപ്രദേശത്തു താമസിക്കുന്ന ഒരാളിന് അവിടെ വളർന്നു വരുന്ന ഒരു തേക്ക് മുറിക്കണമെങ്കിൽ 40 മൈൽ സഞ്ചരിച്ച് പരുത്തിപ്പള്ളി എന്നു പറയുന്ന റെയിഞ്ച് ഓഫീസിൽപോയി അനുവാദം വാങ്ങണം. ആ സ്ഥിതി വരും. ആ സ്ഥിതി വരാതിരിക്കാൻ എന്തു സംവിധാനമേർപ്പെടുത്താൻ കഴിയുമെന്ന് ആലോചിച്ചുനോക്കേണ്ടതാണ്.

രണ്ടാമത്തെ കാര്യം എനിക്കു പറയാനുള്ളത് 10 സ്പീസിസിൽപ്പെട്ട വൃക്ഷങ്ങളുടെ രജിസ്റ്ററുണ്ടെന്നു ഇതിൽ പറയുന്നുണ്ട്. ഏതെല്ലാം വൃക്ഷങ്ങൾ ആരുടെയെല്ലാം കോമ്പൗണ്ടിൽ വളരുന്നുവെന്നുള്ളത് കണ്ടുപിടിക്കാൻ അതുകൊണ്ട് സാധിക്കും. മോണിട്ടറിങ്ങിന്റെ ഏർപ്പാട് ഉണ്ടോ ? ആരെല്ലാം മരങ്ങൾ മുറിക്കുന്നില്ലെന്നുള്ളത് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ മുറിച്ചു കഴിയുമ്പോഴല്ലേ നമ്മൾ അറിയുകയുള്ളു. മുറിച്ചു കഴിഞ്ഞതിനുശേഷം എന്തിനാണ് മുറിച്ചത് എന്നുള്ളത് പറയുന്ന ന്യായം അംഗീകരിക്കുകയല്ലാതെ എന്താണ് പോംവഴി ? ഒരു പോംവഴിയുമില്ല. ആ ന്യായം അംഗീകരിക്കില്ലെന്നു പറഞ്ഞാലും കൂടുതൽ ഭാഗം കേസ്സുകളിലും അന്യായമായിരിക്കും നടക്കുക. കാരണം കൃഷിക്കാർ പറയുന്ന കാര്യം ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കാതിരിക്കുകയും കുറ്റം ചെയ്യാത്ത കൃഷിക്കാരനെ ശിക്ഷിക്കുകയും ചെയ്യുന്ന പരിതസ്ഥിതിയിലേക്ക് പോകും. അപ്പോൾ മോണിട്ടറിങ്ങിന്റെ ഏർപ്പാട് ഉണ്ടോ, ഇൻസ്പെക്ഷന്റെ ഏർപ്പാടുമുണ്ടോ, രജിസ്റ്റർ ഉണ്ടോ ? പഞ്ചായത്ത് ഓഫീസുകളിലോ വില്ലേജ് ഓഫിസുകളിലോ അങ്ങനെ 10 സ്പീസിസിന്റെ രജിസ്റ്റർ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോ ? അങ്ങനെ ഒരു സംവിധാനമുണ്ടാക്കാൻ ശ്രമിച്ചാൽ അത് മറൊരു ബ്യൂറോക്രാറ്റിക് സംവിധാനമായിട്ടു മാറുമോ ? ഈ കാര്യങ്ങളൊക്കെ ഈ ബിൽ ഡ്രാഫ്റ്റ് ചെയ്യുന്ന സമയത്ത് വേണ്ടത്ര ആലോചിച്ചിട്ടില്ലെന്നുള്ളതാണ് എനിക്ക് ഈ ബില്ലിനെപ്പറ്റിയുള്ള പരാതി. വേറൊരു കാര്യമുള്ളത് കോടതിയിൽ പോകാനുള്ള സൗകര്യമുണ്ട്. കോടതിയിൽ പോകാനുള്ള സൗകര്യങ്ങൾ കിട്ടുന്നതുകൊണ്ട് ഇപ്പോൾ ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന സംവിധാനമനുസരിച്ച് റെയ്ഞ്ച് ഓഫീസർ, അപ്പലേറ്റ് അതോറിട്ടിയായിട്ടുള്ള ഡി. എഫ്. ഒ. അതും കഴിഞ്ഞ് ചില കേസ്സുകൾ നേരിട്ട് ഗവൺമെൻറിന്റെയടുത്ത് റിവിഷനുവേണ്ടി പോവുക. ഈ ബില്ല് റിമാൻഡ് ചെയ്യണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. റിമാൻഡ് ചെയ്തിട്ട് ഇത് ഇപ്പോൾ ഡ്രാഫ്റ്റ് ചെയ്തിക്കുകയാണെങ്കിൽ വളരെയധികം മെച്ചപ്പെടുത്താൻ കഴിയും. മെച്ചപ്പെടുത്താൻ കഴിയുന്നതിന് എങ്ങനെയാകാൻ സാധിക്കുമെന്ന് പരിശോധിക്കണം. ഇതിന് കൂടുതൽ പല്ല് ഉണ്ടാകണം. ഇതിനെ എൻഫോഴ്സു ചെയ്യുന്നതിന് പലവിധ തടസ്സങ്ങളും പല പുതിയ പുതിയ മാതൃകകളും സ്വീകരിച്ചിട്ട് ഉണ്ടാക്കണം. ഇപ്പോഴത്തെ ധാരാളം സംവേങ്ങൾ അങ്ങനെ നടക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ വന്നിട്ട് വീട്ടിലാരെങ്കിലും ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി ആരോടും ചോദിക്കാതെ മരങ്ങളുടെ കൊമ്പുകൾ മുറിച്ചിട്ടിട്ട് പോകുകയാണ്. വ്യവസായം തുടങ്ങാൻ പോകുന്നുവെന്നു പറഞ്ഞു. എന്നിട്ട് വ്യവസായം തുടങ്ങുകയുമില്ല. വ്യവസായം തുടങ്ങാനാണെന്നു പറഞ്ഞിട്ട് പൊൻമുടിയിൽ രണ്ടര കിലോമീറ്റർ വനം മുപ്പതു കിലോമീറ്റർ വീതിയിൽ നല്ല ഒന്നാന്തരം

LIBRARY ARCHIVES Kerala Legislative Assembly

എവർഗ്രീൻ ഫോറസ്റ്റ് തകർത്തു. തകർക്കുകമാത്രമല്ല അപ്പുറത്തുമിപ്പുറത്തുമെല്ലാം തുരുത്തുകളുണ്ടാക്കി വച്ചിരിക്കുകയാണ്. ആ തുരുത്തുകളെല്ലാം വളരെ വേഗത്തിൽ അപ്രത്യക്ഷമാവുകയും അപ്പോഴേ പൊൻമുടി എന്നു പറയുന്ന സുഖവാസകേന്ദ്രം തന്നെ ഇല്ലാതാവുകയും ചെയ്യും. ഇതു കൂടാതെ വേറെ ചില ഏർപ്പാടുകളുമുണ്ട്. മെർക്കുറി കുത്തിവച്ചിട്ടും വെള്ളം കയറി നിർത്തി വേര് അഴുക്കി മരം തനിയെ താഴെ വീണതാണെന്നു വരുത്തുക, അടിയിൽ കരിച്ചിട്ട് ചിലപ്പോഴേ ഇലകളൊക്കെ ആറുമാസം വരെ നില്ക്കും അതുകഴിഞ്ഞിട്ട് മരംവീഴുമ്പോഴേ കരിയാക്കിക്കൊണ്ടുപോകുക ഇങ്ങനെയൊക്കെ വളരെ വിദഗ്ദ്ധമായിട്ടുള്ള സോഫിസ്റ്റിക്കേറ്റഡ് ആയിട്ടുള്ള മെതേഡ്സ് ആണ് വൃക്ഷങ്ങളെ ഇല്ലാതാക്കുന്നതിനുവേണ്ടി ചെയ്യുന്നത്. അപ്പോഴേ അത് അവസാനിപ്പിക്കാനുള്ള പഴുതുകളെ അടയുന്നതരത്തിൽ ബില്ല് ഒന്നു റീഡ്രാഫ്റ്റ് ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്.

അവസാനമായി ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇത് എല്ലാവൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളവും ഒരു ഗർത്തിനു താഴെയുള്ള ഗർത്ത് ചുരുങ്ങിയ പൂർത്തിയായി വളർന്നു കഴിഞ്ഞിട്ടില്ലാത്ത വൃക്ഷങ്ങളെ മുറിക്കുന്നത് തടയാനുള്ള പെർമിഷൻ കൂടി ചേർക്കണം. 20 സെ. മീ. നു താഴെ ഗർത്തുള്ള പത്തോ പതിനഞ്ചോ അടിയിൽ കൂടുതൽ വളർന്നിട്ടില്ലാത്ത അത്തരം വൃക്ഷങ്ങളെ ഒന്നിനുമുതകാത്ത ഇത്തരം വൃക്ഷങ്ങളെ മുറിക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ അതിനകത്തു വേണം. അതുപോലെതന്നെ ഈ പത്തിന്റെ കൂട്ടത്തിൽ ഒന്നുരണ്ട് സ്പീഷീസ് കൂടി ചേർക്കണം എന്നാണെന്റെ അഭിപ്രായം ആഞ്ഞിലി-ആഞ്ഞിലിക്കായുടെ മരം വളർത്തുന്നത് ആരും പഴത്തിനുവേണ്ടിയല്ല. ആ വൃക്ഷം തടിക്കുവേണ്ടിയാണ്. അതുകൊണ്ട് പൂർണ്ണ വളർച്ചയെത്തിയ ഒരു ആഞ്ഞിലിയുടെ വില 50,000 മുതൽ ഒരു ലക്ഷം വരെ രൂപയാണ്. അതുകൊണ്ട് ആഞ്ഞിലി ഇതിനകത്ത് പെടുത്താം. ആ ആഞ്ഞിലി പോലെ ഒന്നുരണ്ട് സ്പീഷീസ് കൂടി ഇതിനകത്ത് ഉൾപ്പെടുത്താൻ കഴിയും. ആ സ്പീഷീസിന്റെ എണ്ണം കുറച്ചുകൂടി ഇൻക്രീസ് ചെയ്യണം. ഇത്തരത്തിലുള്ള ഒരു ഭേദഗതി വരുത്തി ഈ റിയമം കുറച്ചുകൂടി നന്നാക്കി ഇതിന് നല്ല ഒരു ട്രീറ്റ് കൊണ്ട് ഇതിനെ കുറച്ചുകൂടി നന്നാക്കിക്കൊണ്ട് പഞ്ചായത്തുകളെ കൂടി ഇതിനകത്ത് ഇൻവോൾവ് ചെയ്യിപ്പിച്ചുകൊണ്ട്, പഞ്ചായത്തുകളെ കൂടി ഇൻവോൾവ് ചെയ്യിപ്പിക്കാൻ എന്താണ് വഴിയെന്ന് ആലോചിച്ച് അതിനുള്ള പ്രൊവിഷൻസ് കൂടി ചേർത്ത് ഇംപ്രൂവ് ചെയ്തു വേണം കൊണ്ടുവരാൻ അതുകൊണ്ട് ഇത് സബ്ജക്റ്റ് കമ്മിറ്റിക്ക് റീ-കമിറ്റ് ചെയ്യണമെന്നുള്ള അഭിപ്രായം ഞാൻ പറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബില്ലനുസരിച്ച് കേരളത്തിൽ നടന്നുവരുന്ന മരംവെട്ടും കാട്ടുകൊള്ളയും തടയാൻ സഹായകമാവുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ ബില്ലിനകത്ത് ധാരാളം അപാകതകളുണ്ട്. സഖാവ് ഗൗരിയമ്മ നേരത്തെ ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ പത്തിനം മരങ്ങൾ മുറിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ് നടത്താനുദ്ദേശിക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് സംഘടിതമായി വനം കൊള്ളയും മരംമുറിക്കലും നടന്നുവരികയാണ്. ഇന്നിപ്പോഴേ മരംമുറിക്കണമെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ സമ്മതം വേണമെന്നുള്ള തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത്. ഇതിന്റെ ഫലമായി ഇവിടെ വൻകിട വനംകൊള്ളക്കാർ വിസ്മരിക്കപ്പെടുകയും ചെറിയ വീടുകളിലും വീട്ടുപറമ്പുകളിലും വച്ചുപിടിപ്പിച്ചിട്ടുള്ള മരം മുറിക്കുന്നവനെ പിടിച്ചുകൊണ്ടുപോയി ശിക്ഷിക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമമാണ് ഇവിടെ ഉണ്ടാക്കാൻ പോകുന്നത്. മരം മുറിക്കൽ തടയണം, കാട്ടിൽ നടക്കുന്ന വനംവെട്ട് തടയണമെന്നുപറയുന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പക്ഷേ ഈ നിയമനിർമ്മാണംകൊണ്ട്, അത് ഫലവത്താകുകയില്ലെന്നുള്ളതാണ് വസ്തുത. ഇതിനകത്ത് അപകടകരമായിട്ടുള്ള ചില വകുപ്പുകളും കൂടിയുണ്ട്. ഇതിലെ 11-ാം വകുപ്പനുസരിച്ച് ഈ ഓഫീസർക്ക് സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും നൽകിക്കൊണ്ട് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഏതെങ്കിലും വ്യക്തിയെ സമൻസ് അയച്ചു വിളിക്കാനും ഹാജരാകണമെന്ന് നിർബന്ധിക്കാനും പ്രമാണം കണ്ടുപിടിക്കുന്നതിനും എല്ലാ അധികാരവും നൽകിക്കൊണ്ട് ഈ ഫോറസ്റ്റ് ഓഫീസർമാർക്ക് അധികാരം നൽകുന്ന ഒരു നടപടി കൂടി ഇതിനകത്തുണ്ട്. ജുഡീഷ്യറിയുടെ അധികാരത്തിന്റെമേൽ എക്സിക്യൂട്ടീവ് കൈകടത്തുന്ന ഒരു നടപടിയിലേക്കാണ് ചെന്നെത്താൻ പോകുന്നത്. ഈ ബില്ലിനകത്ത് മാത്രമല്ല, നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന എല്ലാ നിയമനിർമ്മാണത്തിനകത്തും എക്സിക്യൂട്ടീവിന് കൂടുതൽ അധികാരങ്ങൾ നൽകി ജുഡീഷ്യറിയുടെ അധികാരം പരിമിതപ്പെടുത്താനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി ബില്ലിനകത്തും ഇതുപോലെ ഒരു വ്യവസ്ഥയുണ്ടായിരുന്നു. സബ്ജക്റ്റ് കമ്മിറ്റി അതിനെ സംബന്ധിച്ചിടത്തോളം ചർച്ചചെയ്തുകൊണ്ട് അവസാനം ബഹുമാനപ്പെട്ട കെ.എം. മാണി, അതിലിപ്പോൾ ചെറിയൊരു ഭേദഗതി വരുത്തിക്കൊണ്ടാണ് സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് നമ്മുടെ സഭയുടെ മുൻപാകെ വച്ചിട്ടുള്ളത്. ഇത്രമാത്രം ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാകാൻ ഇടയുള്ള ആ വകുപ്പാണ് ഈ 11-ാം വകുപ്പ്, എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. സിവിൽ കോടതിക്കുള്ള അധികാരങ്ങൾ അത് നിയമപരമായ പാണ്ഡിത്യമുള്ള അല്ലെങ്കിൽ കോടതി നടപടി അനുസരിച്ചു കൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ തീരുമാനിക്കാൻ ഒരു ഫോറസ്റ്റ് ഓഫീസർക്ക് അധികാരം വിട്ടുകൊടുക്കുന്നത് ജുഡീഷ്യറിയുടെമേലുള്ള കടന്നുകയറ്റം തന്നെയാണ്. ഇപ്പോൾ മറ്റൊരു നീക്കം കൂടി നടന്നുവരുന്നുണ്ട്. പോലീസ് ആക്റ്റ് ഭേദഗതി ചെയ്തുകൊണ്ട് ഇപ്പോൾ റവന്യൂ ഡിവിഷണൽ മജിസ്ട്രേട്ടുമാർ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ പോലീസ് ഓഫീസർമാർക്ക് കൈകാര്യം ചെയ്യാൻവേണ്ടി പോലീസ് ആക്റ്റുകൂടി ഭേദഗതി ചെയ്യാൻ നമ്മുടെ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ അർത്ഥമെന്താണ്? നമ്മുടെ എക്സിക്യൂട്ടീവിന് കൂടുതൽ അധികാരങ്ങൾ നൽകി ജുഡീഷ്യറിയുടെ അധികാരം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ബില്ലിനകത്തുകൂടി ഇങ്ങനെയൊരു വകുപ്പ് എഴുതിച്ചേർത്തിരിക്കുകയാണ്. ഇപ്പോൾ 151-ാം വകുപ്പനുസരിച്ചുകൊണ്ട് (സി.ആർ.പി.സി.) അല്ലെങ്കിൽ 107-ാം വകുപ്പനുസരിച്ചും 110-ാം വകുപ്പനുസരിച്ചുമുള്ള കേസുകളെല്ലാം വിചാരണ ചെയ്തു തീരുമാനമെടുക്കാനുള്ള അധികാരം റവന്യൂ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടുമാർക്ക് ആണെങ്കിൽ ഇനി മുതൽ ആ അധികാരം കൂടി പോലീസുകാർക്ക് കൂടി കൊടുക്കാനാലോചിക്കുന്ന ഒരു സ്ഥിതി വരാൻ പോകുന്നു. അതുപോലെതന്നെ ഫോറസ്റ്റ് ഓഫീസർമാർക്ക് ആരേയും സമൻ ചെയ്തു വിളിക്കാനും സിവിൽ കോടതിയുടെ നടപടികളും നടത്താനുമുള്ള അധികാരം വിട്ടുകൊടുക്കാൻപോകുന്നത്. നമ്മുടെ ഈ സംസ്ഥാനത്ത് ഇതെല്ലാം എക്സിക്യൂട്ടീവിനെ ഏൽപ്പിച്ചുകൊടുത്താൽ എന്താണിവിടെ സംഭവിക്കാൻ പോകുന്നത്..... ....? ഇന്നുള്ള നിയമങ്ങളും തന്നെ ഇങ്ങനെയാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതല്ലേ നാം കണ്ടുകൊണ്ടിരിക്കുന്നത്? പോലീസുകാർ ഇപ്പോൾ നിയമമുണ്ടായിട്ടാണോ മീശ ഉരിക്കുന്നത്? പോലീസുകാർ ഇപ്പോൾ നിയമം അനുശാസിക്കുന്നതുകൊണ്ടാണോ ബലാൽസംഗം ചെയ്യുന്നത്? ഇതൊക്കെ ഇവിടെ നിത്യസംഭവങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളായി മാറിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള എല്ലാ തെമ്മാടിത്തരങ്ങളും കാണിക്കുന്ന പോലീസ് ഓഫീസർമാർക്ക് പുതിയ അധികാരങ്ങൾ കൂടി കൊടുക്കാൻ പോലീസ് ആക്ടിൽ ഭേദഗതി ചെയ്യാനാണ് ഇണിയറയിലെ നീക്കങ്ങൾ നടത്തുന്നത്. അതുപോലെതന്നെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന എല്ലാ നിയമങ്ങൾക്കെതിരും എക്സിക്യൂട്ടീവിനെ സർവ്വ മേധാവിയാക്കി വച്ചു കൊണ്ടാണ് ജുഡീഷ്യറിയെ പരിമിതപ്പെടുത്താനുള്ള നീക്കം നടന്നുകൊണ്ടിരിക്കുന്നത്. അതിനുള്ള ഒരു രീതിയിലാണ് മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ബില്ലിനകത്തും വരുത്തിയിട്ടുള്ളത്. ഇതിന്റെ ഫലമായി പാവപ്പെട്ട ഏതൊരാളെയും പിടിച്ച് പീഡിപ്പിക്കുന്ന ഒരവസ്ഥയാണ് വരാൻപോകുന്നത്. പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിന്റെ നൂലാമാലകളൊന്നുംതന്നെ മറികടക്കാൻ അവന് സാധിക്കുകയില്ല. വൻകിടക്കാരായ മരംകൊള്ളക്കാർ പോലും ഫോറസ്റ്റ് ഓഫീസർമാരുമായി ഒത്തുചേർന്നുകൊണ്ടാണ് നമ്മുടെ നാട്ടിൽ വനം കൊള്ള നടത്തുന്നത്. കായ്ക്കുന്നമരം വെട്ടിനശിപ്പിക്കുന്നത് നിരന്തരമായി നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഒരു സംഭവമല്ലേ ? നമ്മുടെ ഗവൺമെന്റ് ഇപ്പോൾ കൈകാര്യം ചെയ്യുന്ന വനനിയമം. അനുസരിച്ചുകൊണ്ടുതന്നെ മരം മുറിക്കൽ തടയാൻ സാധിക്കുകയില്ല. "കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി" എന്നതാണ് നമ്മുടെ ഗവൺമെന്റിന്റെ ഇപ്പോഴത്തെ വന നയം തന്നെ. അപ്പോൾ അത്തരത്തിൽ ആര് മരം മുറിച്ചാലും ഇവിടെ ആ മരം മുറിക്കുന്നവരെ രക്ഷിക്കാനുള്ള നടപടിയാണ് ഫോറസ്റ്റ് ഓഫീസർമാർ സ്വീകരിക്കുക, അതിന്റെ പങ്ക് ഫോറസ്റ്റ് ഓഫീസർമാർക്ക് കിട്ടും. വൻരീതിയിൽ നടന്നുകൊണ്ടിരിക്കുന്ന മരം കൊള്ളകൾ, ഇവിടെ തടയാൻ സാധിക്കാത്തത് ഫോറസ്റ്റ് ഓഫീസർമാർ കൂടി അതിന് സഹായകമായ നിലപാട് സ്വീകരിക്കുന്നതുകൊണ്ടല്ലേ ? അല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്ത് വനം കൊള്ളകളും കാട്ടുകൊള്ളയും തടയാൻ നമുക്ക് സാധിക്കേണ്ടതാണ്, ഇവിടെ നമ്മുടെ ഫോറസ്റ്റ് ഓഫീസർമാർ ചെയ്യുന്നത് അത്തരം ആളുകളുമായി നല്ല ബന്ധം സ്ഥാപിക്കുകയും പാവപ്പെട്ടവരെ ദ്രോഹിക്കുവാൻ എന്താണ് വഴിയെന്ന് കണ്ടുപിടിക്കുകയുമാണ്.

കണ്ണൂർ ജില്ലയിൽ തന്നെ കോലയാർ പഞ്ചായത്തിൽ കണ്ണവം ഫോറസ്റ്റ് കോളനിയിൽ വർഷങ്ങളായി കുറിച്ചികൾ താമസിച്ച് കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് അവർ അധ്വാനിച്ച് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു. അവർ വൃക്ഷങ്ങളെല്ലാം നട്ടുപിടിപ്പിച്ച സ്ഥലമാണ് ഇപ്പോൾ ഫോറസ്റ്റ് ഓഫീസർമാർ കടന്നുകയറി നിങ്ങൾക്ക് അത്രയും സ്ഥലമില്ല നിങ്ങൾക്ക് വീട്ടിന്റെ ചുറ്റുമുള്ള കുറച്ചു സ്ഥലമേയുള്ളു. നിങ്ങൾ 10 സെന്റ് എടുത്തോ എന്നുള്ള വിധത്തിൽ അവിടെ ചെന്ന് അവരെ ഭീഷണിപ്പെടുത്തുകയാണ്. അവർക്ക് എതിരായിട്ടുള്ള കയ്യേറ്റങ്ങൾ നടത്തുക, കുറിച്ചികൾക്ക് എതിരായിട്ടും ഹരിജനങ്ങൾക്ക് എതിരായിട്ടുമുള്ള കയ്യേറ്റങ്ങൾ നടത്താൻ ഫോറസ്റ്റ് ഓഫീസർമാർക്ക് വലിയ താൽപ്പര്യമാണ്. എന്നാൽ വൻകിടക്കാരായ വനം കൊള്ളക്കാരെ രക്ഷിക്കുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കൊള്ള തടയാൻ മരം വെട്ടു തടയാൻ ആത്മാർത്ഥമായ യാതൊരു നടപടിയും കേരളത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ലെന്നുള്ളതാണ് യഥാർത്ഥ വസ്തുത. ഇതെല്ലാംതന്നെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി കൊണ്ടുവരുന്ന നിയമങ്ങളാണ്. മരം മുറിക്കുന്നത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ യാതൊന്നും സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. ഈ ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായിട്ട് അതിന് സാധിക്കുന്നില്ല. വനംകൊള്ളക്കാരുടെയും കാട്ടുകൊള്ളക്കാരുടെയും പിൻതുണ ഇല്ലെങ്കിൽ ഇവിടെ ഈ ഗവൺമെന്റിന് നിൽക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അവർക്കെല്ലാംതന്നെ പച്ചപ്പുവതാനി വിരിച്ചുകൊടുക്കാൻ വേണ്ടി ഈ നിയമത്തിൽ വെള്ളംചേർത്തു. അതുകൊണ്ട് ഏത് നിയമ നടപടി ഉണ്ടാക്കിയാലും ആ നിയമങ്ങളെ ഫലപ്രദമായി നടപ്പിലാക്കാനുള്ള ആത്മാർത്ഥതയാണ് പ്രശ്നം. ഇവിടെ നിയമങ്ങളെ ധാരാളമുണ്ട്. ആ നിയമങ്ങളെല്ലാം കടലാസിൽ മാത്രം കിടക്കുന്നു. കടലാസിൽ കിടക്കുന്ന നിയമങ്ങളെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്ത ഒരു ഗവൺമെൻറാണ്. ഇവിടെ ഈ നിയമനിർമ്മാണം കൊണ്ടുവന്നിട്ടുള്ളത്, അതുകൊണ്ട് ഇതിനകത്ത് ധാരാളം ഭേഗതികളെ ആവശ്യമായിട്ടുണ്ട്. അത് വകുപ്പു തിരിച്ച് ചർച്ചകളെ നടക്കുമ്പോഴെ ആ കാര്യങ്ങളെ ഇവിടെ അവതരിപ്പിക്കാവുന്നതാണ്. അതുകൊണ്ട് ഈ നിയമത്തിൽ കാതലായ മാറ്റം വരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. മാണി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരള ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തുകൊണ്ടുവന്നിട്ടുള്ളതായ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ അനുകൂലിക്കുകയാണ്. വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് ഇവിടെ കൊണ്ടുവന്നിട്ടുള്ളതെങ്കിൽത്തന്നെയും ഇതിന്റെ ഉള്ളിലേക്ക് കടന്നുനോക്കുമ്പോൾ ഇതിനകത്ത് വളരെയധികം അപകടകരമായ ചില കാര്യങ്ങളുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഇത് പൊതുജനാഭിപ്രായത്തിന് വിട്ടുകൊണ്ട് പാസ്സാക്കണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നത്. ഈ ബിൽ ആരോ സൂചിപ്പിച്ചതുപോലെ നല്ല ഉദ്ദേശശുദ്ധിയോടുകൂടിയാണ് കൊണ്ടുവന്നിട്ടുള്ളത്. എങ്കിൽതന്നെയും വെളുക്കാൻ തേച്ചത് പാണ്ഡായി എന്നൊരു പഴഞ്ചൊല്ലുള്ളതുമാതിരിയാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. പ്രധാനമായി പത്തു സ്പീഷീസ്സാണ് ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്. അതിൽ സാൻറൽവുഡ്, തേക്ക്, റോസ്സുഡ്, ഇരുൾ, തേമ്പാവ്, കമ്പകം, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ്, ചീനി തുടങ്ങിയവ ഉൾപ്പെട്ടുന്നുണ്ട്. ഇതിൽ റോസ്വുഡും, തേക്കും, ചന്ദനവും നേരത്തെതന്നെ വെട്ടാനുള്ള ചില റസ്ട്രിക്ഷനും നിയമവുമുണ്ട്. അതിനുശേഷമാണ്, മറ്റു ഏഴു സ്പീഷീസ്സുകളെ ഇപ്പോൾ ചേർത്തിരിക്കുന്നത്. ഇപ്പോൾ ചേർത്തിരിക്കുന്ന ഏഴു സ്പീഷീസ്സിൽ ചടച്ചി സാധാരണ നമ്മുടെ എല്ലാ കാർഷിക മേഖലയിലും പറമ്പുകളിലും കാണുന്ന ഒരു മരമാണ്. അതൊരു ഹാർഡ്വുഡാണ്. അത് കെട്ടിടം പണികൾക്കും മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന ഒരു വൃക്ഷമാണ്. അതുപോലെ തന്നെ തേമ്പാവ് അല്ലെങ്കിൽ കരിമരുത് എന്നുപറയുന്ന സ്പീഷീസ്സും സാധാരണ എല്ലാ കൃഷിക്കാരന്റെയും പുരയിടങ്ങളിലും കാണുന്ന ഒന്നാണ്. അതുപോലെതന്നെയാണ്. ഇരുൾ ഇരുളും സാധാരണയായി നമ്മുടെ എല്ലാ പുരയിടങ്ങളിലും കാണുന്ന ഒന്നാണ്. ചീനിയാണെങ്കിൽ അത് വലിയ ഇലകളോടുകൂടി വളർന്ന് വലിയ ആൽവൃക്ഷംപോലെയാകുന്ന ഒരു സോഫ്റ്റ് വുഡാണ്.

ശ്രീമതി കെ. ആർ. ഗൗരി : ചീനി എന്നു പറയുന്നത് മധുരക്കിഴങ്ങാണെന്നാണ് അവർ എഴുതിക്കൊടുത്തയച്ചത്. അവർ പറയുന്നത് സ്വീറ്റ് പൊട്ടറ്റോ എന്നാണ്. സ്വീറ്റ് പൊട്ടറ്റോ എന്നു പറഞ്ഞാൽ മധുരക്കിഴങ്ങാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. മാണി : ചീനി വളരെ പെട്ടെന്ന് വലിയ ഇലകളോടുകൂടി ബ്രാഞ്ചുകളോടുകൂടി വളരുന്ന ഒരു വൃക്ഷമാണ്. ഇത് ഒരു സോഫ്റ്റ് വുഡാണ്. സാധാരണഗതിയിൽ കൂടുതലായി കാട്ടിലാണ് കാണാറുള്ളതെങ്കിലും പുരയിടങ്ങളിലും കാണാറുണ്ട്. ഈ മരങ്ങളെ വെട്ടുന്നതിന് ഇന്ന് വച്ചിരിക്കുന്ന റസ്ട്രിക്ഷൻസ് വച്ചാൽ, ഞാൻ അതാണ് ആദ്യം പറഞ്ഞത് വെളുക്കാൻ തേച്ചത് പാണ്ഡായി എന്ന്, വാസ്തവത്തിൽ നമ്മുടെ കൃഷിക്കാർ ഈ വക മരങ്ങൾ വച്ചുപിടിപ്പിക്കാൻ താൽപ്പര്യമില്ലാത്ത സ്ഥിതിയിലേക്ക് നീങ്ങുന്ന ഒരു അവസ്ഥ ഇതിനകത്തുണ്ട്. ഉദാഹരണം ചീനി തന്നെ. ചീനി സാധാരണ അത്ര ഉപയോഗമുള്ള മരമല്ല. ഒരു സോഫ്റ്റ് വുഡാണ്. അബദ്ധവശാൽ ഏതെങ്കിലും ഒരു പുരയിടത്തിൽ അത് വളർന്നാൽ ആ പ്രദേശം മുഴുവൻ ചോലയുണ്ടാക്കി പിന്നീട് അവിടെയൊന്നുമുണ്ടാകുകയില്ല. അതിനെ വെട്ടുന്നതിന് ഈ റസ്ട്രിക്ഷൻ വച്ചാൽ മിക്കവാറും ഒരു ചീനി ഏതെങ്കിലും ഒരു പ്രദേശത്ത് വളർന്നാൽ അത് അര ഹെക്ടർ സ്ഥലം വരെ ചോലയുണ്ടാക്കും. ആ പുരയിടങ്ങളിൽ പിന്നെ ഒന്നും കൃഷിചെയ്യാൻ പറ്റുകില്ല. ഇന്നത്തെ ഈ നിയമമനുസരിച്ച് ഈ ചീനി വെട്ടാൻ സാദ്ധ്യമല്ല. വെട്ടണമെങ്കിൽ കെട്ടിടത്തിന് അപകടകരമായിരിക്കണം അല്ലെങ്കിൽ പ്രായപരിധി കഴിഞ്ഞിരിക്കണം. അല്ലെങ്കിൽ the tree is dead, diseased or wind fallen അല്ലെങ്കിൽ danger to life or property. അബദ്ധവശാൽ ഒരു ചീനി ആരുടെയെങ്കിലും പുരയിടങ്ങളിൽ വളർന്നാൽ ആ പുരയിടത്തിന്റെ ഉടമസ്ഥന് അത് ഒരു ഭീഷണിയായി മാറുന്നതുകൊണ്ട് ഈ ചീനി അതിൽനിന്ന് ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ തേമ്പാവ്, ചടച്ചി, ഇരുൾ തുടങ്ങി ഈ സ്പീഷീസ്സെല്ലാം സർവ്വ സാധാരണമായി നമ്മുടെ നാട്ടിൻപുറത്ത് കാണുന്ന വൃക്ഷങ്ങളാണ്. ഇതിനകത്ത് പറഞ്ഞതനുസരിച്ച് കെട്ടിടം പണിയുന്നതിന്, അല്ലെങ്കിൽ danger to life and property അല്ലെങ്കിൽ dead, diseased or wind fallen ആകുന്ന സമയംവരെ അത് നിറുത്തുക എന്നുപറഞ്ഞാൽ ഒരു കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഇത് വച്ചുപിടിപ്പിക്കാനുള്ള താൽപ്പര്യമില്ലാതാകും. അതിന്റെ നെറ്റ് റിസൾട്ട് എന്നു പറയുന്നത് ഈ മരം വച്ചുപിടിപ്പിക്കുന്ന ഇൻസെന്റീവ് ഇല്ലാതാക്കുന്ന സ്ഥിതിയുള്ളതുകൊണ്ട് തേമ്പാവ്, ചടച്ചി, ചീനി ഇവയെല്ലാം ഇതിൽനിന്ന് ഒഴിവാക്കിക്കൊണ്ട് പലതും പകരം ചേർക്കാൻ സാധിക്കും. അത് എന്താണെന്ന് എനിക്ക് അറിയാൻ പാടില്ല. ഉദാഹരണം, പുന്ന, പാലി, വെള്ളകിൽ മുതലായ സാധാരണ പറമ്പുകളിലൊന്നും കാണുന്നതല്ല. അത് നമ്മുടെ നാട്ടിൽ വളരെ വിലപിടിപ്പുള്ളതാണ്. വെള്ളകിൽ ഇപ്പോൾ പ്ലൈവുഡ് വ്യവസായത്തിനു ദുർല്ലഭമായിരിക്കുകയാണ്. അതുകൊണ്ട് ഈ സ്പീഷിസ്സിനെ ഇതിന്റെ പരിധിയിൽപ്പെടുത്തണം.

ഒരു വ്യക്തി അല്ലെങ്കിൽ ഞാൻ തന്നെ ഒരു മരം വച്ചുപിടിപ്പിച്ചാൽ സ്വാഭാവികമായും എന്റെ കാലത്തല്ലെങ്കിൽ മറ്റൊരു കാലത്തു വെട്ടിയെടുക്കാൻ സാധിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിലേ അതിന് ഇൻസെന്റീവ് ഉണ്ടാകുകയുള്ളൂ. ഇന്നത്തെ രീതിയനുസരിച്ച് ഒന്നും പറ്റുകയില്ല. ഉദാഹരണം ഒരു തേക്ക് വച്ചാൽ തേക്കിന്റെ ആയുസ് 60 കൊല്ലമാണെന്നാണ് ഫോറസ്റ്റുകാർ പറയുന്നത്. 60 കൊല്ലം കഴിഞ്ഞാലെങ്കിലും വെട്ടാൻ സാധിക്കുമെന്നുള്ള രീതിയിൽ ഇന്ന് ആക്ടില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഈ ആക്ടിൽ ഒരു പരിധി വയ്ക്കണം. എനിക്ക് പറയാനുള്ളത്, 30 കൊല്ലം കഴിഞ്ഞാൽ ഈ മരങ്ങളെ വെട്ടുന്നതിനുള്ള പെർമിഷൻ കൊടുത്തില്ലെങ്കിൽ ഒരു കാലവും വെട്ടാൻ പറ്റുകയില്ല എന്നാണ്. 500 കൊല്ലം കഴിഞ്ഞാലും വെട്ടാൻ പറ്റാത്ത ഒരു സ്ഥിതി വരും. തേക്കും ഈട്ടിയുമൊക്കെ 200-300 കൊല്ലം വരെ നിൽക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ രീതിയിൽ അഞ്ചും

LIBRARY ARCHIVES Kerala Legislative Assembly

ആറും തലമുറയായാലും അതു വെട്ടാനൊക്കുന്ന സ്ഥിതി ഉണ്ടാകുന്നില്ല. ഇത് വളരെ അശാസ്ത്രീയമായ ഒരു സമീപനമാണ്. അതുകൊണ്ട് വളരെ വ്യക്തമായി ഇതിന് ഒരു പീരീഡ്, ഇത്രകൊല്ലം കഴിഞ്ഞ് മരം വെട്ടാനുള്ള അനുവാദം കൂടി ഈ ആക്ടിൽ ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ ഒരു ഹെക്ടറിനുള്ളിൽ വീടുള്ളവർക്കു മാത്രമെ എക്സംപ്ഷൻ ഉള്ളു. അതു ഒക്കുകയില്ല. ഒരു ഹെക്ടർ സ്ഥലത്ത് വീടില്ല എന്ന കാരണത്താൽ അവിടെയുള്ള മരങ്ങളും വെട്ടാൻ ഈ രീതിയിൽ എക്സംപ്ഷനില്ല എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ടു കെട്ടിടം ഇല്ലെങ്കിലും ഒരു ഹെക്ടറുള്ള ആർക്കും അത് എക്സംപ്റ്റ് ചെയ്തു കൊടുക്കാനുള്ള ഒരു ഭേദഗതി കൂടി വേണം. നമ്മൾ എന്തുദ്ദേശത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് ? നമ്മുടെ നാട്ടിൽ കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനായി ജനങ്ങൾക്ക് പ്രോൽസാഹനം നൽകുക, അനാവശ്യമായി നമ്മുടെ വൃക്ഷങ്ങളെ നിഷ്ക്കരുണം വെട്ടിക്കളയുന്നത് തടയുക, അങ്ങനെ നമ്മൾ വൃക്ഷങ്ങളെ കൂടുതൽ നട്ടുവളർത്തിക്കൊണ്ട് നമ്മുടെ കാലാവസ്ഥയിലും സാമ്പത്തിക സംവിധാനത്തിലും പുരോഗതിയുണ്ടാക്കുക എന്നുള്ള നല്ല ലക്ഷ്യങ്ങളാണ് ഈ ബില്ലിലുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ ലക്ഷ്യം നിറവേറാൻ ഇന്നത്തെ ഈ ബില്ലിന് സാധിക്കുകയില്ല: മറിച്ച് ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ ഇതിനോട് ആർക്കും താൽപ്പര്യമില്ലാതെ വരും. ഇത് ഒരു ബാദ്ധ്യതയായി മാറും. നമ്മൾ ഒരു വൃക്ഷം വച്ചുപിടിപ്പിച്ചാൽ ഉപദ്രവകരമായി മാറുന്ന ഒരു സ്ഥിതിയാണ് ഇതിനകത്തുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ശ്രദ്ധിക്കണം. ഇത്ര വർഷം കഴിഞ്ഞാൽ ഇതു വെട്ടാൻ സാധിക്കുമെന്നുള്ള ഒരു നിബന്ധന വേണം. കമ്പകം, ചടച്ചി, തേമ്പാവ്, ചീനി ഈ സ്പീഷീസുകളെയെല്ലാം നിർബന്ധമായി ഒഴിവാക്കിക്കൊണ്ട് പകരം നമ്മുടെ പുരയിടങ്ങളിലുണ്ടാകാത്ത പല വെറൈറ്റീസുകളും ചേർത്തുകൊണ്ട് ഈ ബില്ലിനെ കൊണ്ടുവരണം.

അതുപോലെ ശിക്ഷ വച്ചിരിക്കുന്നത് വളരെ പരിതാപകരമായ കാര്യമാണ്. കാരണം ഒരു പറമ്പിൽ നമ്മൾ നട്ടുപിടിപ്പിച്ച മരം നിയമവിരുദ്ധമായി മുറിക്കുകയാണ് ചെയ്യുന്നതെങ്കിലും ആദ്യമുണ്ടാകുന്ന ഒഫൻസിന് വച്ചിരിക്കുന്നത് 2000 രൂപവരെയുള്ള പിഴയും ആറുമാസത്തെ തടവുമാണ്. അതു വളരെ കൂടുതലാണ്. ഇവിടെ ആരോ സൂചിപ്പിച്ചതുപോലെ കാട്ടിൽ പോയി വെട്ടിയാലും ഇത്ര ശിക്ഷയില്ല. അപ്പോൾ നമ്മുടെ പറമ്പിൽ നമ്മൾ വച്ചുപിടിപ്പിച്ച മരം വെട്ടുന്നത് നിയമവിരുദ്ധമാണെന്നു പറഞ്ഞ് ഫോറസ്റ്റിലെ റെയിഞ്ചോഫീസർ ഒരു കോടതിയിലെന്നപോലെ തീരുമാനം എടുക്കുന്നതു വളരെയധികം കുഴപ്പങ്ങൾക്കു കാരണമാകും. അത്രയും വലിയ അധികാരങ്ങൾ കൊടുക്കുന്നതു വളരെ തെറ്റാണ്. അതു പുനരാലോചിച്ച് അധികാരങ്ങൾ കുറയ്ക്കണം. അതുപോലെതന്നെ ഈ നടപടിയുടെമേൽ ഏർപ്പെടുത്തുന്ന ശിക്ഷയും കുറവു ചെയ്യേണ്ടതാണ്. ശ്രീ. എസ്. ഗോവിന്ദ കുറുപ്പ് സൂചിപ്പിച്ചതു വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഫോറസ്റ്റിനോട് അടുത്താണ് റെയിഞ്ചോഫീസറുള്ളത്. അപ്പോൾ റെയിഞ്ചോഫീസറെ കണ്ടുപിടിക്കുന്നതിനു വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഫോറസ്റ്റ് ഇല്ലാത്ത പ്രദേശങ്ങളിലും മരങ്ങളുണ്ട്. അതുകൊണ്ടു റെയിഞ്ചോഫീസറെ കാണുക, അനുവാദം വാങ്ങിക്കുകയെന്നുള്ളത്, ഫോറസ്റ്റില്ലാത്ത സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ മേഖലയിലും മദ്ധ്യമേഖലയിലുമൊക്കെയുള്ളവർക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കും. അതിനുവേണ്ടി എന്തെങ്കിലുമൊരു സൗകര്യം ചെയ്തുകൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ ബിൽ, ഈ രീതിയിൽ പാസ്സാക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും നമ്മുടെ നാട്ടിൽ ഉള്ള മരങ്ങളും ഇല്ലാതാകും. അതുകൊണ്ട് ഈ ബില്ലിനെപ്പറ്റി ഞാൻ മുമ്പു നിർദ്ദേശിച്ച ഭേദഗതികളോടുകൂടി നല്ല രീതിയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി.എസ്. ജോൺ : സർ, ഇതു മരം സംരക്ഷിക്കാനുള്ള ഒരു നിയമമാണ്. ഈ നിയമത്തിന്റെ പേര് കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ബിൽ 1984 എന്നാണ്. ഇത് യഥാർത്ഥത്തിൽ പറഞ്ഞാൽ ഇതു മരങ്ങളെ നശിപ്പിക്കാനുള്ള നിയമമായി മാറുകയാണ്. ഇതു പാസ്സായി വന്നുകഴിഞ്ഞാൽ ഫലത്തിൽ വരാൻ പോകുന്നത് പ്രിസർവേഷനല്ല. പ്രൈവറ്റ് ലാൻഡിലെ ഈ 10 ഇനം മരങ്ങളും നശിപ്പിക്കാനേ ഈ ബിൽ സഹായകമാവൂ എന്നാണ് എന്റെ അഭിപ്രായം. സർ, ഈ ചീനിയെന്നു പറഞ്ഞാൽ മധുരക്കിഴങ്ങാണ്. ബഹുമാനപ്പെട്ട ഗൗരിയമ്മയ്ക്ക് സംശയമാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ചീനി രണ്ടിനമുണ്ട്. മരച്ചീനിയും മധുരക്കിഴങ്ങും. എന്നാൽ ഈ ബില്ലിൽ പറയുന്ന ചീനി, ടെട്രാവയിൽസ് ന്യൂഡിഫ്ളോറയാണ്. അതു സോഫ്റ്റ്വുഡിൽപ്പെട്ട മരമാണ്. അപ്പോഴ് സോഫ്റ്റ് വുഡ് ഉൾപ്പെടെ പത്തിനം മരങ്ങളുണ്ട്. ഈ നിയമം പാസാക്കിയ ശേഷം നാട്ടിൻപുറത്തേക്കു ചെന്നാൽ ഏതെങ്കിലുമൊരു തേക്കിൻ തൈ നമ്മുടെ നാട്ടിൻപുറങ്ങളിൽ നിൽക്കുന്നതു കണ്ടാൽ അതു കിളിർത്തു വരുന്നതിനു മുൻപ് വെട്ടിക്കളയും. എന്താണ് കാര്യം ? ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ ആലപ്പുഴയിലുള്ള ഒരു മരം മുറിക്കണമെങ്കിൽ നാന്നിക്കു പോകണം. ആലപ്പുഴയിൽ വനമില്ല. നമ്മുടെ ആലപ്പുഴ ജില്ലയുടെ ഭാഗമായിരുന്ന തിരുവല്ല, മല്ലപ്പള്ളി പ്രദേശങ്ങളിലും വനമില്ല. ആലപ്പുഴയിൽ നിന്നും ഒരാൾ ഡി.എഫ്.ഒ. യെ അല്ലെങ്കിൽ റെയിഞ്ചോഫീസറെ കാണാൻ നാന്നിക്കു പോകണം. അല്ലെങ്കിൽ കോന്നിക്കു പോകണം. രണ്ടു ദിവസത്തെ മെനക്കേടാണ്. ഇവരുടെ സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടുവന്നാൽ ഇവർ പറയുന്നതുപോലെ പുറ വയ്ക്കാനുള്ള സ്ഥലത്തുനിന്നു മാത്രമേ മരം വെട്ടാൻ സാധിക്കുകയുള്ളൂ. ഈ ബില്ലിനകത്തു പറയുന്നത് അങ്ങനെയാണ്. അപ്പോഴ് മരം വെട്ടാൻ അനുവാദം കിട്ടണമെങ്കിൽ റെയിഞ്ചോഫീസറെ കൊണ്ടുവരണം. അങ്ങനെ കൊണ്ടുവന്നാൽ പുറ വയ്ക്കാൻ പ്രിസർവ് ചെയ്തിട്ടുള്ള സ്ഥലത്തുള്ള മരങ്ങളെ മാത്രമെ വെട്ടാൻ പാടുള്ളൂ എന്നാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്, വീടിന്റെ പുറത്തുവീഴാൻ പോകുന്ന മരം മുറിക്കണമെങ്കിലും ഇവരുടെ അനുവാദം വേണം. അതിൽക്കവിഞ്ഞ അബദ്ധം വേറെയൊന്നുമില്ല. അതിന്റെ ഫലമായി എന്താണ് ഉണ്ടാകുന്നത് ഒരൊറ്റ ആളു പോലും പ്രൈവറ്റ് ലാൻഡിൽ ഈ പത്തിനം മരങ്ങളും വച്ചുപിടിപ്പിക്കുന്ന പ്രശ്നമേയില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ ഉള്ളതും ആരും അറിയാതെ വെട്ടിക്കളയും. ഈ പത്തിനം മരങ്ങളും വച്ചു പിടിപ്പിക്കാതിരിക്കാനുള്ള നിയമമാണിതെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് പ്രൈവറ്റ് ലാൻഡിൽ ഏതു മരവും വച്ചുപിടിപ്പിക്കാനും, വെട്ടിയെടുക്കാനുമുള്ള സ്വാതന്ത്ര്യം കൊടുക്കണം. പ്രൈവറ്റ് ലാൻഡിൽ ഈ പത്തിനം മരങ്ങളുടെ ലിക്വിഡേഷനാണ് ഈ നിയമം മൂലം ഉണ്ടാകാൻ പോകുന്നത്. അവനവന്റെ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുകയും വെട്ടിയെടുക്കുകയും ചെയ്യുന്നതിനു വലിയ ശിക്ഷയാണ് ഏർപ്പെടുത്തുന്നത്. അതേസമയം വനത്തിൽനിന്നും

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മരം വെട്ടിയെടുക്കുന്ന കള്ളനു 500 രൂപ ശിക്ഷയാണു കൊടുക്കുന്നത്. എന്നാൽ സ്വന്തം വസ്തുവിൽനിന്നും മരം വെട്ടിയെടുക്കുന്നതിനു 6 മാസം തടവും 1000 രൂപ പിഴയും ആണ് ഏർപ്പെടുത്തുന്ന ശിക്ഷ. സർക്കാർ വനത്തിൽനിന്നും മരംവെട്ടുന്ന ആളുകളെ ശിക്ഷിക്കുന്നതു 500 രൂപ ഈടാക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടാണ്. ഇവിടെയോ സ്വന്തം വസ്തുവിൽനിന്നും മരം വെട്ടിയെടുക്കുന്ന ആളുകളെ 6 മാസം തടവിനും 1000 രൂപ പിഴയ്ക്കും ആണ് ശിക്ഷിക്കുന്നത്. തടവു നിർബന്ധമാക്കിയിരിക്കുന്നു. ഈ ശിക്ഷ കൂടുതലാണ്. അതുകൊണ്ട് ആ ശിക്ഷ ഇളവു ചെയ്തു വനത്തിൽനിന്നു വെട്ടുന്നതു പോലെയാക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഈ നിയമങ്ങൾ തന്നെ മാറ്റിക്കൊണ്ട് പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ചിരുന്ന് ഒന്നാലോചിച്ചാൽ കൊള്ളാമെന്നാണ് എനിക്കു തോന്നുന്നത്. പ്രൈവറ്റു ലാൻഡിൽ ഈ പത്തിനം മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനെ നിരുൽസാഹപ്പെടുത്തുന്ന ഒരു നിയമമാണിത് എന്നാണ് എന്റെ അഭിപ്രായം.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും പല നിർദ്ദേശങ്ങളും ഇവിടെ സമർപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. സർ, ആദ്യമായി മനസ്സിലാക്കാനുള്ള ഒരു കാര്യം ഈ ബില്ലുകൊണ്ട് പാവപ്പെട്ടവരെ വളരെ ബുദ്ധിമുട്ടിക്കുന്നുവെന്നു പറയുന്നതിൽ ന്യായീകരണമില്ല. ഒരു ഹെക്ടർവരെ ഉള്ള താമസ സ്ഥലത്തിന്റെ ഉടമസ്ഥൻമാരാണ് ഇന്ന് പാവപ്പെട്ടവർ. കേരളത്തിൽ ഭൂ പരിഷ്കരണ നിയമം പാസാക്കിയതിനെത്തുടർന്ന് പത്തു മുപ്പതു ലക്ഷത്തിൽപരം ആളുകളും ചെറിയ കൃഷിക്കാരായി, ഒരു ഹെക്ടറിനു താഴെ ഭൂമിയുടെ ഉടമകളായി മാറിയ സാഹചര്യമാണുള്ളത്. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുണ്ടെങ്കിൽ അവരെ വളരെ പാവപ്പെട്ടവരാണെന്നു വ്യാഖ്യാനിക്കുന്നതു അപകടമായിരിക്കും. അഞ്ചും പത്തും പതിനഞ്ചും ഹെക്ടർ സ്ഥലമുള്ള ഒരാളെ പാവപ്പെട്ടവനാക്കി കാണുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഒന്നാമതായി ഒരു ഹെക്ടർവരെയുള്ള താമസ സ്ഥലത്തിനു (വീടുവളപ്പ്) ഇതു ബാധകമല്ല. രണ്ടാമത് ഈ നിയമം പാസായിക്കഴിഞ്ഞാൽ മരംമുറിക്കുന്നതിനു അനുവാദം വാങ്ങിക്കണമെന്നും പല സ്ഥലങ്ങളിലും പോകണമെന്നും ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞു. 1974 മുതൽ ഇവിടെ നിലവിലുള്ള നിയമമനുസരിച്ച് മൂന്നിനം മരങ്ങൾ വെട്ടിക്കൂടാ എന്നു നിങ്ങൾ എല്ലാവരും സമ്മതിക്കും. മൂന്നിനം മരങ്ങൾ വെട്ടരുതെന്നുള്ള നിയമം നിലനിൽക്കുന്ന അവസരത്തിൽ ഭരണാധികാരത്തിൽ പങ്കാളികളായവർ ആരും അതിൽ മാറ്റം വരുത്തീട്ടില്ല.

ഇന്ന് ഇപ്പോൾ അതിൽ ഒരു ഭേദഗതി വരുത്തി ഈ മൂന്നിനം മരങ്ങളുടെയുള്ള ബില്ലിൽ പറഞ്ഞിട്ടുള്ള പത്തിനം മരങ്ങൾക്ക് അനുവാദം ഉണ്ടായാൽ മാത്രമെ ഒരു ഹെക്ടറിനു പുറമെയുള്ളവർക്ക്, ഒരു ഹെക്ടറിനു സ്വാഭാവികമായിട്ടും (വീട് വളപ്പ്) തടസ്സമില്ല. ചട്ടൻ പാടുള്ളു എന്നു ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ആ മൂന്നിനം മരങ്ങൾ സർക്കാർ വനപ്രദേശങ്ങളിലും, സ്വകാര്യ വന പ്രദേശങ്ങളിലുമാണ്. എന്നാൽ ഈ പത്തിനം മരങ്ങൾ വനപ്രദേശങ്ങളിലല്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ : ആ മൂന്നിനം മരങ്ങളും, സ്വകാര്യ വ്യക്തികളുടെ ഉൽപ്പെടെയാണ്. പിന്നെ ഇവിടെ സംസാരിച്ചപ്പോൾ ശ്രീമതി ഗൗരിയമ്മ ഒരു കാര്യം പറഞ്ഞു, സ്വകാര്യ വനങ്ങളിലെ മരങ്ങൾ സംരക്ഷിക്കുന്നതിനു നിയമം നിലവിലുണ്ടെന്നു. സ്വകാര്യ വനങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമായതിനെ തുടർന്ന് അത് ഗവൺമെന്റിന്റെ വനമായി തീർന്നു. അവിടെയുള്ള വനം സംരക്ഷിക്കാൻ നിലവിലുള്ള വന വ്യവസ്ഥകളും, നിയമങ്ങളുമെല്ലാമുണ്ട്. പക്ഷേ ഞാൻ ഇതുകൊണ്ട് ചൂണ്ടിക്കാണിച്ച ഒരു കാര്യം സ്വകാര്യ വനഭൂമി ഏറ്റെടുത്തതിനുശേഷം കോടതികളിലൂടെ, ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ട്രൈബ്യൂണലുകളിലൂടെ അതിന്റെ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിയും. (ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ച് വേറൊരു ബില്ല് ഇവിടെ വരുന്നുണ്ട്.) അങ്ങനെ കോടതികളിൽനിന്നും ട്രൈബ്യൂണലുകളിൽ നിന്നും കസ്റ്റോഡിയനിൽനിന്നും അതിനു മുമ്പുള്ള ഉദ്യോഗസ്ഥൻമാരിൽ നിന്നെല്ലാം വിട്ടുകൊടുക്കുന്ന സ്ഥലങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് ഇന്ന് നിലവിൽ നിയമമില്ല. അത് നമുക്ക് ഈ നിയമം മുഖേന സംരക്ഷിക്കാൻ കഴിയും. അങ്ങനെ സിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് തന്നെ ഏതാണ്ട് അയ്യായിരത്തിൽപ്പരം ഹെക്ടർ വന ഭൂമി പഴയകാലത്ത് വിട്ടുകൊടുക്കപ്പെട്ട ഭൂമിയുമുണ്ട്, അതിൽ ചിലതെല്ലാം നല്ല വനമാണ്. ഇവിടെ ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ചൂണ്ടിക്കാണിച്ചതുപോലെ പ്രകൃതി സംരക്ഷണത്തിന്, അതുപോലെ മണ്ണൊലിപ്പ് നിയന്ത്രിക്കാനുമെല്ലാം ഉതകുന്ന വിധത്തിലാണ്. അതുപോലെ തന്നെയാണ് ഗവൺമെന്റിന്റെ ഭൂമി പട്ടയം കൊടുക്കുന്നത്. ഇപ്പോഴും കാർഡമം തോട്ടങ്ങളിലെ അവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പട്ടയം കൊടുക്കുന്ന ഭൂമികളിലെ മരം ഗവൺമെന്റിന്റെ മരമാണ്.

ശ്രീമതി. കെ. ആർ. ഗൗരി: പട്ടയം കൊടുക്കുന്നതിൽ സ്പെസിഫിക്ക് കണ്ടീഷൻസുണ്ട്. തടിവെട്ടാൻ പാടില്ല, തടി ഫോറസ്റ്റിനേതാണ് എന്നൊക്കെയുള്ള കണ്ടീഷൻസ് പട്ടയം കൊടുക്കുന്നതിൽ പോലും സ്പെസിഫിക് കണ്ടീഷനാണുള്ളത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങനെയുള്ള ആ കണ്ടീഷനനുസരിച്ച് കൊടുക്കപ്പെടുന്ന സ്ഥലങ്ങളിലും അതുപോലെ മരം മുറിക്കുന്നതുമൂലം പ്രകൃതിയെ പ്രതികൂലമായി ബാധിക്കുന്ന സ്ഥലങ്ങളിലും മരം വെട്ടൽ പാടില്ലാത്തതാണ്. അതിനെയും മറികടന്ന് തടി വെട്ടുന്നവർക്ക്മാത്രമേ ഇത് ബാധകമാകുകയുള്ളൂ. സർ, അതുകൊണ്ട് ആർക്കാണ് ആക്ഷേപം? ആർക്കാണ് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ പോകുന്നത്? ബഹുമാനപ്പെട്ട ഗൗരിയമ്മ ആർക്കുവേണ്ടിയാണ് വാദിക്കുന്നതെന്ന് എനിക്ക് നിശ്ചയമില്ല. ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് വേണ്ടിയല്ല. ഈ നാട്ടിലെ പാവപ്പെട്ടവന്റെ പറമ്പുകളിൽ സാധാരണ ഗതിയിൽ ചീനി മരം ഉണ്ടാവാറില്ല. അതുപോലെതന്നെ മരുതുകളും കുറവാണ്. ചില ആളുകളുടെ വാദം കേട്ടാൽ തോന്നും രണ്ടേക്കർ സ്ഥലത്ത് കൃഷിക്കാർ സ്ഥിരമായി മരം വച്ചു വളർത്തി ജീവിക്കുന്നുവെന്ന്. അങ്ങനെ മരംവച്ച് വളർത്തി ജീവിക്കുന്ന ആ രണ്ടേക്കർ സ്ഥലവും, അഞ്ച് ഏക്കർ സ്ഥലവും അതിന് വേണ്ടിമാത്രം ഉപയോഗിക്കുന്ന കൃഷിക്കാർ നമ്മുടെ നാട്ടിലില്ല. വളരെ അത്യാവശ്യമായ മരങ്ങൾ മാത്രമേ നമ്മൾ ഇന്ന് വച്ച് വളർത്തുന്നുള്ളൂ. അതിന് ഉദാഹരണമാണ് തേക്ക്. 1974 മുതലേ ഈ തേക്ക് മരത്തിന് നിയന്ത്രണമുണ്ട്. കൂടാതെ ചീനിയെപ്പറ്റി ഇവിടെ ഇരിക്കുന്ന ആളുകൾ കൂടെക്കൂടെ പറയുന്നത് കേട്ടു. ചീനിയെന്നു പറയുന്നത് ഒരു വലിയ മരമാണ്. കൂടാതെ അത് ഒരു സോഫ്റ്റ് വുഡ്ഡുമാണ്. ഈ മരം സാധാരണഗതിയിൽ തന്നെ കൃഷിക്കാരൻ വളർത്താൻ അനുവദിക്കുകയില്ല. അങ്ങനെ ഒരു മരം വളർന്നു കഴിഞ്ഞാൽ ഏതാണ്ട് എല്ലാ സ്ഥലങ്ങളിലും ആ മരം പടർന്നു നിൽക്കും. അതുമൂലം അതിന്റെ താഴെ ഒരു കൃഷിയും വളരുകയില്ല. അതുകൊണ്ട് കൃഷിക്കാർ സ്വാഭാവികമായിട്ടും ആ മരം വച്ചുവളർത്തുകയില്ല. അഥവാ വളരുന്നതുതന്നെ കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കും. നേരെമറിച്ച് ഈ നിയമം നിലവിൽ വരുന്നതിനെ തുടർന്ന് ഗവൺമെന്റിനുണ്ടാകുന്ന ഏറ്റവും വലിയ ഒരു നേട്ടമെന്നു പറയുന്നത്, കാട്ടിൽ വളരുന്ന ചില ഇനം മരങ്ങൾ നാട്ടിലെ മരങ്ങൾ എന്ന വ്യാജേന വെട്ടിക്കൊണ്ടുപോകുന്നത്, ഫലപ്രദമായി തടയാൻ ഈ നിയമം മുഖേന കഴിയുന്നു എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ ചെറു കിടക്കാരെ ഇത് ബാധിക്കുകയില്ലെന്നും, ഒരു ഹെക്ടറുകാരനെ ഒഴിവാക്കിയിരിക്കുന്നുവെന്നുമാണ് പറഞ്ഞത്. എന്നാൽ നിയമത്തിൽ അങ്ങനെ പറഞ്ഞിട്ടേയില്ല. നിയമത്തിൽ ഒരു റെസിഡൻഷ്യൽ ബംഗ്ലാവ് ഉള്ള ഒരാൾ ഉണ്ടെങ്കിൽ അയാളുടെ കാര്യമാണ് വച്ചിരിക്കുന്നത് അല്ലാത്തവരുടെ കാര്യമല്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ : അത് തന്നെയാണ് ഞാൻ പറഞ്ഞത് ഒരു ഹെക്ടർ ഭൂമിയും, അവിടെ ഒരു പുരയും ഉള്ള ആളാണ് ഈ രാജ്യത്തെ പാവപ്പെട്ടവർ. അല്ലാതെ ഗൗരിയമ്മ പറഞ്ഞതുപോലെയും, മറ്റ് മെമ്പർമാർ പറഞ്ഞതുപോലെയും ഉള്ള അഞ്ചും പത്തും പതിനഞ്ചും ഹെക്ടറുകാരനല്ല ഈ രാജ്യത്തെ പാവപ്പെട്ടവൻ. ഒരു ഹെക്ടർ ഭൂമിയും ഒരു പുരയും അത് വയ്ക്കാനുള്ള സൗകര്യങ്ങളുമുള്ള പാവപ്പെട്ടവനെ സംരക്ഷിക്കുന്നതിനാണ് ഈ നിയമത്തിൽ വ്യവസ്ഥ ഉണ്ടാക്കീട്ടുള്ളത്. ആ പാവപ്പെട്ടവനാണ് ഈ നിയമംകൊണ്ട് സംരക്ഷണം നൽകിയിട്ടുള്ളത്.

ശ്രീ. തോമസ് കല്ലംപള്ളി : കമ്പകം, ചടച്ചി, ചീനി തുടങ്ങിയവ ഫയർ വുഡ് ആണ്. സോഫ്റ്റ് വുഡ് ആണെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. അത് വെട്ടുന്നത് നിരോധിച്ചാൽ തന്നെ കേരളത്തിൽ ഫയർ വുഡ്ഡിന്റെ ക്ഷാമം ഉണ്ടാകുമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുന്നുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഫയർ വുഡ്ഡിന്റെ ക്ഷാമം തീർക്കാൻ വേറെ ഒരുപാട് പദ്ധതികളും ഈ രാജ്യത്ത് നടപ്പിലാക്കുന്നുണ്ട്. ഇവിടെ ചീനിയെന്ന് പറഞ്ഞത് സോഫ്റ്റ് വുഡ്ഡാണ്. അത് നിയന്ത്രിക്കുന്നതുകൊണ്ട് ഫയർ വുഡ്ഡിന്റെ ക്ഷാമം വരുന്നില്ല. അതിന് നമുക്ക് വേറെ പരിഹാരമാർഗ്ഗങ്ങളുണ്ട്. അതുപോലെതന്നെ വന സംരക്ഷണ നിയമത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി മറ്റ് ചില സുഹൃത്തുക്കളും എല്ലാം പറയുകയുണ്ടായി.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : വീട് എന്ന് പറയുന്നതിന്റെ ഉദ്ദേശശുദ്ധിയെയാണ് ചോദ്യം ചെയ്യുന്നത്. ഒരു ഹെക്ടർ ഭൂമിയുടെ കൈവശാവകാശമോ അല്ലെങ്കിൽ ഭൂമിയുടെ ഓണർഷിപ്പോ എന്നു പറയുന്നതിനു പകരം ഒരു ഹെക്ടർ ഭൂമിയും അതിൽ ഒരു വീട് എന്നു പറയുമ്പോൾ യഥാർത്ഥത്തിൽ മലമ്പ്രദേശങ്ങളിൽ ഒരു ഹെക്ടറിൽ വീടുണ്ടാക്കി ഭൂമിയിലെ മരം വെട്ടിയെടുക്കാനും നാട്ടിൻപുറത്തെ കൃഷിക്കാരനെ ദ്രോഹിക്കാനും ഇട വരുന്നുവെന്നുള്ളതുകൊണ്ട് ഓണർഷിപ്പ് എന്ന രൂപത്തിൽ അത് വ്യാഖ്യാനിക്കാൻ തയ്യാറുണ്ടോ ? ഒരു ഹെക്ടർ ഭൂമിയിൽ വീടുണ്ടാകുകയെന്നതാണ് മന്ത്രിയുടെ വിശദീകരണത്തിൽ നിന്നും എനിക്ക് മനസിലായത്. ഒരു ഹെക്ടർ ഭൂമിയും, അതിനകത്ത് ഒരു വീടും എന്നു പറയുമ്പോൾ മലമ്പ്രദേശത്തെ വലിയ ഭൂമികളിൽ ഒരു ഹെക്ടറിൽ വീടുണ്ടാക്കി, മരം വെട്ടാനുള്ള സൗകര്യം കിട്ടും. നിങ്ങൾ യഥാർത്ഥത്തിൽ പ്രമാണിമാരെ രക്ഷിക്കാൻ വേണ്ടിയാണ്.....

ശ്രീ. കെ. പി. നൂറുദ്ദീൻ : നാട്ടിൻപ്രദേശങ്ങളിലൊന്നും ഈ പറഞ്ഞ പത്തിനം മരങ്ങളും ധാരാളമായി ഉണ്ടാകാൻ സാദ്ധ്യതയില്ല. വെറുതെ ഇല്ലാത്ത ഒന്നിന് വേണ്ടി നമ്മൾ എന്തിനാണ് യുദ്ധം ചെയ്യുന്നത് : തേക്ക് മരങ്ങളാണ് നാട്ടിൻപുറങ്ങളിൽ കൂടുതലുള്ളത്. ആ തേക്കിൻ മരങ്ങളെങ്കിലും നേരത്തെ തന്നെ നിലവിൽ ഒരു നിയമമുണ്ട്. അന്ന് അനുവദിച്ചിട്ടാത്ത ഒരു ബുദ്ധിമുട്ട് കൃഷിക്കാർക്ക് ഇന്ന് അനുവദിച്ചുകിട്ടുന്നുവെന്ന് പറയുന്നത് വിശ്വസിക്കാൻ കഴിയുകയില്ല. അങ്ങനെ നമുക്ക് കാണാനും

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യമല്ല. അതുകൊണ്ട് പാവപ്പെട്ട കൃഷിക്കാരന് ഇത് ബാധകമല്ല. അവർക്കെതിരായിട്ട് ഇതിലെ വ്യവസ്ഥകളും ബാധിക്കുകയുമില്ല. അങ്ങനെ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. അതുപോലെ തന്നെ ഇവിടെ പറഞ്ഞു കാട്ടിലെ മരം സംരക്ഷിക്കാൻ കഴിയുന്നില്ല എന്നിട്ട് നാട്ടിലേക്ക് പോകുന്നുവെന്ന്. ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം ഇന്നത്തെ വനത്തിൻെറ അവസ്ഥയും സംരക്ഷണ നടപടികളും തുടർന്നുള്ള പ്രശ്നങ്ങളുമെല്ലാം മനസിലാക്കുന്നുവെന്നുള്ളതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കാട്ടിലെ മരം പൂർണ്ണമായും സംരക്ഷിക്കാൻ കഴിയും. ഓരോ വർഷവും പ്രത്യേകമായ സ്ഥലങ്ങളിൽ, പ്രയാസമുള്ള സ്ഥലങ്ങളിൽ അതിനാവശ്യമായ സംവിധാനമുണ്ടാക്കുന്നു. ബഹുമാനപ്പെട്ട ഈ സഭയിലെ അംഗങ്ങളോട് ഞാൻ ചോദിക്കട്ടെ അവർ ആവശ്യപ്പെടുന്ന സ്ഥലം ഏതാണ്, ആ സ്ഥലത്ത് ഞാൻ നേരിട്ട് പോകാൻ തയ്യാറാണ്. അതുപോലെ ചില മാദ്ധ്യമങ്ങളിൽ ചില വാർത്തകൾ വരികയുണ്ടായി, ഞാൻ നേരിട്ട് തന്നെ ആ സ്ഥലങ്ങളെല്ലാം സന്ദർശിക്കുകയുണ്ടായി. ആവശ്യമായ സംരക്ഷണ നടപടികളും ആ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് സമ്പൂർണ്ണമായിട്ട് എല്ലാം ഭദ്രമാണെന്ന് ഞാൻ പറയുന്നില്ല. സ്വാഭാവികമായും ചില കാര്യങ്ങളും നടക്കുന്നു. ആ നടക്കുന്ന കാര്യങ്ങളെ ഫലപ്രദമായി തടയുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപടികളുമുണ്ട്. മുഖം നോക്കാതെ, ആരെ എന്ന് നോക്കാതെ നടപടി സ്വീകരിച്ചിട്ടുള്ള അഭിമാനകരമായ ഒരു ചരിത്രമാണ് ഈ കഴിഞ്ഞ നാലര വർഷത്തെ ഈ ഗവൺമെൻറിൻെറ വനസംരക്ഷണ പ്രവർത്തനരംഗത്തുള്ളത്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് മുഴുവൻ മരങ്ങളും നിരോധിക്കണമെന്നു പറഞ്ഞു. വാസ്തവത്തിൽ അദ്ദേഹത്തെ അങ്ങേയറ്റം ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. പക്ഷേ പല മെമ്പർമാരും പറഞ്ഞു ഇപ്പോൾ ഈ പത്തിനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത് തന്നെ ബുദ്ധിമുട്ടുണ്ടായിത്തീരുമെന്ന്. അങ്ങനെ ഏതായാലും ഈ നിയമം പാസാക്കേണ്ടത് വന സംരക്ഷണ പ്രവർത്തനത്തിൽ, പ്രകൃതിയുടെ സംരക്ഷണത്തിൽ, അതുപോലെ തന്നെ മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനുമെല്ലാം സഹായം നിൽക്കുന്ന ഒരു ഘടകമെന്നുള്ള നിലയിൽ ഈ നിയമം പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു:

ശ്രീ. കെ. ജി. ആർ. കർത്താ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരളാ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് പാസാക്കി. ബിൽ പരിഗണനക്കെടുത്തു.

വകുപ്പുതിരിച്ചുള്ള ചർച്ച

2-ാ വകുപ്പ്

Shri Kanam Rajendran: Sir, I move that In clause 2, sub-clause (c) add the following at the end namely :—"or a receiver or manager appointed by any court of competent jurisdiction to have the charge of or to Exercise the right of the owner over the said land". ഇതിൽ രണ്ടാം വകുപ്പിൽ owner എന്നതിൻെറ നിർവചനം പറഞ്ഞിരിക്കുന്നത്

12 noon]

LIBRARY ARCHIVES Kerala Legislative Assembly

"in relation to any land, includes a mortgage, lessee or other person having right to possession and enjoyment of that land"; എന്നാണ് ഇനി ഈ ഭേഗതിയിൽ"or a receiver or manager appointed by any court of competent jurisdiction to have the charge of, or to Exercise the right of the owner over the said land" ഇത് വാട്ടർ അതോറിട്ടി ബില്ലിൽ വന്നപ്പോഴും ഇതിനെ സംബന്ധിച്ച് ഇങ്ങനെ ഒരു ഭേഗതി ഉന്നയിക്കുകയും സബ്ജക്ട് കമ്മിറ്റി തന്നെ അത് അംഗീകരിക്കുകയും ചെയ്തതാണ്. ഇത് നിരവധി കേസുകളിലും കോടതിവിധികളിലും കുരുങ്ങി പല ഭൂമിയുടേയും അധികാരവും അവകാശവും റിസീവറിലും കോടതിയിലും ഒക്കെ നിക്ഷിപ്തമായിരിക്കുന്ന സന്ദർഭങ്ങളുണ്ട്. ഒരു കേസ് കൊടുത്ത് റിസീവറുടെ പക്കൽ വന്നാൽ ഈ 'owner' എന്നുള്ള നിർവചനം ഈ നിയമത്തിന്റെ അകത്ത് വരുന്നുണ്ടോ ? അതുകൊണ്ട് നിയമം മറികടക്കാനുള്ള സാദ്ധ്യതയുണ്ട്. മന്ത്രി പറഞ്ഞു അദ്ദേഹം വലിയ ആത്മാർത്ഥതയോടെയാണ് അത് നടപ്പാക്കാൻ പോകുന്നതെന്ന്. അങ്ങനെയുള്ള ആത്മാർത്ഥത അദ്ദേഹത്തിനിക്കാര്യത്തിലുണ്ടെങ്കിൽ ഈ ഭേഗതി അംഗീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, നിലവിലുള്ള നിയമം അനുസരിച്ച് തന്നെ ഈ റിസീവർമാരും മാനേജർമാരുമെല്ലാം ഇതിൽ ഉൾപ്പെടും. അതുകൊണ്ട് ഈ ഭേഗതി സ്വീകരിച്ചില്ലെങ്കിലും തീർച്ചയായിട്ടും ആ പറഞ്ഞ ആശയം സംരക്ഷിക്കപ്പെടും.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 46-ാം നമ്പർ ഭേഗതി സഭ നിരാകരിച്ചു.

Shri Varkala Radhakrishnan:— Sir, I move that In clause 2 sub clause (c) add the following at the end namely :—"and the person of unauthorised occupation of land". വളരെയധികം തെറ്റിദ്ധാരണകൾക്കിടനൽകിയിട്ടുള്ളതുകൊണ്ട് ചില ഭേഗതികളും അടിയന്തിരമായും ആവശ്യമാണ്. കാടിനെ സംബന്ധിക്കുന്ന ഒരു നിയമമാണ്. പക്ഷേ അതൊരു കാടൻ നിയമമായി തീരരുതല്ലോ, അതിനു വേണ്ടിയുള്ള സംരക്ഷണമാണ് ഞാൻ ഉദ്ദേശിക്കുന്നത്. വനസംരക്ഷണം ആവശ്യമാണ്. അതുപോലെ തന്നെ പരിസ്ഥിതി സംരക്ഷണം ആവശ്യമാണ്. അതെല്ലാം സഹായകമായി തീരാൻ ഇടയുള്ളൊരു ബില്ലാണിത്. പക്ഷേ ഇതിൽ ചില കുഴപ്പങ്ങളുണ്ട്, അത് പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഭേഗതി ഞാൻ അവതരിപ്പിക്കുന്നത്. ഞാൻ ഉദ്ദേശിക്കുന്ന ഭേഗതി ഇതിൽ നിർവചനം കൊടുത്തിട്ടുള്ള ചില കാര്യങ്ങൾക്കാണ്. നിർവചനം കൊടുത്തിട്ടുള്ളതിൽ 'owner' എന്നുള്ള വാക്കിനു, മലയാളത്തിൽ - ഉടമസ്ഥൻ എന്നു പറയുമ്പോൾ അതിൽ ഒറിക്കാരൻ ഉണ്ട്, പാട്ടക്കാരൻ ഉണ്ട്, അതുപോലെതന്നെ പട്ടയം ഉള്ള ആളുകളും ഉണ്ട്. എന്നാൽ ഇതിലൊന്നും പെടാത്ത ആളുകളും ഉണ്ട്. അവർ അനധികൃതമായ കൈവശക്കാരാവാം, ചിലപ്പോൾ പ്രൈവറ്റ് ഫോറസ്റ്റിൽ ആകാം, അല്ലെങ്കിൽ പൊതുവക ഭൂമിയാകാം. ഏതായാലും അനധികൃതമായി 100 കണക്കിനു ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്ന അളുകൾക്ക് കൂടി ഈ നിയമം ബാധകമായിതീരുന്നതിനുള്ള ഒരു ഭേഗതിയാണ് ഞാൻ ഉദ്ദേശിച്ചത്. Even if they are in un-authorised occupation, they must also come within the purview of the Act. Otherwise, a large section will be outside the purview of the Act. അതുകൊണ്ട് അങ്ങനെ വരുന്ന ആളുകളുടെ കൈയ്യിലുള്ള പ്രദേശങ്ങളിലെ വൃക്ഷങ്ങൾക്ക് സംരക്ഷണം നൽകേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ഒരാവശ്യമാണ്. ആ നിലയ്ക്ക് ഈ ഭേദഗതി മന്ത്രി പരിഗണിക്കണം. എന്റെ ഭേദഗതി അതുപോലെ സ്വീകരിച്ചില്ലെങ്കിൽ ആ അർത്ഥം വരത്തക്ക മറ്റൊരു ഭേദഗതി ഈ നിയമത്തിൽ കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

വനം വകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :— സർ, ആ ഭേദഗതി സ്വീകരിച്ചാൽ അതിന്റെ അർത്ഥം അനധികൃത കൈയ്യേറ്റക്കാരെ അംഗീകരിക്കുന്നുയെന്നാണ്. ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അംഗീകരിക്കുന്നുയെന്നാണ്. അതിനാൽ അതു ഉൾക്കൊണ്ടാൽ കൂടുതൽ ബുദ്ധിമുട്ടുണ്ടാകും. ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു. 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു. 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

3—ാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ:—സർ, താഴെ കാണുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(1) In clause 3 sub clause (1) after the word "Ranger" add the words "specially deputed for the purpose".

(2) In clause 3 sub clause (2) after the words "such Officers" add the words "not below the rank of a Divisional Forest Officer specially deputed for the purpose".

ഈ നിയമത്തിലെ 3-ാം വകുപ്പിലാണ് ഇതിനുവേണ്ടി അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കാര്യം തീരുമാനിച്ചിരിക്കുന്നത്. ഈ നിയമത്തിൽ ഫോറസ്റ്റർ റെയിഞ്ചറാണ് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ. ഈ റെയിഞ്ചർമാരെ സംബന്ധിച്ചുള്ള പരാതികൾ എന്നെക്കാളും മന്ത്രിക്കറിയാം. ഈ നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട കടമ നിർവ്വഹിക്കേണ്ട ആളാണ് ഓതറൈസ്ഡ് ഓഫീസർ. ഈ രാജ്യത്തെ പൗരൻമാരെ സംബന്ധിച്ചിടത്തോളം, അവർ നട്ടുവളർത്തുന്ന വൃക്ഷങ്ങളെ സംബന്ധിച്ച് അന്തിമമായ തീരുമാനം എടുക്കേണ്ടത് ഓതറൈസ്ഡ് ഓഫീസർ ആണ്. ആ ഓതറൈസ്ഡ് ഓഫീസറായിട്ട് നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആള് ഒരു റെയിഞ്ചറോ അതിനു താഴെയല്ലാത്ത തസ്തികയിലുള്ള ഒരാളോ ആയിരിക്കും എന്നാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതു പോരാ, റെയിഞ്ചറെ ഏൽപ്പിച്ചാൽ ഈ നിയമത്തിൽ എന്താണോ ഉദ്ദേശിക്കുന്നത് ആ ഉദ്ദേശലക്ഷ്യം സാധിതപ്രായമായിതീരുകയില്ല. റെയിഞ്ചറെ സംബന്ധിച്ച് ധാരാളം അഴിമതി ആരോപണങ്ങളും ഈ രാജ്യത്ത് സാധാരണമായിട്ടുള്ള സ്ഥിതിക്ക് ഡിപ്പാർട്ടുമെന്റിലിരിക്കുന്ന ഒരാളെ ഇത് ചുമതലപ്പെടുത്താൻ പാടില്ല. ഈ ചുമതല അതിലേക്ക് പ്രത്യേകമായി നിയോഗിക്കപ്പെടുന്ന റെയിഞ്ചറുടെ യോഗ്യതയുള്ള ഒരാൾക്ക് വിട്ടുകൊടുക്കണം. അഴിമതി ഒഴിവാക്കാൻ വേണ്ടിയാണിത്. ഈ ഫോറസ്റ്റർ ഡിപ്പാർട്ടുമെന്റിൽ നിന്നും, അഴിമതി ദൈവം വിചാരിച്ചാൽ പോലും ഒഴിവാകുകയില്ല. എന്റെ ഭേദഗതി അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഞാൻ പറഞ്ഞു. ഈ ഭേദഗതി കൂടി മന്ത്രി അംഗീകരിക്കണം. 'Specially deputed for the purpose.' ഈ ലക്ഷ്യത്തിനു വേണ്ടി സ്പെഷ്യലായിട്ട് ഡെപ്യൂട്ടുചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ ആതറൈസ്ഡ് ഓഫീസർ ആയിരിക്കണമെന്നാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭേദഗതി മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണം. അടുത്ത ഭേദഗതി 'such Officers' എന്നു പറഞ്ഞതിനു ശേഷം "not below the rank of a Divisional Forest Officer specially deputed for the purpose" എന്നുകൂടി ചേർക്കണം എന്നുള്ളതാണ്.

കുറച്ചു കൂടി ഉയർന്ന ഒരു ഉദ്യോഗസ്ഥൻ, പ്രത്യേകമായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ആയിരിക്കണം ഈ കാര്യം കൈകാര്യം ചെയ്യേണ്ടത് എന്നാണ് എന്റെ ഭേദഗതിയുടെ ഉദ്ദേശം. അത് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനംവകുപ്പു മന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, റെയിഞ്ചറുടെ തീരുമാനം അന്തിമമായ തീരുമാനമല്ല. അതിനു മുകളിൽ അപ്പീൽ അധികാരമുണ്ട്. സർക്കാരിന് ഇഷ്ടമുള്ള ആളെയാണ് ഇതിനുമേൽ അപ്പീൽ അധികാരമുള്ള ഉദ്യോഗസ്ഥനായിട്ട് വയ്ക്കുന്നത്. അതുകൊണ്ട് വേറെ ആളെ വയ്ക്കേണ്ട കാര്യമില്ല. റെയിഞ്ചറാണ് താഴെയുള്ള ഓഫീസർ, അതിനു മുകളിലുള്ള ആളെ മാത്രമേ അപ്പീൽ അധികാരത്തിന് വയ്ക്കാൻ പറ്റൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു, 3-ാം വകുപ്പിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri Kanam Rajendran: Sir, I move that in clause 4, sub-clause (1) for the words "cut, uproot or burn or cause to be cut, uprooted or burnt" substitute the words "cut, uproot burn or otherwise destroy or cause to be cut, uprooted, burnt or otherwise destroyed".

In clause 4, sub-clause (2) for the opening words "The permission under sub-section (i) shall not be refused" substitute the words "The permission under sub-section (i) may be granted".

In clause 4, sub-clause (2) in item (a) insert the words "or likely to constitute" after the words "the tree constitutes".

In clause 4, sub-clause (2) in item (b) delete the word "diseased".

In clause 4, sub-clause (2) the following proviso shall be added to item (c):

"Provided that before granting permission under clause (c) the authorised officer shall verify the plan of the proposed construction also".

ഈ മരം മുറിക്കുന്നത് സംബന്ധിച്ചുള്ള റസ്ട്രിക്ഷനെക്കുറിച്ച് പറയുന്നത് No person shall, without the previous permission in writing of the authorised officer, cut, uproot or burn, or cause to be cut, uprooted or burnt, any tree.

അതിൽ മുറിക്കുകയും പിഴുതെടുക്കുകയും തീവച്ചു നശിപ്പിക്കുകയും ചെയ്യുന്നത് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ സബ്ജക്ട് കമ്മറ്റി തന്നെ ഈ റിപ്പോർട്ടിനകത്ത് വരുത്തിയ ഭേദഗതിയനുസരിച്ച് 5-ാം വകുപ്പിലെ 2-ാം ഉപവകുപ്പിന്റെ ഭേദഗതി 'or otherwise destroyed' എന്ന് സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 'or otherwise destroyed' എന്ന് 5-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൽ അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്ക്, 4-ാം വകുപ്പിൽ തന്നെ 'or otherwise destroyed' എന്ന് കൂടി കൂട്ടിചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. മുറിക്കുകയോ കത്തിച്ചുകളയുകയോ മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

മറ്റു പല രീതിയിലും വൃക്ഷങ്ങളെ നശിപ്പിക്കുന്നുണ്ട്. ഇവിടെ തന്നെ പറഞ്ഞു മെർക്കുറി കുത്തിവച്ച് ഉണക്കിയതിനുശേഷം ഇത് ഉണങ്ങിപ്പോയിയെന്നു പറഞ്ഞ് മുറിച്ചുമാറ്റുന്നുണ്ട്. നെല്ലിയാമ്പതിയിലെ കഥ അങ്ങേയ്ക്കറിയാം, അവിടെ അണകെട്ടി നിർത്തിയിട്ട് വെള്ളം നിന്ന് അഴുകി മരം വീഴുന്ന സമയത്ത് അത് മുറിക്കാനുള്ള സൗകര്യമുണ്ടാകത്തക്ക നടപടികളും സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് സബ്ജക്ട് കമ്മറിന്റെ തീരുമാനത്തിനനുസരിച്ച് തന്നെയാണ് എന്റെ ഭേദഗതി. 5-ാം വകുപ്പിലെ 2-ാം ഉപവകുപ്പിൽ Subject Committee, "or otherwise destroyed" എന്ന് അംഗീകരിച്ചിട്ടുണ്ട്. അതു കൂടി ചേർത്തെങ്കിലെ 5-ാമത്തെ വകുപ്പിൽ ഉന്നയിച്ചതിന് യഥാർത്ഥ ഫലം ഉണ്ടാവുകയുള്ളു. അതുകൊണ്ട് അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, മറെറാരു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇത് മരം മുറിക്കുന്നത് തടയുന്നതിനുവേണ്ടിയുള്ളതാണ്. മരംമുറിക്കാൻ അനുവദിക്കുന്നതിനുവേണ്ടിയുള്ള നിയമമല്ല. അതിൽ ഈ പറയുന്ന പെർമിഷൻ കൊടുക്കുന്നതു സംബന്ധിച്ച് പറയുകയാണെങ്കിൽ, അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ, അപേക്ഷ റഫ്യൂസ് ചെയ്യാൻ പാടില്ല. 'The permission under sub-section (1) shall not be refused' എന്നുപറഞ്ഞാൽ താഴെപ്പറയുന്ന കാരണത്തിൽ ഒരു കാരണവശാലും തിരസ്ക്കരിക്കാൻ പാടില്ല. എന്റെ ഭേദഗതി 'may be granted' എന്നാക്കണം എന്നാണ്. നിയമം അനുസരിച്ച് അങ്ങനെയാണ് വേണ്ടത്. 'may be granted' എന്നാക്കുകയാണെങ്കിൽ പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കാനുള്ള അവകാശമുണ്ട്. 'shall not be refused' എന്നു പറയുന്നതും may be granted എന്നു പറയുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. അതുകൊണ്ട് മരം മുറിക്കുന്നത് നിയന്ത്രിക്കാനുള്ള നിയമമാണെങ്കിൽ 'may be granted' എന്നുണ്ടെങ്കിൽ മാത്രമേ കഴിയു. 'shall not be refused' എന്നുപറഞ്ഞാൽ, അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അത് 'shall not be refused' എന്നാണ് പറയുന്നത്. അതുകൊണ്ട് 'may be granted' എന്നാക്കി മാറ്റണമെന്നാണ് പറയുന്നത്.

അടുത്ത ഭേദഗതി ഞാൻ അവതരിപ്പിക്കാൻ കാരണം, "The tree constitutes a danger to life or property" എന്നാണ് പറയുന്നത്. മരം മുറിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അനുവാദം കിട്ടണമെന്നുണ്ടെങ്കിൽ അപകടമുണ്ടായിട്ടേ അനുവാദം കിട്ടാവൂയെന്നാണ് ഇപ്പോഴും ഇതിൽ പറയുന്നത്. അപകടമുണ്ടായിട്ട് പെർമിഷൻ കൊടുത്തിട്ട് കാര്യമില്ല. അതുകൊണ്ട് അപകടസാദ്ധ്യതയുണ്ടെങ്കിൽ അനുവാദം കൊടുക്കാമെന്നുള്ള ഒരു ഭേദഗതി വരുത്തണമെന്നുള്ളതാണ് എന്റെ 52-ാമത്തെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. 53-ാമത്തെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് "the tree is dead, diseased or windfallen" എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. ഡിസീസ്ഡ് എന്നുപറയുന്നതിൽ വളരെയധികം രോഗമുണ്ടാക്കാൻ സാദ്ധ്യതയുള്ള ഒരു വകുപ്പാണെന്നാണ് എനിക്ക് തോന്നുന്നത്. ആരാണ് രോഗമുണ്ടോയെന്ന് തീരുമാനിക്കുന്നത് ? ഡോക്ടർക്ക് സർട്ടിഫൈ ചെയ്യുവാൻ പറ്റുകയില്ല. ഡിസീസ്ഡ് എന്നുള്ളതിന്റെ മറവിൽ ഏതുവിധത്തിലാണെങ്കിലും നിയമം മറികടക്കുവാനുള്ള സാദ്ധ്യത കൂടുതലുണ്ടെന്നുള്ളതുകൊണ്ട് ഡിസീസ്ഡ് എന്നുള്ളത് എടുത്തു കളയണമെന്നുള്ളതാണ് എന്റെ 53-ാമത്തെ ഭേദഗതി. 54-ാമത്തെ ഭേദഗതി വീടിനുവേണ്ടി മരം മുറിക്കുന്നതിനെ സംബന്ധിച്ചാണ്. സ്വന്തം വീടിനുവേണ്ടിയെന്നു പറഞ്ഞിട്ടാണ് അത് പറയുന്നത്. ഞാൻ അത് വിശദമായി പറയുന്നില്ല. വീടിനുവേണ്ടി എന്തു മാത്രം മരങ്ങളും വേണമെങ്കിലും മുറിച്ചെടുക്കാൻ പറ്റുമോ ? ഓരോരുത്തരും കുറെ വീടു പണിയാൻ തുടങ്ങിയാൽ മതിയല്ലോ ? അതുകൊണ്ടാണ് 54-ാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്. "Plan of the proposed construction" പരിശോധിക്കാനുള്ള അധികാരം വേണം. അതല്ലെങ്കിൽ വളരെ കൂടുതൽ മരം മുറിച്ചുമാറ്റുന്നതിനുള്ള സൗകര്യമുണ്ടാകും. ആ സാഹചര്യത്തിൽ 50, 51, 52, 53, 54 എന്നീ ഭേദഗതികളും അംഗീകരിച്ചാൽ മാത്രമേ ഈ ബിൽ ഫലപ്രദമാകുകയുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരൻ : Sir, I move that in clause 4 delete sub-clause (3) ക്ലാസ്സ് നാലിൽ സബ് ക്ലാസ്സ് മൂന്ന് എടുത്തുകളയണമെന്ന അഭിപ്രായമാണെനിക്കുള്ളത്. മരത്തിന്റെ കൊമ്പ് പല കാരണങ്ങളാലും മുറിക്കേണ്ടിവരും. കൊമ്പ് ഇതിൽപ്പെടുത്തുന്നത് ബുദ്ധിമുട്ടാണ്. അങ്ങനെ മരത്തിന്റെ കൊമ്പ് മുറിക്കുന്ന കാര്യം ഇതിൽപ്പെടുത്തണമെന്ന് നിർബന്ധമുണ്ടെങ്കിൽ അതിൽ ക്ലാസ്സ് 4 സബ് ക്ലാസ്സ് (2) എ, ബി പ്രകാരമുള്ള കാര്യങ്ങളും ബാധകമാക്കിയെടുക്കണം. കൊമ്പ് ഏതെങ്കിലും തരത്തിൽ അപകടകരമായി നിൽക്കുകയാണെങ്കിൽ, സ്വത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ നിൽക്കുകയാണെങ്കിൽ, രോഗംപിടിച്ച് നിൽക്കുകയാണെങ്കിൽ, ചെത്തു നിൽക്കുകയാണെങ്കിൽ, കാറ്റത്ത് വീഴത്തക്കവണ്ണം നിൽക്കുകയാണെങ്കിൽ അതൊക്കെ ബാധകമാക്കണം. അതല്ലെങ്കിൽ ഈ കൊമ്പു കൊണ്ട് വലിയ പ്രയാസം വരും. മരത്തിന്റെ കൊമ്പിനെക്കൊണ്ട് പറമ്പിൽ താമസിക്കുന്നവരെ ഉപദ്രവിക്കരുതേയെന്നാണ് ബഹുമാനപ്പെട്ട മൂറുദ്ദീനോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

Shri Varkala Radhakrishnan : Sir, I move that in clause 4 in the proviso to sub-clause (3) add the following at the end namely :—or for the removing public nuisance. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ ലക്ഷ്യത്തെ മുൻനിറുത്തിയുള്ളതാണ് എന്റെ ഭേഗേതി. ക്രിമിനൽ പ്രൊസിഡ്യൂവർ കോഡ് 133 അനുസരിച്ച് പരാതി കൊടുത്താൽ പൊതുജനങ്ങൾക്ക് ശല്യം ചെയ്യുന്ന മരങ്ങൾ മുറിക്കാം, മരത്തിന്റെ കൊമ്പുകൾ മുറിക്കാമെന്നുണ്ട്. നമ്മുടെ നാട്ടിലുള്ള നിയമത്തിൽത്തന്നെ ഇതിന് ഇന്ന് വ്യവസ്ഥയുണ്ട്. ഈ നിയമം നിലവിൽ വന്നാൽ അതിനുള്ള അധികാരം ഇല്ലാതാകും. ക്രിമിനൽ പ്രൊസീഡ്യൂവർ കോഡ് 133 അനുസരിച്ച് ആർ.ഡി.ഒ. ആണ് മരം മുറിക്കുന്നതിനുള്ള ഓർഡർ പാസാക്കുന്നത്. ഈ നിയമം നിലവിൽ വരുന്നതോടുകൂടി അതിനുള്ള അധികാരമില്ലാതെയാകും. അടുത്തുള്ള ഒരു കിണർ ഉടമസ്ഥന്റെ അടുത്ത് വൃക്ഷത്തിന്റെ കൊമ്പു നീണ്ടുനിന്നാൽ അത് മുറിച്ചുമാറേണ്ടതാണ്. ആ നിലയിൽ പൊതുജനങ്ങൾക്ക് ശല്യം ചെയ്യുന്ന വൃക്ഷങ്ങളുടെ ശ്രോത്ത് ശാഖകളും മുറിക്കുന്നതുംപ്പെടെ ഇതിന്റെ പ്രൊവിസോയിൽ ചേർക്കണമെന്നാണ് എന്റെ ഭേഗേതി കൊണ്ടുദ്ദേശിക്കുന്നത്. അതിനുവേണ്ടിയാണ് ഈ ഭേഗതിയിൽ ഇങ്ങനെ എഴുതിയിട്ടുള്ളത്. For the removing public nuisance എന്നാണ് അവസാനമായി ചേർക്കേണ്ടത്. പൊതുജനങ്ങൾക്ക് ശല്യമാകത്തക്ക നിലയിൽ വൃക്ഷങ്ങളും വളർന്നുകഴിഞ്ഞാൽ ആ വൃക്ഷത്തിന്റെ ശിഖരങ്ങളും മുറിക്കാൻകൂടി അനുവാദം നൽകുന്ന നിലയിൽ ഭേഗേതി വരുത്തണമെന്നാണ് എന്റെ ഭേഗതികൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ കെ.വി. സുരേന്ദ്രനാഥ് : Sir, I move that in clause 4 in the proviso to sub-clause (5) for the words "one hectare" wherever they occur the words "half a hectare" shall be substituted. ബില്ലിൽ നിർദ്ദേശിച്ചിരുന്നത് 0.8 ഹെക്ടർ എന്നാണ്. അത് സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നപ്പോൾ ഒരു ഹെക്ടറായി വർദ്ധിച്ചു. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഹെക്ടറെന്നുപറഞ്ഞാൽ രണ്ടര ഏക്കറോളം വരുന്ന സ്ഥലമാണ്. രണ്ടര ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥൻമാരെന്നു പറയുന്നത് ധനികകൃഷിക്കാരിൽ പെടുന്നവരാണ്. വലിയ മരങ്ങൾ വലിയൊരു ക്യാപ്പിറ്റൽ അസറ്റ്സ് ആണ്. പാവപ്പെട്ടവരുടെ പേരിൽ അത്തരമാളുകളെ സംരക്ഷിക്കുന്ന നിലയിലേക്കു പോകാൻ പാടില്ല. അതുകൊണ്ട് അത് അര ഹെക്ടറാക്കി ചുരുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. സീതിഹാജി : Sir, I move that in clause (4) in the proviso to sub-clause (5), for the words "one hectare" wherever they occur substitute the words "fifteen acres". ശ്രീ. കെ. വി. സുരേന്ദ്രനാഥിനെതിരായിട്ടുള്ളതാണ് എന്റെ ഭേദഗതി. ഇവിടെ ഒരാളിന് 15 ഏക്കർ ഭൂമി കൈവശം വയ്ക്കാം. ഒരാളിന് നാലു മക്കളുണ്ടെങ്കിൽ ആ പതിനഞ്ച് ഏക്കർ നാലായി വീതിച്ചുകൊടുക്കുന്നു. അവർക്ക് അവിടെ ഒരു വീടുവയ്ക്കണമെങ്കിൽ അവിടെ നിൽക്കുന്ന മരം മുറിക്കണം. മരം മുറിക്കാൻ കഴിയുകയില്ല. ഇവിടത്തെ നിയമപ്രകാരം ഒരാളിന് കൈവശം 15 ഏക്കർ വയ്ക്കാൻ അധികാരമുണ്ട്. ആ 15 ഏക്കർ നാലു മക്കൾക്കായി വീതിച്ചുകൊടുക്കുമ്പോൾ അവിടെയുള്ള മരം മുറിച്ചുകളഞ്ഞാലല്ലേ വീടുവയ്ക്കുവാൻ കഴിയുകയുള്ളൂ. പിന്നെ ചീനി നിൽക്കുന്ന കാര്യം പറഞ്ഞു. ഒരേക്കർ സ്ഥലത്ത് ഒരു ചീനിയുണ്ടാകും. അങ്ങനെയുള്ള പറമ്പുകളും ഉണ്ട്. ശ്രീ. കെ. വി. സുരേന്ദ്രനാഥ് പറഞ്ഞതിനോട് എനിക്ക് യോജിക്കുവാൻ കഴിയുകയില്ല. ഞങ്ങളുടെ മലബാർ പ്രദേശത്ത് പത്തും പന്ത്രണ്ടും ഏക്കറാണ് ഒരു വീട്ടുവളപ്പ്. അവിടെത്തന്നെയാണ് കൃഷിയും താമസവുമൊക്കെ. അവിടെ മരം മുറിക്കണമെങ്കിൽ ഇത്തരം നിയന്ത്രണം വന്നാൽ കാര്യം അപകടത്തിലാകും. അതുകൊണ്ട് ഒരാൾക്ക് കൈവശം വയ്ക്കാവുന്ന പരിധി 15 ഏക്കറെന്നാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ശ്രീ. കാനം രാജേന്ദ്രൻ 50-ാമത്തെ ഭേദഗതിയിൽ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല സെക്ഷൻ 5 അനുസരിച്ച് നോട്ടിഫൈ ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം സബ്ജക്ട് കമ്മിറ്റി ഭേദഗതി വരുത്തിയതനുസരിച്ച് ബാധകമാണ്. കൃഷിക്കാർ അവരുടെ സ്ഥലത്ത് അങ്ങനെയൊരു തിരിമറി നടത്തുകയില്ലെന്നുള്ള ഉത്തമവിശ്വാസത്തിൽ നമുക്ക് അത് എടുക്കാവുന്നതാണ്. 52-ാമത്തെ ഭേദഗതിയിൽ മറ്റൊരു കാര്യം പറഞ്ഞു. അനുവാദം നിഷേധിക്കുന്നുവെന്ന് പറഞ്ഞു. അനുവാദം നിഷേധിക്കരുതെന്നുമാത്രമേയുള്ളൂ. അതുകൊണ്ട കൊടുക്കുന്നത് അംഗീകരിച്ചുകൊള്ളണമെന്നില്ല. അതുപോലെതന്നെ അപകടസാദ്ധ്യതയുള്ള മരങ്ങൾ കൂടി ചേർക്കണമെന്നു പറഞ്ഞു. അപകടസാദ്ധ്യതയുള്ളത് നമുക്ക് അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. അത് ഒഴിവാക്കിയാൽ മറ്റുള്ള മരങ്ങൾക്കുകൂടി അത് ബാധകമാകുമെന്നു പറഞ്ഞു. അത് അത്ര ശരിയല്ല. ആസൈസ്ഡ് ഓഫീസർ അനുവാദം നൽകുന്നതിനുമുമ്പ് സാകേതികമായിട്ട് മരത്തിനെക്കുറിച്ച് പഠിക്കാനും പരിശോധിക്കാനുമുള്ള വ്യവസ്ഥ ഉണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇത് ഒഴിവാക്കണമെന്നു പറഞ്ഞു. അത് ഒഴിവാക്കിക്കഴിഞ്ഞാൽ കൊമ്പു വെട്ടുന്നതിന്റെ പേരിൽ മറ്റു മരങ്ങൾ വെട്ടിക്കൊണ്ടുപോകാൻ സാദ്ധ്യതയുണ്ട്. അതുപോലെതന്നെ വർക്കല രാധാകൃഷ്ണൻ പറഞ്ഞു രണ്ടും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന്. അദ്ദേഹം കുറെക്കൂടി കർശനമാക്കണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു ഒഴിവാക്കണമെന്ന്. അതുതന്നെ പരസ്പാവിരുദ്ധമാണ്. എന്തായാലും നിലവിലുള്ള നിയമപ്രകാരംതന്നെ അദ്ദേഹം പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

താൽപ്പര്യം സംരക്ഷിക്കാൻകഴിയും. പിന്നെ ശ്രീ. സീതി ഹാജി പറഞ്ഞു 15 ഫുക്കറാക്കണമെന്ന്. അങ്ങനെ വന്നാൽ പിന്നെ ഈ നിയമത്തിന്റെ ആവശ്യം ഇല്ലെന്നില്ല. അതുകൊണ്ട് ചെറുകിട കൃഷിക്കാരെയും പാവപ്പെട്ടവരെയും സംരക്ഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് അവർകൾ പറയുകയുണ്ടായി ചുരുക്കണമെന്നു പറഞ്ഞു. നല്ല ആശയമാണ്. അദ്ദേഹത്തിന്റെ നല്ല മനസ്സിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ കൃഷിക്കാർക്ക് ഒരു ഫെസിലിറ്റിയർവരെ അനുവദിച്ചുകൊടുക്കേണ്ടതാവശ്യമാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. സീതി ഹാജി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

5-ാം വകുപ്പ്

Shri K. V. Surendranath: Sir, I move that—After clause 4, in place of existing clause 5, the following clause shall be substituted and the subsequent clauses shall be renumbered appropriately. "5. No tree to be cut without the permission of authorised officer. No tree which does not measure more than the measurement specified by Government under the rules as prescribed in Clause 23 shall be cut without the previous permission of the authorised Officers.

Explanation

For the purposes of this clause "tree" shall include any species of tree.

സർ, ഇവിടെ അച്ചടിച്ചു വന്നിരിക്കുന്നതിൽ എന്റെ ആശയം ശരിയായിട്ട് വന്നിട്ടില്ല. ഒരു പ്രത്യേക ഗർത്തം കവിഞ്ഞ് ഉള്ളതും, ഒരു പ്രത്യേക ഗർത്തിലെത്തിയിട്ടില്ലാത്തതുമായ—പ്രായം കുറഞ്ഞ മരങ്ങൾ, ഗർത്തം വളർന്ന് വളരെ പ്രായമായ മരങ്ങൾ—ഇത് രണ്ടും വെട്ടുന്നതിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നുള്ളതാണ്. അതിന്റെ ഗർത്തം എത്രയായിരിക്കണമെന്നുള്ളതിന് ഈ നിയമത്തിൽ തന്നെ സ്പെസിഫൈ ചെയ്യുന്നതിനു പകരം, ഗവൺമെന്റ് റൂൾസ് നോക്കുമ്പോൾ ആ റൂൾസിൽ സ്പെസിഫൈ ചെയ്യുകയും, ആ റൂൾസിൽ സ്പെസിഫൈ ചെയ്തിട്ടുള്ള ഗർത്തിന്റെ പരിധിയിൽപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണ് ബില്ലിന്റെ ആശയം. അതിനാൽ ഈ ഭേദഗതി നിർബന്ധമായി ചെയ്യണം. ഇല്ലെങ്കിൽ ചെറിയ മരങ്ങൾ പല കാരണങ്ങൾ കൊണ്ട് മുറിച്ചുമാറ്റിയെന്നുവരും, മരങ്ങളുടെ വളർച്ചയ്ക്ക് തടസ്സമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ നിൽക്കേണ്ട വലിയ മരങ്ങളും മുറിച്ചെന്നും വരും. അത് രണ്ടും തടയേണ്ടതാവശ്യമാണ്. ഈ ബില്ലിന്റെ ഉദ്ദേശങ്ങളും നിറവേറ്റുന്നതിന് ഇതിന്റെ പ്രീ-ആമ്പിളിൽ പറഞ്ഞിരിക്കുന്നതുപോലെ 'Valuable timber' എന്നുള്ളതു വിട്ടിട്ട് വൃക്ഷങ്ങളും സംരക്ഷിക്കേണ്ട വളരെ അടിസ്ഥാനപരമായ താൽപ്പര്യങ്ങളുംകൂടി പരിഗണിച്ച് ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri Kanam Rajendran:—Sir, I move that....In clause 5, sub-clause (i) in the opening sentence for the words "areas cultivated with cardamom" substitute the words "areas cultivated with any cash crop".

നോട്ടിഫൈഡ് ഏരിയാസ് ഏതൊക്കെയാണെന്ന് തീരുമാനിക്കുന്നതിൽ ഇവിടെ പറഞ്ഞിരിക്കുന്നത് any other areas cultivated with cardomom എന്നാണ്. Cardamom hill reserve കഴിഞ്ഞതിനുശേഷമാണ് any other areas cultivated with Cardamom അവിടെയാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. "Any other areas cultivated with Cardamom" Substitute the words "areas cultivated with any cash Crop" Cardamom hill reserve ആയി കിടക്കുന്ന സ്ഥലത്തും, അതിനുശേഷം ഏലം വച്ചുപിടിപ്പിച്ചു കൊണ്ടിരുന്ന സ്ഥലങ്ങളിലും, ഇടുക്കി ജില്ലയിലെ പല ഭാഗങ്ങളും ഇപ്പോൾ കൺവർട്ട് ചെയ്ത് കോഫിപ്ലാന്റേഷനായി മാറിക്കൊണ്ടിരിക്കുകയാണ്. കോഫീബോർഡിൽ നിന്നും വളരെ കൂടുതൽ ലോൺ എടുത്തുകൊണ്ട് കാപ്പി കൃഷിക്കെന്ന വ്യാജേന മരങ്ങൾ വെട്ടിമാറ്റാനുമൊക്കെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തേക്കടിക്കടുത്തുതന്നെ നൂറുകണക്കിന് ഏക്കർ ഭൂമി അങ്ങനെ മാറിക്കൊണ്ടിരിക്കുന്നതായി കഴിഞ്ഞനാൾ നിയമസഭയിൽതന്നെ പറഞ്ഞു. അതുകൊണ്ട് ഇനിയിപ്പോൾ കാർഡ്മം കൃഷിചെയ്യുന്ന സ്ഥലത്തായി മാത്രം ഇത് റെസ്ട്രിക്ട് ചെയ്താൽ കാർഡമം വളരെ വേഗത്തിൽ മറ്റേതെങ്കിലും Cash Crop ആയി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ഈ നോട്ടിഫിക്കേഷൻ ബാധകമല്ലാതായി വരും. അതുകൊണ്ട് ഇങ്ങനെയൊരു വൻ സൗകര്യം അതിൽനിന്നുണ്ടാകുന്നുണ്ട്, അതിനാൽ അതുകൊണ്ട് അപകടമുണ്ട്. അതുകൊണ്ടാണ് അതിൽ ഭേദഗതി വരുത്തണമെന്ന് ഞാൻ പറയുന്നത്. രോഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞ വകുപ്പിൽ ഞാൻ പറഞ്ഞത് മനസിലാകാത്തതുകൊണ്ട് 64-ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല.

"Sir, I also move that ....In clause 5 sub-clause (2) Explanation II for the words, brackets and figure "sub-section (2)" substitute the words, brackets and figures "sub-section (1)".

സെക്ഷൻ (2)-ൽ പറയുന്നത് പ്രൈവറ്റ് ഫോറസ്റ്റിനെ സംബന്ധിച്ചാണ്. സബ് സെക്ഷൻ (2) അത് എക്സ്പ്ലനേഷനാണ്. എക്സ്പ്ലനേഷൻ (2)-ൽ പറയുന്നത് For the purposes of sub-section (2), the expression "private forest" means any land which immediately before the 10th day of May, എന്നു പറഞ്ഞ് അത് കണ്ടിനൃൂ ചെയ്യുകയാണ്. സബ്-സെക്ഷൻ (2)-ൽ അങ്ങനെയൊരു പ്രൈവറ്റ് ഫോറസ്റ്റിനെക്കുറിച്ചേ പറയുന്നില്ല. സബ്-സെക്ഷൻ (2)-ൽ No person shall, without the previous permission in writing of the authorised officer, അത് മാത്രമേ പറയുന്നുള്ളൂ. അതിനകത്ത് പ്രൈവറ്റ് ഫോറസ്റ്റ് എന്ന ഒരു വാക്കേ പറയുന്നില്ല. എന്നാൽ, അതേ സമയം സബ്-സെക്ഷൻ (1)-ൽ ആണ് അത് പറഞ്ഞിട്ടുള്ളത്. അത് സബ്-സെക്ഷൻ (1) ആക്കി മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Chandrasekharan: Sir, I move that....In clause 5 in the opening sentence of sub-clause (1) for the words "or in any other areas" substitute words "or in any other hill areas".

5-ാം വകുപ്പ് പ്രകാരം നോട്ടിഫൈ ചെയ്യാനുള്ള അധികാരം ഗവൺമെൻറിനാണ്. ആ നോട്ടിഫിക്കേഷൻ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരേണ്ടതില്ല. ആ നോട്ടിഫിക്കേഷൻ ഈ 5-ാം വകുപ്പിൻെറ ക്ലാസിഫിക്കേഷൻ പ്രകാരം മൂന്നു കരാറാണ് വച്ചിരിക്കുന്നത്.

(1) സ്വകാര്യവനം

(2) കാർഡമം ഹിൽസ് റിസർവ്വ്

(3) മറേറതെങ്കിലും സ്ഥലം

ഇതിൻെറ സ്ക്കീം നോക്കുകയാണെങ്കിൽ ഈ സ്ഥലം എന്താണെന്ന് പ്രത്യേകം പറയണം. അതുകൊണ്ട് 'any other area' എന്നുള്ളതിനു പകരം 'any other hill area'—കുന്നിൻപ്രദേശം—ആണ് ഇതിൽ തരം തിരിവായിട്ടുള്ളത്. ആ തരംതിരിവിൻെറ അടിസ്ഥാനത്തിൽ ഈ 'area' എന്നുള്ളത് ഏതാണ് എന്ന് അറിയപ്പെടാതിരിക്കാൻ പാടില്ല—'hill area' ആയിരിക്കണം.

Shri Varkala Radhakrishnan: Sir, I move that....In clause 5 in the proviso to sub-clause (1) add the following at the end, namely:—"or for the removal of public nuisance".

സർ, ഈ ഭേഗതി ഞാൻ നേരത്തേ അവതരിപ്പിച്ച ഭേഗതിയോട് സമാനമായിട്ടുള്ളതാണ്. ഇതിൽ ചില വൃക്ഷങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. മുറിക്കേണ്ടതിന് അനുവാദം വാങ്ങേണ്ടതില്ലാത്തവ ആ കൂട്ടത്തിൽ നേരത്തേ ഞാൻ സൂചിപ്പിച്ചതുപോലെ തന്നെ പൊതുജനങ്ങൾക്ക് ശല്യമുണ്ടാകുന്ന നിലയിൽ വളർന്നുവരുന്ന വൃക്ഷങ്ങളെ ഇതിൻെറ പരിധിയിൽ നിന്ന് ഒഴിവാക്കണം. അത് മുറിച്ചുകളയേണ്ടത് പൊതുജനങ്ങളുടെ താൽപ്പര്യമാണ്. അതുകൊണ്ട് ഇങ്ങനെ ഭേഗതി വരുത്തണമെന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

Shri P. Seethi Haji: Sir, I move that....In cause 5 sub-clause (1) delete the words "or in the Cardamom Hills Reserve or in any other areas cultivated with Cardamom".

സർ, ഇതിൽ കാർഡമം എസ്റേറാറ് ഒഴിവാക്കിയിരിക്കുകയാണ്. കാപ്പി എസ്റേറാറിലെ മരം മുറിക്കാം, റബ്ബർ എസ്റേറാറിലെ മരം മുറിക്കാം. കാർഡമം എസ്റേറാറ് വച്ച് പിടിപ്പിക്കണമെങ്കിൽ ഒരേക്കറിൽ ചുരുങ്ങിയത് 80 മരമെങ്കിലും വേണം. ഇന്ന് ആ കാടുകളൊക്കെ പന്തലിച്ചു നിൽക്കുകയാണ്. ക്രോപ്പു കുറയുകയാണ്. കർണ്ണാടകയിലും തമിഴ് നാട്ടിലും ഒരേക്കറിൽ നിന്ന് നാല് മരം മുറിക്കാനുള്ള അനുവാദം ഉണ്ട്. അതുപോലെ ഇവിടെയും ആ അനുവാദം കൊടുത്താൽ മരത്തിൻെറ ക്ഷാമം കുറെ തീരുകയും, നമ്മുടെ ഏലം കൃഷി വികസിക്കുകയും ചെയ്യും. ഇന്ന് നമ്മുടെ സംസ്ഥാനത്ത് മരത്തിൻെറ ക്ഷാമംകൊണ്ട് ആസ്ട്രേലിയായിൽ നിന്നും, മലേഷ്യയിൽ നിന്നും ലക്ഷക്കണക്കിന് രൂപയുടെ തടികൾ ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ട്. എത്രയോ ഫോറിൻ എക്സ്ചേഞ്ചുകൾ നടന്നുപോകുന്നു. ഈ മരങ്ങളെല്ലാം വീണ് നശിക്കുന്നു. അത് കൊണ്ടുപോകാൻ വഴിയില്ല; കത്തിപ്പോകുന്നു; എസ്റേറാറ് നശിച്ചുപോകുന്നു. അതുകൊണ്ട് കോഫി എസ്റേറാറിന് ബാധകമാക്കിയതുപോലെ കാർഡമം എസ്റേറാറിനെയും ഇതിൽ ഉൾപ്പെടുത്തണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ഭേദഗതി നമ്പർ 61-ൽ ബഹുമാനപ്പെട്ട കെ. വി. സുരേന്ദ്രനാഥ് പറഞ്ഞ കാര്യം ചെറുതും വലുതുമെന്നുള്ളതില്ല, മൊത്തമായി മരം മുറിക്കുന്നതിനെയാണ് നിയന്ത്രിക്കുന്നത്. അതുകൊണ്ട് ചെറിയ മരം, വലിയ മരം എന്ന് പ്രത്യേകമായി എഴുതേണ്ട കാര്യമില്ല. ഇതിനു പുറമേ 10 ഇനം മരങ്ങൾ മുറിക്കുന്നതിനും, ഇപ്പോൾ നിയന്ത്രണം നിലവിലുണ്ട്. ആ നിയന്ത്രണം ഫലപ്രദമാക്കിയാൽ അതിന്റെ ബുദ്ധിമുട്ട് അതോടുകൂടി പരിഹരിക്കപ്പെടും.

ഭേദഗതി നമ്പർ 62-ൽ ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞിട്ടുള്ളത് മറ്റ് തോട്ടങ്ങളിലേക്കും ബാധകമാക്കണമെന്നാണ്. ഏലത്തോട്ടത്തിൽ മരം നില നിൽക്കേണ്ടത് അത്യാവശ്യമാണ്. മറ്റ് തോട്ടങ്ങളിൽ മരം നിലനിൽക്കേണ്ടത് അത്യാവശ്യമില്ല.

ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരൻ ഇവിടെ ഹിൽ ഏരിയയിലാണ് ഏലത്തോട്ടങ്ങളുണ്ടാക്കുന്നത്, അതുകൊണ്ട് അത് പ്രത്യേകമായി എടുത്തു പറയേണ്ട കാര്യമില്ല. ഇത് ശ്രീ. വർക്കല രാധാകൃഷ്ണനും പറഞ്ഞിട്ടുണ്ട്. സെക്ഷൻ (5)-ലെ 1 (എ) ഇത് കണക്കിലെടുത്തുകൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. കാനം രാജേന്ദ്രന്റെ 67-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ള കാര്യം കുറെക്കൂടി വിപുലമാക്കുന്നതിനുവേണ്ടി അത് ഗവൺമെന്റ് അംഗീകരിക്കുകയാണ്.

ശ്രീ. പി. സീതിഹാജി അവതരിപ്പിച്ച ഭേദഗതിയെക്കുറിച്ച് ഞാൻ നേരത്തേ പറഞ്ഞു, ഏലത്തോട്ടത്തിൽ മരത്തിന്റെ ആവശ്യമുണ്ട്, മറ്റ് തോട്ടങ്ങളിൽ ആവശ്യമില്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച 61-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 62-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച താഴെ പറയുന്ന ഭേദഗതി സഭ അംഗീകരിച്ചു. In clause 5 sub-clause (2) Explanation II for the words, brackets and figure "sub-section (2)" "substitute the words, brackets and figure "sub-section (1)".

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. സീതിഹാജി അവതരിപ്പിച്ച ഭേദഗതി സഭയുടെ അംഗീകാരത്തോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ക്ലാസ് 6

Shri Kanam Rajendran: Sir, I move that in clause 6, sub-clause (1) insert the words "shall bear court fee stamp worth Rs. 2 and" after the words 'for permission under section 4 or section 5".

ഞാൻ ഇത് പ്രസ് ചെയ്യുകയില്ല എന്ന് ഇപ്പോഴെ പറയുന്നു. ഞാൻ സംസാരിക്കുന്നില്ല. സർക്കാരിന് വരുമാനം ഉണ്ടാക്കാനുള്ള ഒരു വകുപ്പ് ഞാൻ കാണിച്ചുകൊടുത്തു എന്നേയുള്ളൂ. അദ്ദേഹത്തിന് വേണമെങ്കിൽ അത് സ്വീകരിക്കാവുന്നതാണ്. എനിക്ക് നിർബന്ധം ഇല്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly